32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 15, 2024 | Vol. XXXII No. 46 | Periodicals Postage Paid






ചരിത്രവിജയം നേടിയ

അമേരിക്കയുടെ 47–ാമത്തെ

നിയുക്ത പ്രസിഡണ്ട്

ഡോണൾഡ് ട്രംപിന്

കേരളാ എക്സ്പ്രസ്സിന്റെ

അഭിനന്ദനങ്ങളും

ആശംസകളും!

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** | ATLANTA : 404 633 4200 | CHICAGO: 312 757 4700

**EXPERIENCE PERSONAL ATTENTION RESULTS**


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com


## 4th Death Anniversary

**11-18-2024**



## JOHN IDIYALIL

**BLOOMINGDALE**

**ILLINOIS**

Inserted by: Sorrowing Family

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 അതിവേഗ വിസ സമ്പ്രദായം കാനഡ നിർത്തി
6 ഇന്ത്യക്ക് വെല്ലുവിളിയും അവസരവും
8 വിദ്യാർത്ഥികളെ പേടിക്കേണ്ട സ്ഥിതി
20 സിഎംഎ കേരളപ്പിറവി ദിനാഘോഷം
29 ജിമ്മി ജോർജ് സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റ്

# ചരിത്രനേട്ടവുമായി വീണ്ടും ട്രംപ്


ഡോണൾഡ് ട്രംപ്


ജെ.ഡി. വാൻസ്

സ്വന്തം ലേഖകൻ

വാഷിംഗ്ടൺ ഡിസി: യു.എസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഡോണൾഡ് ട്രംപ് ചരിത്രവിജയം നേടി. ഔദ്യോഗിക ഫലപ്രഖ്യാപനം 2025 ജനുവരി 6-ാം തീയതി ആണെങ്കിലും 538 ഇലക്ടറൽ വോട്ടുകളിൽ മാജിക് നമ്പർ ആയ 270-ന് മുകളിൽ ട്രംപ് എത്തിയതോടെ അമേരിക്കയുടെ 47-ാമത്തെ പ്രസിഡണ്ടായി ഡോണൾഡ് ട്രംപ് തെരഞ്ഞെടുക്കപ്പെടുമെന്ന് ഉറപ്പായി. നിലവിൽ ട്രംപിന് 312 ഇലക്ടറൽ വോട്ടുകളും കമല ഹാരിസിന് 226-ഉം ലഭിച്ചിട്ടുണ്ട്. പോപ്പുലർ വോട്ടുകളുടെ കാര്യത്തിലും ട്രംപ് ബഹുദൂരം മുന്നിലാണ്. ട്രംപിന് 74 മില്യനിലധികവും ഹാരിസിന് 70 മില്യനിലധികവും വോട്ടുകൾ ലഭിച്ചു. ഇത്തവണ ഏഴ് സ്വിങ്ങ് സ്റ്റേറ്റുകളിലും ട്രംപ് ആധിപത്യം നേടി.

സെനറ്റിലും ജനപ്രതിനിധി സഭയിലും വ്യക്തമായ ഭൂരിപക്ഷം റിപ്പബ്ലിക്കൻ പാർട്ടി നേടിയിട്ടുണ്ട്. ഏറ്റവും പ്രായംകുറഞ്ഞ 3-ാമത്തെ വൈസ് പ്രസിഡണ്ടായ ജെ.ഡി. വാൻസിന്റെ (40) പങ്കാളി ഇന്ത്യൻ വംശജയായ ഉഷ വാൻസ് അഥവാ ഉഷ ചിലുകുരി. ഉഷയുടെ വേരുകൾ ആന്ധ്രാപ്രദേശിലാണെന്നുള്ളത് ഇന്ത്യക്കാർക്ക് അഭിമാനകരം. ഉഷയുടെ ജനനം കാലിഫോർണിയായിലാണ്. സാൻഡിയാഗോയിലായിരുന്നു കുട്ടിക്കാലം. 2013-ൽ യേൽ ലോ സ്കൂളിലെ പഠനകാലത്താണ് ജെ.ഡി. വാൻസിനെ കണ്ടുമുട്ടിയത്. 2014-ൽ വിവാഹിതരായ വാൻസ്-ഉഷ ദമ്പതികൾക്ക് മൂന്ന് മക്കളുണ്ട്- ഇവാൻ, വിവേക്, മിറാബെൽ.

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ നിരവധി ലോകനേതാക്കൾ ട്രംപിന് അഭിനന്ദനങ്ങൾ അറിയിച്ചു. അതിർത്തികൾ ഉടൻ അടയ്ക്കുമെന്നും ഒരു അനധികൃത കുടിയേറ്റക്കാരനെയും അമേരിക്കയിലേക്ക് പ്രവേശിപ്പിക്കില്ലെന്നും ട്രംപ് പറഞ്ഞു. (ശേഷം 4-ാം പേജിൽ)

# ഐഎഎസ് വിവാദം; കടുത്ത നടപടിക്ക് സർക്കാർ

തിരുവനന്തപുരം: ഐഎഎസ് പോരിൽ തളർന്ന സർക്കാർ ഒടുവിൽ കടുത്ത നടപടിയിലേക്കു കടക്കുന്നു. സർവീസ് ചട്ടം ലംഘിച്ച് മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനെതിരെ തുടർച്ചയായി കടുത്ത വിമർശനം നടത്തിയ കൃഷിവകുപ്പ് സ്പെഷൽ സെക്രട്ടറി എൻ. പ്രശാന്തും മത അടിസ്ഥാനത്തിൽ ഐഎഎസ് ഉദ്യോഗസ്ഥരുടെ വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച് സർക്കാരിന് അവമതിപ്പുണ്ടാക്കിയ വ്യവസായ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണനുമെതിരെ നടപടി ശിപാർശ ചെയ്തുകൊണ്ടുള്ള ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് മുഖ്യമന്ത്രിക്കു കൈമാറി. അതിനിടെ, ഐഎഎസ് രംഗത്തുണ്ടായ പ്രശ്നങ്ങളെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നതെന്ന് മന്ത്രി കെ. രാജൻ. കൃത്യമായ നിലപാട് ആയിരിക്കും സർക്കാർ സ്വീകരിക്കുക. ആരോടെങ്കിലും പ്രത്യേകിച്ച് പ്രീണനമോ വിവേചനമോ ഉണ്ടാകില്ല. കൃത്യമായ നിലപാടെടുത്തു മുന്നോട്ടു പോകുമെന്നും രാജൻ പറഞ്ഞു.

രണ്ട് ഐഎഎസ് ഉദ്യോഗസ്ഥർക്കുമെതിരെ എന്ത് അച്ചടക്ക നടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ മുഖ്യമന്ത്രി അന്തിമ തീരുമാനമെടുക്കും. ചീഫ് സെക്രട്ടറിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഐഎഎസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രിക്കു മാത്രമാണ് കഴിയുക.

ഐഎഎസ് ഉദ്യോഗസ്ഥരായ എൻ. പ്രശാന്തിന്റെയും കെ. ഗോപാലകൃഷ്ണന്റെയും നടപടി സർക്കാരിന് നാണക്കേടിനും പേരുദോഷത്തിനും ഇടയാക്കിയെന്നും ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു.

അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിലുള്ള മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനെ രണ്ടാം ദിനവും പരസ്യമായി വിമർശിച്ച പ്രശാന്തിന്റെ നടപടി സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെ ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. ഫേസ്ബുക്ക് പോസ്റ്റ് വഴി ആദ്യദിനത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ശേഷം 30-ാം പേജിൽ)

# ഹൈറേഞ്ചിൽ ലാൻഡ് ചെയ്ത് സീപ്ലെയ്ൻ

കൊച്ചി: ഇടുക്കി ജില്ലയുടെ ഹൈറേഞ്ചിൽ ചരിത്രത്തിലാദ്യമായി ജലവിമാനം ഇറങ്ങി. നവംബർ 11-ന് 10.30-നു കൊച്ചിയിലെ ബോൾഗാട്ടിയിൽനിന്നു പറന്നുയർന്ന സീ



പ്ലെയ്ൻ 10.57-നു അണക്കെട്ടിൽ പ്രത്യേകം തയാറാക്കിയിരിക്കുന്ന എയ്റോഡ്രോമിൽ ഇറങ്ങി. പറന്നിറങ്ങിയ വിമാനം മാട്ടുപ്പെട്ടിയിൽ ജലവിതാനത്തിൽ നൗകയായി മാറി. കരയിലും വെള്ളത്തിലും ഒരുപോലെ പറന്നിറങ്ങാനും ഉയരാനും ശേഷിയുള്ള ആംഫിബിയസ് എയർക്രാഫ്റ്റാണിത്. ബോൾഗാട്ടിയിൽ മന്ത്രി റിയാസ് ഉൾപ്പെടെയുള്ളവരുമായി ഒരു റൗണ്ട് യാത്ര നടത്തി അവരെ തിരിച്ചിറക്കിയ ശേഷമാണ് മാട്ടുപ്പെട്ടിയിലേക്ക് ജലവിമാനം പുറപ്പെട്ടത്. മൈസൂരുവിൽ നിന്നാണ് ജലവിമാനം 10-ന് കൊച്ചിയിലെത്തിയത്. കേന്ദ്ര സർക്കാരിന്റെ ഉഡാൻ റീജനൽ കണക്ടിവിറ്റി പദ്ധതിക്കു കീഴിലാണു സീപ്ലെയ്ൻ സർവീസ് കേരളത്തിൽ ആരംഭിക്കുന്നത്.

കേരളത്തിലെ വിമാനത്താവളങ്ങളും ജലാശയങ്ങളും തമ്മിലുള്ള കണക്ടിവിറ്റി വർധിപ്പിക്കുന്നതാണു പദ്ധതി. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടൂറിസം സർക്യൂട്ടിനാണ് സംസ്ഥാന സർക്കാർ ജലവിമാനംകൊണ്ട് ലക്ഷ്യമിടുന്നത്.

റൺവേക്കു പകരം ജലത്തിലൂടെ നീങ്ങി ടേക്ക് ഓഫ് നടത്തുകയും ജലത്തിൽ തന്നെ ലാൻഡിങ് നടത്തുകയും ചെയ്യുന്ന ചെറുവിമാനമാണു സീപ്ലെയ്ൻ. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന വാട്ടർഡ്രോമുകളിൽ നിന്നാണു യാത്രക്കാർ വിമാനത്തിൽ കയറുക. 9, 15, 17, 20, 30 സീറ്റുകളുള്ള ചെറിയ വിമാനങ്ങളാണിവ. (ശേഷം 30-ാം പേജിൽ)

# യുഎസ് സമ്മർദം: ഖത്തർ ഹമാസ് നേതാക്കളെ പുറത്താക്കുന്നു

വാഷിംഗ്ടൺ: ഹമാസ് നേതാക്കളോട് രാജ്യം വിടാൻ ഖത്തർ ആവശ്യപ്പെട്ടതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. അമേരിക്കൻ സമ്മർദത്തിനു പിന്നാലെയാണു ഖത്തറിന്റെ നയം മാറ്റം. ഗാസയിലെ യുദ്ധം അവസാനിപ്പിക്കാൻ ഇസ്രയേലുമായും ഹമാസുമായും ഇനി മധ്യസ്ഥ ചർച്ചയ്ക്കില്ലെന്നും ഖത്തർ വ്യക്തമാക്കി. സദുദ്ദേശത്തോടെയുള്ള ഒരു കരാർ ചർച്ച ചെയ്യാൻ വിസമ്മതിക്കുന്നിടത്തോളം തങ്ങൾക്ക് ഇനി മധ്യസ്ഥത വഹിക്കാൻ താത്പര്യമില്ലെന്നു ഖത്തർ സർക്കാർ ഇസ്രയേലിനെയും ഹമാസ് നേതാക്കളെയും അറിയിച്ചു.

അമേരിക്കൻ തെരഞ്ഞെടുപ്പിനുമുമ്പ് ബന്ദി കൈമാറ്റവും അതുവഴി വെടിനിർത്തലും സാധ്യമാക്കി ഹമാസ്-ഇസ്രയേൽ യുദ്ധത്തിന് അറുതിവരുത്താൻ പ്രസിഡണ്ട് ജോ ബൈഡൻ ആഗ്രഹിച്ചിരുന്നു. (ശേഷം 30-ാം പേജിൽ)



# വിദ്യാർത്ഥികൾക്കുള്ള അതിവേഗ വിസ സമ്പ്രദായം കാനഡ നിർത്തി

ന്യൂഡൽഹി: വിദേശവിദ്യാർത്ഥികൾക്ക് അതിവേഗം വിസ ലഭിച്ചിരുന്ന സ്റ്റുഡന്റ് ഡയറക്ട് സ്ട്രീം (എസ്ഡിഎസ്) കാനഡ അവസാനിപ്പിച്ചു. ഇന്ത്യ, ചൈന, ബ്രസീൽ തുടങ്ങി 14 രാജ്യങ്ങളിലെ സ്കൂൾ പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്കായി 2018-ൽ ഏർപ്പെടുത്തിയ സംവിധാനമാണ് അടിയന്തരമായി നിർത്തിയത്.

കനേഡിയൻ സമയം വെള്ളിയാഴ്ച ഉച്ചയ്ക്കു രണ്ടു വരെ ലഭിച്ച അപേക്ഷകൾ മാത്രമേ എസ്ഡിഎസ് പദ്ധതി പ്രകാരം പരിഗണിക്കൂ എന്ന് ഇമിഗ്രേഷൻ റഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ് കാനഡ (ഐആർസിസി) വ്യക്തമാക്കി. അതിനുശേഷമുള്ള എല്ലാ അപേക്ഷകളിലും സാധാരണ സ്റ്റുഡന്റ് പെർമിറ്റ് നടപടിക്രമങ്ങളാകും പിന്തുടരുക.

ലളിതമായ നടപടിക്രമങ്ങളിലൂടെ വിസ പെട്ടെന്നു ലഭിക്കാനാണ് അതിവേഗ സംവിധാനമായി എസ്ഡിഎസ് കൊണ്ടുവന്നിരുന്നത്. നിശ്ചിത കനേഡിയൻ ഡോളർ ബാങ്ക് നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റും ഇംഗ്ലീഷ്/ഫ്രഞ്ച് ഭാഷാ അഭിരുചി സ്കോറുമുള്ളവർക്കു പലപ്പോഴും 20 ദിവസത്തിനകം വിസ ലഭിക്കുമായിരുന്നു. സാധാരണ സ്റ്റുഡന്റ് പെർമിറ്റ് നടപടിക്രമമനുസരിച്ചാകട്ടെ, വിസ ലഭിക്കാൻ കുറഞ്ഞത് എട്ടാഴ്ച വേണ്ടിവരും. എസ്ഡിഎസ് പദ്ധതിയുടെ പ്രയോജനം ഏറ്റവുമധികം ലഭിച്ചിരുന്നത് ഇന്ത്യൻ വിദ്യാർത്ഥികൾക്കാണ്. എല്ലാ വിദ്യാർത്ഥികൾക്കും തുല്യ അവസരം ഉറപ്പാക്കുന്നതിനും നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനുമാണ് പദ്ധതി നിർത്തലാക്കുന്നതെന്നാണു കാനഡസർക്കാർ പറയുന്നത്.

## രാജ കൃഷ്ണമൂർത്തിക്ക് ഉജ്വല വിജയം



വാഷിംഗ്ടൺ: അമേരിക്കൻ ജനപ്രതിനിധി സഭയിലേക്ക് ഇല്ലിനോയി സംസ്ഥാനത്തു നിന്നും രാജ കൃഷ്ണമൂർത്തി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 8-ാമത് കോൺഗ്രസ് ഡിസ്ട്രിക്റ്റിനെയാണ് രാജ പ്രതിനിധീകരിക്കുന്നത്. 57.1 ശതമാനം വോട്ട് നേടിയാണ് കൃഷ്ണമൂർത്തി വിജയിച്ചത്. റിപ്പബ്ലിക്കൻ എതിരാളി മാർക്ക് റൈസിന് 42.9 ശതമാനം വോട്ട് ലഭിച്ചു.

2016-ലാണ് കൃഷ്ണമൂർത്തി ആദ്യമായി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. ദേശീയ സുരക്ഷയിലും സാമ്പത്തിക നയത്തിലും പേരുകേട്ട വ്യക്തിയാണ് രാജ. ഹാർവാർഡിൽ നിന്നും വിദ്യാഭ്യാസം നേടിയ അഭിഭാഷകനായ ഇദ്ദേഹം ഇല്ലിനോയിയിൽ ഡെപ്യൂട്ടി സ്റ്റേറ്റ് ട്രഷററായും ഒബാമ ഭരണത്തിൽ പോളിസി ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. ഇല്ലിനോയിയിലും പ്രത്യേകിച്ച് ചിക്കാഗോയിലും ഇന്ത്യൻ സമൂഹത്തിന്റെ പൊതുപരിപാടികളിൽ നിറസാന്നിദ്ധ്യമാണ് രാജ കൃഷ്ണമൂർത്തി.

## ഖലിസ്ഥാൻ ഭീകരൻ അർഷ ദല്ല പിടിയിൽ

ന്യൂഡൽഹി: ഖലിസ്ഥാൻ ഭീകരൻ അർഷദീപ് സിങ് ഗിൽ എന്ന അർഷ ദല്ല കാനഡയിലെ ഒന്റേറിയോ പ്രവിശ്യയിൽ അറസ്റ്റിലായി. കഴിഞ്ഞ 28-ന് വെടിവെപ്പ് കേസുമായി ബന്ധപ്പെട്ട് രണ്ട് പേരെ അറസ്റ്റ് ചെയ്തെന്ന് അറിയിച്ച കാനഡ പോലീസ് പേരുവിവരങ്ങൾ വെളിപ്പെടുത്തിയിരുന്നില്ല. അറസ്റ്റിലായവരിലൊരാൾ അർഷ ദല്ലയാണെന്നാണ് ഇന്ത്യൻ അധികൃതർക്കു ലഭിച്ച വിവരം. നിരോധിത സംഘടനയായ ഖലിസ്ഥാൻ ടൈഗർ ഫോഴ്സുമായി (കെടിഎഫ്) ബന്ധമുള്ള ദല്ലയാണ് കഴിഞ്ഞ ജൂണിൽ കൊല്ലപ്പെട്ട സിഖ് വിഘടനവാദി നേതാവ് ഹർദീപ് സിങ് നിജ്ജറിനുവേണ്ടി പഞ്ചാബിൽ ആക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നത്.

ഹാൽട്ടനിലെ ഗ്രഫിൽ ആശുപത്രിയിൽ വെടിയേറ്റ പരുക്കുമായാണ് രണ്ടുപേർ എത്തിയത്. തുടർന്നാണ് പോലീസ് കസ്റ്റഡിയിലെടുത്തത്. കാനഡയോട് കൈമാറാൻ ഇന്ത്യ ആവശ്യപ്പെട്ടിട്ടുള്ള ഖലിസ്ഥാൻ ഭീകരരുടെ പട്ടികയിൽ ദല്ലയുമുണ്ട്. അതേസമയം പഞ്ചാബിലെ മൊഹാലിയിൽനിന്ന് അർഷ് ദല്ല സംഘത്തിലെ രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു.

അൽമോൽ പ്രീത് സിങ് വിശാൽ, നവജോത് സിങ് നീതു എന്നിവരാണ് അറസ്റ്റിലായത്. പരോളിലിറങ്ങിയ കൊലക്കേസ് പ്രതിയെ വെടിവെച്ചു കൊന്ന കേസിലാണ് പിടിയിലായത്.

സിഖ്സ് ഫോർ ജസ്റ്റിസ് (എസ്എഫ്ജെ) സംഘടനയുടെ കോ-ഓർഡിനേറ്റർ ഗോഷൽ ആണ് പിടിയിലായത്. യുഎസ് ആസ്ഥാനമായ എസ്എഫ്ജെയെ ഇന്ത്യ നിരോധിച്ചതാണ്.

## വീണ്ടും ട്രംപ്

(3-ാം പേജിൽനിന്നും)

ഇനി രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി വിശ്രമമില്ലാതെ പോരാടും. അമേരിക്കയെ വീണ്ടും ഉന്നതിയിലെത്തിക്കും. ഒരുമിച്ചുനിന്ന് രാജ്യം നേരിടുന്ന പ്രതിസന്ധികളെ നേരിടാമെന്നും ട്രംപ് വിക്ടറി സ്പീച്ചിൽ വ്യക്തമാക്കി. പ്രസിഡണ്ട് ജോബൈഡനും വൈസ് പ്രസിഡണ്ട് കമല ഹാരിസും ട്രംപിനെ അഭിനന്ദിച്ചു. സമാധാനപരമായ അധികാരകൈമാറ്റം ഉണ്ടാകുമെന്ന് അവർ ഉറപ്പു നല്കി. 2025 ജനുവരി 20-ാം തീയതി ഡോണൾഡ് ട്രംപ് 47-ാമത്തെ യു.എസ് പ്രസിഡണ്ടായി അധികാരമേല്ക്കും.

## ഉപതെരഞ്ഞെടുപ്പ്; പ്രചാരണത്തിന് കൊട്ടിക്കലാശം

കോഴിക്കോട്: ഉപതെരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പ്രചാരണത്തിന് കൊട്ടിക്കലാശമായി. പരസ്യപ്രചാരണത്തിന്റെ അവസാന മണിക്കൂറുകൾ വോട്ടർമാരുടെ മനംകവരും വിധം കൊഴുപ്പിച്ച് ഒരു മാസത്തോളം നീണ്ട വാശിയേറിയ പ്രചാരണത്തിനാണ് സമാപനമായത്. ആവേശംമൂത്ത് കൊട്ടിക്കലാശം സംഘർഷത്തിൽ കലാശിക്കാതിരിക്കാൻ ശക്തമായ പോലീസ് സന്നാഹം വിവിധയിടങ്ങളിൽ വിന്യസിച്ചിരുന്നു. ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിൽ വോട്ടെടുപ്പ് 20-ലേക്ക് മാറ്റിയതിനാൽ പ്രചാരണത്തിന് ഒരാഴ്ച കൂടി സമയമുണ്ട്.

വോട്ട് ഉറപ്പിക്കാൻ വയനാട്ടിലും ചേലക്കരയിലും പരമാവധി നേതാക്കൾ കളത്തിലിറങ്ങി. വയനാട്ടിലെ യുഡിഎഫ് കൊട്ടിക്കലാശത്തിന് ആവേശം പകരാൻ രാഹുൽ ഗാന്ധിയുമെത്തി. പ്രിയങ്കയ്ക്കൊപ്പം ബത്തേരിയിൽ രാഹുൽ റോഡ് ഷോ നടത്തി. വൈകിട്ട് തിരുവമ്പാടിയിലും റോഡ് ഷോയോടെയായിരുന്നു കൊട്ടിക്കലാശം. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി കല്പറ്റയിൽ കൊട്ടിക്കലാശത്തിൽ പങ്കെടുത്തു. എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസ് കല്പറ്റയിലും മാനന്തവാടിയിലും ബത്തേരിയിലും റോഡ് ഷോകളിൽ പങ്കെടുത്തു. ബത്തേരിയിലായിരുന്നു എൻഡിഎയുടെ കൊട്ടിക്കലാശം.

ചേലക്കരയിൽ വൈകിട്ട് മൂന്ന് സ്ഥാനാർത്ഥികളും പങ്കെടുത്ത കൊട്ടിക്കലാശം നടന്നു. രമ്യ ഹരിദാസിനൊപ്പം കെപിസിസി പ്രസിഡണ്ട് കെ. സുധാകരനും യു.ആർ. പ്രദീപിനായി പാലക്കാട്ടെ എൽഡിഎഫ് സ്ഥാനാർത്ഥി സരിനും പങ്കെടുത്തു.

## സഞ്ജീവ് ഖന്ന സുപ്രീം കോടതി ചീഫ്ജസ്റ്റീസായി

ന്യൂഡൽഹി: സുപ്രീംകോടതിയുടെ 51-ാം ചീഫ് ജസ്റ്റിസായി സഞ്ജീവ് ഖന്ന (64) ചുമതലയേറ്റു. രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. മെയ് 31 വരെ ആറ് മാസക്കാലമേ ചീഫ് ജസ്റ്റിസായി സഞ്ജീവ് ഖന്നയ്ക്ക് കാലാവധിയുള്ളൂ.

അമ്മാവനായ ജസ്റ്റിസ് എച്ച്.ആർ. ഖന്നയ്ക്കു നിഷേധിക്കപ്പെട്ട ചീഫ് ജസ്റ്റിസ് പദവിയിലേക്കാണ് അനന്തരവൻ 47 വർഷങ്ങൾക്കു ശേഷമെത്തുന്നത്. അന്യായമായി തടങ്കലിൽ വെക്കുന്നതിന് എതിരെ പൗരനുള്ള അവകാശം സർക്കാരിനു റദ്ദു ചെയ്യാമെന്ന എഡിഎം ജബൽപൂർ കേസിലെ ഭൂരിപക്ഷാഭിപ്രായത്തിൽ വിയോജന വിധിയും ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച അടിയന്തരാവസ്ഥയ്ക്ക് എതിരായ വിധിയെഴുത്തിനെ തുർന്ന് സീനിയോറിറ്റി മറികടന്നു ജൂനിയറായ എം.എച്ച്. ബെയ്ഗിനെ ചീഫ് ജസ്റ്റിസാക്കിയതിനു പിന്നാലെ ജസ്റ്റിസ് എച്ച്.ആർ. ഖന്ന ജഡ്ജി പദവിയിൽനിന്നു രാജിവെക്കുകയായിരുന്നു. മറ്റു ഹൈക്കോടതി ജഡ്ജിമാരുടെ സീനിയോറിറ്റി മറികടന്നു സഞ്ജീവ് ഖന്നയെ 2019-ൽ സു



ചീഫ് ജസ്റ്റീസായി സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്യുന്നു.

പ്രീംകോടതി ജഡ്ജിയാക്കിയതു വിവാദമായിരുന്നു. പൗരസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഒട്ടേറെ കേസുകളിൽ ശക്തമായ നിലപാട് എടുത്തിട്ടുണ്ട് ജസ്റ്റിസ് ഖന്ന. മദ്യനയ കേസിൽ അരവിന്ദ് കെജ്‌രിവാളിന് ജാമ്യം അനുവദിച്ചത് ജസ്റ്റിസ് ഖന്നയുടെ ബെഞ്ചായിരുന്നു. ചീഫ് ജസ്റ്റിസിന്റെ ഓഫീസും വിവരാവകാശ പരിധിയിൽ വരുമെന്നും ഒന്നിച്ചുപോകാൻ കഴിയാത്ത വിധം തകർന്ന വിവാഹബന്ധം സുപ്രീംകോടതിക്ക് സവിശേഷാധികാരം ഉപയോഗിച്ച് അസാധുവാക്കാമെന്നുമുള്ള വിധികൾ പുറപ്പെടുവിച്ചു. ജമ്മു കശ്മീരിന് പ്രത്യേകപദവി റദ്ദാക്കിയ കേസിൽ പ്രത്യേക വിധിന്യായമെഴുതി.

നിയമന ശിപാർശ നല്കിയ കാലത്തെ കൊളീജിയം അദ്ധ്യക്ഷനും ചീഫ് ജസ്റ്റിസായിരുന്ന രഞ്ജൻ ഗൊഗോയിക്കെതിരെ ലൈംഗികാതിക്രമ പരാതി തള്ളിയതും ജസ്റ്റിസ് ഖന്നയുടെ ബെഞ്ചാണ്.

## പേജർ സ്ഫോടനത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് നെതന്യാഹു

ടെൽ അവീവ്: സെപ്റ്റംബറിൽ ലെബനനിൽ നടത്തിയ പേജർ സ്ഫോടനം തന്റെ അറിവോടെയെന്നു തുറന്നു സമ്മതിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു. ഹിസ്ബുള്ള പ്രവർത്തകരെ ലക്ഷ്യമിട്ട് സെപ്റ്റംബറിൽ നടത്തിയ പേജർ സ്ഫോടനത്തിൽ 40 പേർ മരിക്കുകയും മൂവായിരത്തോളം പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. പേജർ ആക്രമണത്തിന് താൻ പച്ചക്കൊടി കാട്ടിയതായി നെതന്യാഹു സ്ഥിരീകരിച്ചതായി അദ്ദേഹത്തിന്റെ വക്താവ് ഒമർ ദോസ്ത്രി എഎഫ്പിയോട് പറഞ്ഞു. സെപ്റ്റംബർ 17, 18 തീയതികളിൽ ലബനനിലെ ഹിസ്ബുള്ള ശക്തികേന്ദ്രങ്ങളിൽ ആയിരക്കണക്കിനു പേജറുകളാണ് പൊട്ടിത്തെറിച്ചത്. ആക്രമണത്തിന് പിന്നിൽ ഇസ്രയേലാണെന്ന് ഇറാനും ഹിസ്ബുള്ളയും ആരോപിച്ചിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 46
November 15, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

ഏതു യാത്രയുടെയും തുടക്കം ആദ്യത്തെ ഒരു ചുവടിൽ നിന്നാണ്.
**പ്ലൂട്ടാർക്ക്**

മറ്റൊരു തിരിക്ക് അഗ്നി നൽകുമ്പോൾ മെഴുകുതിരിക്ക് ഒരു നഷ്ടവും സംഭവിക്കുന്നില്ല.
**ബ്രൂണർ**

# MEDICARE PLANS

## QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com



DUBAI PROPERTY ALERT!

# WHY INVEST IN DUBAI REAL ESTATE?









## FACTORS WHY TO INVEST IN DUBAI PROPERTY MARKET

by Nova Capital Real Estate

- High ROI: Dubai offers some of the highest rental yields in the world, with an average of 6-8% ROI, making it a hotspot for investors.
- Tax-Free Income: No property tax or capital gains tax, allowing investors to maximize returns.
- Global Hub: Dubai's strategic location, connecting East and West, makes it a global business and tourism hub.
- Innovative Projects: Cutting-edge infrastructure, iconic developments, and luxury lifestyle options ensure long-term value appreciation.
- Investor-Friendly Policies: Visa options for property buyers and secure legal frameworks make the market attractive to international investors.
- Expo 2020 Legacy: Continued economic growth and development spurred by Expo 2020's lasting impact on tourism, infrastructure, and innovation.

NOVA
CAPITAL REAL ESTATE

Contact
NG Jerome - Mob: +91 944 62 11 630
Email: foreignpress44@gmail.com





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

## Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## നീതിപീഠത്തിന്റെ നിർണായകവിധി

സ്വകാര്യ ഉടമസ്ഥതയിലുള്ള ഏതുസ്വത്തും സമൂഹത്തിന്റെ ഭൗതികവിഭവമായി കണക്കാക്കി പൊതുനന്മയ്ക്കായി ഏറ്റെടുക്കാൻ ഭരണകൂടത്തിന് അധികാരമില്ലന്ന് സുപ്രീംകോടതി. അത്തരം അധികാരം 'ഭൂതകാലത്തിലെ കർക്കശമായ ഒരു സമ്പദ്ശാസ്ത്രതത്ത്വത്തെ' ഓർമ്മപ്പെടുത്തുന്നുവെന്നും ഇന്ത്യ സാമ്പത്തിക ഉദാരീകരണത്തിന്റെയും വിപണികേന്ദ്രിതപരിഷ്കാരങ്ങളുടെയും ദിശയിൽ മുന്നോട്ടുപോയിരിക്കുന്ന പശ്ചാത്തലത്തിൽ അത് ഇനി അംഗീകരിക്കാനാകില്ലെന്നുമാണ് സുപ്രീംകോടതി ഭൂരിപക്ഷവിധിയിൽ വ്യക്തമാക്കിയത്. 'ഒരു പ്രത്യേക സാമ്പത്തികതത്ത്വശാസ്ത്രമാണു പൂർണശരി എന്ന ആശയത്തെ ഇന്ത്യൻ ഭരണഘടനയുടെ സൂക്ഷിപ്പുകാരായ വോട്ടർമാർ തുടർച്ചയായി നിഷേധിച്ചിട്ടുണ്ടെ'ന്നും വിധിന്യായത്തിൽ നിരീക്ഷിക്കുന്നുണ്ട്. അതേസമയം, സ്വകാര്യസ്വത്ത് ഏറ്റെടുക്കാനുള്ള സർക്കാരിന്റെ അവകാശത്തെ കോടതി പൂർണമായി തള്ളിക്കളഞ്ഞിട്ടുമില്ല. ആ അവകാശം ചില ഘടകങ്ങളെ ആസ്പദമാക്കിയാകണം എന്നാണു നിഷ്കർഷിച്ചിരിക്കുന്നത്. ഏറ്റെടുക്കുന്ന വസ്തുവിന്റെയോ വിഭവത്തിന്റെയോ സ്വഭാവം, ഏറ്റെടുക്കൽ അനിവാര്യമോ, ഏറ്റെടുക്കുന്ന വിഭവത്തിന്റെ ക്ഷാമം, വിഭവങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ കേന്ദ്രീകരിക്കപ്പെടുന്നതിലെ തകരാറ് തുടങ്ങിയുള്ള ഘടകങ്ങളാണു പരിഗണിക്കേണ്ടത്. പ്രകൃതിവിഭവങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച് സുപ്രീംകോടതിതന്നെ നേരത്തേ ആവിഷ്കരിച്ചിട്ടുള്ള പബ്ലിക് ട്രസ്റ്റ് സിദ്ധാന്തത്തെ ഇക്കാര്യത്തിൽ അവലംബമാക്കാമെന്നും വിധിന്യായത്തിൽ പറയുന്നു. മുംബൈയിലെ പഴക്കമുള്ള അപകടകരമായ കെട്ടിടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നിയമം ഉൾപ്പെടെ ചോദ്യംചെയ്യുന്ന ഹർജികളിലാണ് വിധി. ഒൻപതംഗബെഞ്ച് ഉത്തരംനൽകിയ നിയമപ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ അതതു കേസുകളിൽ ബന്ധപ്പെട്ട ബെഞ്ചുകൾക്ക് തീരുമാനമെടുക്കാം.

ചില സാഹചര്യങ്ങളിൽ സർക്കാർ കൈവശം വെക്കുന്നതുകൊണ്ടുമാത്രം പൊതുനന്മയുടെ ഗുണംചെയ്യുമെന്ന് ഭൂരിപക്ഷവിധിയിൽ വ്യക്തമാക്കി. ഉദാഹരണത്തിന്, സ്വകാര്യ ഉടമസ്ഥതയിലുള്ള വലിയൊരു കുളം സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുന്നു. മറ്റു ചില സാഹചര്യങ്ങളിൽ സ്വകാര്യമേഖലയിൽ നൽകുന്നതാകും പൊതുനന്മയ്ക്ക് നല്ലത്. ഉദാഹരണത്തിന്, സർക്കാർ ഉടമസ്ഥതയിലുള്ള സ്പെക്ട്രം (ടെലികോം ആവശ്യങ്ങൾക്കുള്ളത്) ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലത്തിൽ വാങ്ങുന്ന സ്വകാര്യകമ്പനി അവരുടെ സാങ്കേതികവിദ്യകൂടി ഉപയോഗിച്ച് പൊതുനന്മയ്ക്കായി ഉപയോഗിക്കുന്നു. ഇതെല്ലാം സാമ്പത്തിക, സാമൂഹികനയവുമായി ബന്ധപ്പെട്ടതും കോടതിയുടെ അധികാരപരിധിക്ക് പുറത്തുള്ളതുമാണെന്നും വിധിയിൽ വ്യക്തമാക്കി...

ബിജെപി നേതാവ് ഡോ. സുബ്രഹ്മണ്യൻ സ്വാമിയും മറ്റുചിലരും 42-ാം ഭേദഗതിയിലൂടെ ഭരണഘടനയുടെ ആമുഖത്തിൽ ചേർക്കപ്പെട്ട സോഷ്യലിസം, മതനിരപേക്ഷത എന്നീ പദങ്ങൾ നീക്കംചെയ്യണമെന്ന അപേക്ഷയുമായി സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ഈ ഹർജിയിൽ വാദം കേൾക്കവേ കഴിഞ്ഞമാസം 21-ന് നിയുക്ത ചീഫ് ജസ്റ്റിസ് സഞ്ജീവ് മിശ്ര ഇങ്ങനെയൊരു നിരീക്ഷണം നടത്തി: "സോഷ്യലിസം എന്നതിനെ എല്ലാവർക്കും തുല്യമായ അവസരം, രാജ്യത്തെ വിഭവങ്ങളുടെ തുല്യമായ വിതരണം എന്നൊക്കെ അർത്ഥമാക്കിയാൽമതി." ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഒൻപതംഗ ഭരണഘടനാബെഞ്ച്' ഇന്ത്യ സോഷ്യലിസത്തിൽനിന്ന് ഉദാരീകരണത്തിലേക്കും വിപണികേന്ദ്രിതപരിഷ്കാരങ്ങളിലേക്കും നീങ്ങിക്കഴിഞ്ഞതാണല്ലോ" എന്ന് വ്യത്യസ്തമായൊരു നിരീക്ഷണവും നടത്തി. പക്ഷേ, ഭരണഘടനാബെഞ്ചിന്റെ വിധി വഴിത്തിരിവാകുന്നത്, സ്വകാര്യസ്വത്ത് പൊതുനന്മയ്ക്കായി ഏറ്റെടുക്കുന്നതു സംബന്ധിച്ച നിയമപരമായ അവ്യക്തതകളെ അത് പൂർണമായി നീക്കുന്നു എന്നതിനാലാണ്.

ഭരണഘടനയിലെ നിർദേശകതത്ത്വങ്ങളെ പിൻപറ്റി ഭരണകൂടം നിർമിക്കുന്ന നിയമങ്ങൾ കോടതിയിൽ ചോദ്യംചെയ്യാനാകില്ലെന്ന വ്യവസ്ഥ 1970-കളിൽ ഭരണഘടനയിൽ എഴുതിച്ചേർത്തിരുന്നു. 31 സി വകുപ്പാണ് ഇങ്ങനെ പുതുതായി ചേർത്തത്. പൊതുനന്മയ്ക്കായി സ്വകാര്യസ്വത്ത് ഏറ്റെടുക്കാൻ ഭരണകൂടത്തിന് അനുമതി നൽകുന്ന, ഭരണഘടനയിലെ 39 ബി, 39 സി വകുപ്പുകൾക്ക് 31 സി വകുപ്പുപ്രകാരമുള്ള സംരക്ഷണം ലഭിച്ചു. 1978-ലെ രംഗനാഥറെഡ്ഡി കേസിൽ, എല്ലാ സ്വകാര്യസ്വത്തും സമൂഹത്തിന്റെ ഭൗതിക വിഭവമായി കണക്കാക്കി ഏറ്റെടുക്കാനാകില്ലെന്ന് സുപ്രീംകോടതി വിധിച്ചിരുന്നു. എന്നാൽ, ഭരണഘടനയുടെ 39 ബി വകുപ്പുപ്രകാരം എല്ലാ പൊതു-സ്വകാര്യ സ്വത്തുക്കളും സമൂഹത്തിന്റെ ഭൗതികവിഭവമാണെന്ന് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഭിന്നവിധി പുറപ്പെടുവിച്ചു. പിൽക്കാലത്ത് മറ്റുചില കേസുകളിൽ സുപ്രീംകോടതി അവലംബിച്ചതും അംഗീകരിച്ചതും ജസ്റ്റിസ് കൃഷ്ണയ്യരുടെ ഈ ഭിന്നവിധിയാണ്. സങ്കീർണമായ ഈ നിയമവഴിയിലാണ് ഈ വിഷയം ഒടുവിൽ ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഒൻപതംഗ ഭരണഘടനാബെഞ്ചിന്റെ പരിഗണനയിലെത്തിയത്. ഇനിയങ്ങോട്ടുള്ള വഴിയെന്തെന്ന കൃത്യമായ മാർഗനിർദേശമാണ് ഈ ബെഞ്ച് ഭൂരിപക്ഷവിധിയിലൂടെ നൽകിയിരിക്കുന്നത്.

# ട്രംപിന്റെ രണ്ടാം വരവ് ഇന്ത്യക്ക് വെല്ലുവിളിയും അവസരവും

"ചരിത്രപരമായ തെരഞ്ഞെടുപ്പു വിജയത്തിന് എന്റെ സുഹൃത്ത് ഡോണൾഡ് ട്രംപിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. മുൻ ടേമിലെ വിജയങ്ങളിൽനിന്ന് നിങ്ങൾ പടുത്തുയർത്തുമ്പോൾ, ഇന്ത്യ-യുഎസ് സമഗ്ര ആഗോള, തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നമ്മളുടെ സഹകരണം പുതുക്കാൻ ഞാൻ ആഗ്രഹിക്കുന്നു"- അമേരിക്കൻ പ്രസിഡണ്ടായി വൻ തിരിച്ചുവരവ് നടത്തിയ ഡോണൾഡ് ട്രംപിനെ അനുമോദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ എഴുതിയതാണിത്. ശതകോടീശ്വരനായ ട്രംപിന്റെ അമേരിക്കൻ പ്രസിഡണ്ടായുള്ള ചരിത്രം കുറിച്ച രണ്ടാം വരവിൽ ഇന്ത്യക്കും ലോകത്തിനാകെയും കുറെ പ്രത്യാശയും പ്രതീക്ഷയും പുതിയ അവസരങ്ങളും ചില ആശങ്കകളുമുണ്ട്.

വൈറ്റ് ഹൗസിലേക്കുള്ള ട്രംപിന്റെ മടങ്ങിവരവ് പൊതുവെ ഇന്ത്യക്കു ഗുണകരമാകുമെന്നാണ് നയതന്ത്ര, സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ. പ്രത്യേകിച്ച് ട്രംപിന്റെ വിദേശ, സാമ്പത്തിക നയങ്ങൾ. ഇന്ത്യൻ വംശജയായ കമല ഹാരിസിനെക്കാളും അമേരിക്കയിലെ ഇന്ത്യക്കാർക്ക് ട്രംപിനോട് ആഭിമുഖ്യം കൂടിയതും ശ്രദ്ധേയമാണ്. കമലയെയും ഡെമോക്രാറ്റിക് പാർട്ടിയെയും പിന്തള്ളി റിപ്പബ്ലിക്കൻ പാർട്ടിയെയും ട്രംപിനെയും തുണയ്ക്കാൻ പല ഇന്ത്യക്കാരെയും പ്രേരിപ്പിച്ചതു ഭരണവിരുദ്ധവികാരം മാത്രമല്ല.

നികുതിഭാരം, വിലക്കയറ്റം, സാമ്പത്തിക വളർച്ച, സുരക്ഷ, ആഗോള മേധാവിത്വം തുടങ്ങി പലതിലും ട്രംപിന്റെ നിലപാടുകൾ അമേരിക്കൻ പൗരത്വമുള്ള ഇന്ത്യൻ വംശജരെയും ആകർഷിച്ചു. അമേരിക്കയ്ക്കും ലോകത്തിനും നല്ലതു ട്രംപ് ആണെന്ന വിശ്വാസമാണു മിക്ക ഇന്ത്യൻ വംശജരും പങ്കുവെക്കുന്നത്.

ചൈന ഉയർത്തുന്ന സുരക്ഷ, സാമ്പത്തിക, വാണിജ്യ വെല്ലുവിളികൾ നേരിടാൻ അമേരിക്കയും ഇന്ത്യയും ഒരുമിച്ചുനിൽക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ട്രംപിനും മോദിക്കും സംശയമില്ല. ചൈനയ്ക്കെതിരായ പുതിയ നികുതി നിരക്കുകൾ ട്രംപ് വാഗ്ദാനം ചെയ്തിട്ടുണ്ട്. പല അമേരിക്കൻ കമ്പനികളും അവരുടെ ഉത്പാദന ഫാക്ടറികൾ ചൈനയിൽനിന്ന് ഇന്ത്യയിലേക്കു മാറ്റാൻ കൂടുതൽ പ്രോത്സാഹിപ്പിച്ചേക്കാം. എന്നാൽ ചൈനയ്ക്കെതിരെ എന്നപോലെ ഇന്ത്യയിൽ ജീവനക്കാരുള്ള അമേരിക്കൻ ഐടി കമ്പനികൾക്കും സമാന താരിഫ് ചുമത്തുമോയെന്ന ആശങ്കയുമുണ്ട്.

ഇറക്കുമതികളിൽ അടക്കമുള്ള ട്രംപ് ഭരണകൂടത്തിന്റെ താരിഫ് നയങ്ങൾ യുഎസ് വിപണിയെ ആശ്രയിക്കുന്ന ഇന്ത്യയുടെ ഐടി, ഫാർമസ്യൂട്ടിക്കൽ, ടെക്സ്റ്റൈൽ മേഖലകൾക്ക് പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം. മറുവശത്ത്, വിതരണശൃംഖലകൾ ചൈനയിൽനിന്നു സാവധാനം വേർപെടുത്താനോ വൈവിധ്യവത്കരിക്കാനോ ലക്ഷ്യമിടുന്ന അമേരിക്കൻ ബിസിനസുകളെ ആകർഷിക്കുന്ന ഉത്പാദന കേന്ദ്രമായി വളരാനുള്ള അവസരം പ്രയോജനപ്പെടുത്താൻ ഇന്ത്യക്ക് അവസരങ്ങളുമുണ്ട്. ഇറക്കുമതി നിരക്കുകൾ കൂട്ടാനുള്ള ട്രംപിന്റെ നിലപാടുകൾ ഇന്ത്യയിലെ ഫാർമസ്യൂട്ടിക്കൽസ്, ഇൻഫർമേഷൻ ടെക്നോളജി മേഖലകൾക്കു വെല്ലുവിളിയാകും. അമേരിക്കയിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി കഴിഞ്ഞ ദശകത്തിൽ 77.53 ബില്യൺ ഡോളറിലെത്തിയെന്ന് സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമിയുടെ (സിഎംഐഇ) റിപ്പോർട്ട് പറയുന്നു. അമേരിക്കയിലേക്കുള്ള കയറ്റുമതിയിൽ ഇതേ വളർച്ച തുടരാൻ ട്രംപ്



ഭരണകൂടം അനുവദിക്കുമോയെന്നതു ചോദ്യമാണ്.

ട്രംപിന്റെ കർശനമായ കുടിയേറ്റ, വ്യാപാര നയങ്ങൾ ഇന്ത്യൻ താത്പര്യങ്ങൾക്കും വെല്ലുവിളിയാണ്. ഇന്ത്യൻ ഐടി പ്രഫഷണലുകൾക്കും സാങ്കേതിക സ്ഥാപനങ്ങൾക്കും ദോഷകരമായ പല തീരുമാനങ്ങളും ഇനിയും ഉണ്ടായേക്കാം. അദ്ദേഹത്തിന്റെ ആദ്യ ഭരണകാലത്ത് എച്ച്1 ബി വിസകളിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇന്ത്യക്കാരുടെ എച്ച് 1 ബി, എൽ 1 വിസ അപേക്ഷകൾ നിരസിക്കുന്ന തോത് ഗണ്യമായി കൂടി.

ഇന്ത്യ-അമേരിക്ക ബന്ധത്തിന്റെ ആണിക്കല്ലുകളാണ് പ്രതിരോധവും സൈനിക സഹകരണവും. ക്രിട്ടിക്കൽ ആൻഡ് എമർജിംഗ് ടെക്നോളജി (ഐസിഇടി) സംരംഭവും ജെറ്റ് എഞ്ചിനുകൾ നിർമിക്കുന്നതിനുള്ള ജിഇ-എച്ച്എഎൽ കരാർപോലുള്ള പ്രതിരോധ ഇടപാടുകളും ജോ ബൈഡന്റെ ഭരണകാലത്തുണ്ടായി. ഇന്ത്യ-പസഫിക് മേഖലയിൽ ചൈനയുടെ സ്വാധീനത്തെ ചെറുക്കാൻ ഇരുരാജ്യങ്ങൾക്കും കൈകോർത്തേ മതിയാകൂ. ഇതുമൂലം ഇന്ത്യ-യുഎസ് സൈനിക സഹകരണം ശക്തമായി തുടരും. എന്നാൽ സൈനിക ഉടമ്പടികളുടെ കാര്യത്തിലും അമേരിക്കൻ താത്പര്യങ്ങൾ മാത്രം നോക്കിയുള്ള ട്രംപിന്റെ നയങ്ങൾ ഇന്ത്യക്ക് പ്രശ്നമാകും. സാങ്കേതിക കൈമാറ്റം, ആയുധ വില്പന, സംയുക്ത സൈനികാഭ്യാസങ്ങൾ എന്നിവയിലെല്ലാം ട്രംപിനെ മയപ്പെടുത്താനാകണം.

പാക്കിസ്ഥാനെതിരെയും പ്രത്യേകിച്ച്, പാക് ഭീകര സംഘടനകൾക്കെതിരെയും ട്രംപ് സ്വീകരിക്കുന്ന കർശന നിലപാടുകൾ ഇന്ത്യക്ക് സഹായകമാകും. അതിർത്തി കടന്നുള്ള ഭീകരാക്രമണങ്ങൾക്കെതിരെ അമേരിക്കയുടെ കർശന നിലപാടുകൾ ഇന്ത്യയുടെ സുരക്ഷയ്ക്കും സമാധാനത്തിനും അത്യാവശ്യമാകും. തീവ്രവാദവിരുദ്ധ പോരാട്ടത്തിൽ ഇന്ത്യക്കു പിന്തുണ നൽകാൻ ട്രംപ് ഭരണകൂടം മടിക്കില്ലെന്നു വേണം കരുതാൻ. അമേരിക്ക, ഇന്ത്യ, ജപ്പാൻ, ഓസ്ട്രേലിയ എന്നിവയുടെ ക്വാഡ് സഖ്യം ശക്തിപ്പെടുത്താൻ ട്രംപും മോദിയും ഒരുപോലെ താത്പര്യപ്പെടുമെന്നാണു സൂചന.

സൈനിക ഇടപാടുകളിലും വ്യവസായ, വാണിജ്യ, വ്യാപാര ഇടപാടുകളിലും അമേരിക്കയുടെ കച്ചവടക്കണ്ണാകും ഇന്ത്യക്കു വെല്ലുവിളി. റഷ്യ-യുക്രെയ്ൻ യുദ്ധത്തോടും ഇസ്രയേൽ-ഹമാസ്-ഇറാൻ അടക്കമുള്ള പശ്ചിമേഷ്യൻ യുദ്ധത്തോടും ജോ ബൈഡന്റെ സമീപനമായിരിക്കില്ല ട്രംപിന്റേത്. ട്രംപിന്റെ ആദ്യ ടേമിൽ, പാരീസ് കാലാവസ്ഥാ ഉടമ്പടികളും ഇറാൻ ആണവ കരാറും ഉൾപ്പെടെയുള്ള പ്രധാന അന്താരാഷ്ട്ര കരാറുകളിൽ അമേരിക്ക പുറത്തുകടക്കുകയോ പരിഷ്കരിക്കുകയോ ചെയ്തിരുന്നു.

അമേരിക്കൻ താത്പര്യങ്ങൾക്കു വലിയ മുൻഗണന നൽകുന്ന ട്രംപിന്റെ കച്ചവട തന്ത്രങ്ങളോടു കിടപിടിക്കാൻ മോദിസർക്കാരിനു കഴിയുക ദുഷ്കരമാകും. യുഎസ് ഫെഡറൽ റിസർവ് നിരക്ക് കുറയ്ക്കുന്നതിലെ കാലതാമസം ഇന്ത്യയുടെ പണനയത്തിലും പ്രതിഫലിക്കും. അമേരിക്കയുടെ വ്യാപാര കമ്മി കുറയ്ക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ നിലപാടുകളും ഇന്ത്യ അടക്കമുള്ള രാജ്യങ്ങളുടെ സാമ്പത്തിക സമീപനങ്ങളെയും ബാധിക്കാതിരിക്കില്ല.

## കുസാറ്റ് വിദ്യാർത്ഥിക്ക് 1.5 കോടിയുടെ ഫെലോഷിപ്പ്

കളമശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) യിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിലെ എംഎസ്സി കെമിസ്ട്രി വിദ്യാർത്ഥിയായ ജിഫിൻ വർഗീസ് ഉമ്മന് ഓസ്ട്രേലിയയിലെ മൊണാഷ് സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിസ്ട്രിയിൽ ഗവേഷണം നടത്തുന്നതിനായി 1.5 കോടി രൂപയുടെ ഫെലോഷിപ്പ് ലഭിച്ചു.

ഫാക്കൽറ്റി ഓഫ് സയൻസ് ഡീൻസ് ഇന്റർനാഷണൽ പോസ്റ്റ് ഗ്രാജ്വേറ്റ് റിസർച്ച് സ്കോളർഷിപ്പ് എന്ന ഈ ഫെലോഷിപ്പിലൂടെ മൊണാഷ് സർവകലാശാലയിൽ മൂന്നുവർഷ ഗവേഷണം പൂർത്തിയാക്കാനാകും.

ഈ മാസം 18-ന് പഠനമാരംഭിക്കും. കോട്ടയം പുതുപ്പള്ളി എറിക്കാടിൽ തൊട്ടിയിൽ ഹൗസിൽ ജീമോൻ ഇട്ടിയുടെയും സോബി ജീമോന്റെയും മകനാണ്. സഹോദരൻ ജിതിൻ വർഗീസ്.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


ACA OPEN ENROLLMENT IS NOVEMBER 15th THROUGH JANUARY 15th
നിങ്ങൾക്ക് അനുയോജ്യമായ പ്ലാൻ തെരഞ്ഞെടുക്കുക
You may qualify for $0 monthly premium health insurance.
CALL
530 298 8078
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# മാധ്യമങ്ങളുടെ അഭിപ്രായ സ്വാതന്ത്ര്യാവകാശം നിയന്ത്രിക്കാനാകില്ല

കൊച്ചി: അഭിപ്രായസ്വാതന്ത്ര്യത്തിനുള്ള മാധ്യമങ്ങളുടെ ഭരണഘടനാദത്തമായ അവകാശം നിയന്ത്രിക്കാനാകില്ലെന്ന് ഹൈക്കോടതി ഫുൾബെഞ്ച്. രാജ്യസുരക്ഷ, അഖണ്ഡത, ക്രമസമാധാനം, വ്യക്തികളുടെ സൽകീർത്തി തുടങ്ങിയവയെ ബാധിക്കുന്ന അവസരത്തിൽ മാത്രമേ ഇത്തരം നിയന്ത്രണം സാധിക്കൂ. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1) പ്രകാരം മാധ്യമങ്ങളുടെയും വ്യക്തികളുടെയും അവകാശങ്ങൾ പരസ്പരപൂരകമാണ്. ഭരണഘടനാമൂല്യങ്ങളും കാഴ്ചപ്പാടുകളും അതു നൽകുന്ന കടമകളും പൗരന്മാരോ മാധ്യമങ്ങളോ അനുഭവിക്കുന്ന അവകാശങ്ങൾക്ക് സ്വയം പരിധിയേർപ്പെടുത്തുന്ന വിധമാണു നിർവചിക്കപ്പെട്ടിട്ടുള്ളതെന്നും ജസ്റ്റിസ് ജയശങ്കരൻ നമ്പ്യാർ അധ്യക്ഷനായ അഞ്ചംഗ ബെഞ്ചിന്റെ ഉത്തരവിൽ വ്യക്തമാക്കി.

ക്രിമിനൽ കേസുകളിലും മറ്റും മാധ്യമ ഉള്ളടക്കം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് 2014-ൽ പൊതുപ്രവർത്തകൻ ഡിജോ കാപ്പനാണ് ആദ്യം കോടതിയെ സമീപിച്ചത്. 2016 ജൂലൈയിൽ ഹൈക്കോടതിക്കു മുന്നിൽ അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിലുണ്ടായ തർക്കങ്ങൾക്കു പിന്നാലെയാണ് മാധ്യമങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരണം എന്നാവശ്യപ്പെട്ട് ഒരുകൂട്ടം ഹർജികൾ ഹൈക്കോടതിയിലെത്തിയത്. മാധ്യമ റിപ്പോർട്ടിംഗിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടേതടക്കം നിരവധി വിധികൾ മുന്നിലുണ്ട്. ഇതിൽ വിശദമായ കോടതി ഇടപെടലുകളും വിശകലനവും വേണമെന്നും വ്യക്തമാക്കി ഹർജികൾ ഭരണഘടനാബെഞ്ചിന് വിട്ടു. ചാനൽ ചർച്ചകൾ നിയന്ത്രിക്കണം, ഓപ്പൺ കോടതിയിലെ ജഡ്ജിമാരുടെ കമന്റുകൾ പ്രസിദ്ധീകരിക്കുന്നതും അന്വേഷണത്തിലിരിക്കുന്ന കേസുകൾ റിപ്പോർട്ട് ചെയ്യുന്നതും വിലക്കണം എന്നിങ്ങനെയുള്ള ആവശ്യങ്ങളായിരുന്നു ഹർജികളിൽ. ബാർ അസോസിയേഷനുകൾ അടക്കമുള്ളവരായിരുന്നു ഹർജിക്കാർ.

മാധ്യമങ്ങളെ നിയന്ത്രിക്കുന്നത് ഭരണഘടനാവിരുദ്ധമാണെന്നു കേസിൽ കക്ഷിചേർന്ന വിവിധ മാധ്യമസ്ഥാപനങ്ങളും അറിയിച്ചിരുന്നു.

അന്വേഷണം നടക്കുന്നതും കോടതികളുടെ പരിഗണനയിലുള്ളതുമായ കേസുകളിൽ മാധ്യമങ്ങൾക്ക് പരിമിതമായ അവകാശം മാത്രമേയുള്ളൂ. പ്രതിയാക്കപ്പെട്ടവർ കുറ്റക്കാരെന്നോ നിരപരാധിയെന്നോ നിലയിൽ അഭിപ്രായപ്രകടനമുണ്ടായാൽ ഇത്തരം റിപ്പോർട്ടിംഗിന് ഭരണഘടനാപരമായ പരിരക്ഷയുണ്ടാകില്ല. കുറ്റക്കാരെന്നോ നിരപരാധിയെന്നോ വിധിക്കാനുള്ള അധികാരം കോടതികൾക്കാണ്. ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഈ വിധിന്യായത്തിലെ ഭാഗം മാർഗനിർദേശമാക്കി പരിഗണിക്കണമെന്നും ജസ്റ്റിസുമാരായ ജയശങ്കരൻ നമ്പ്യാർ, കൗസർ എടപ്പഗത്ത്, സി.പി. മുഹമ്മദ് നിയാസ്, സി.എസ്. സുധ, വി.എം. ശ്യാംകുമാർ എന്നിവർ വ്യക്തമാക്കി.

## അധ്യാപകർക്ക് വിദ്യാർത്ഥികളെ പേടിക്കേണ്ട സ്ഥിതി: കോടതി

കൊച്ചി: ക്രിമിനൽ കേസും ജയിലും ഭയന്ന് കുട്ടികൾക്ക് ക്ലാസെടുക്കേണ്ട സ്ഥിതിയിലാണ് അധ്യാപകരെന്ന് ഹൈക്കോടതി. എന്തു ചെയ്യണം, ചെയ്യേണ്ട എന്ന ഭയമാണ്. അച്ചടക്കത്തിന്റെയും പഠനത്തിന്റെയും ഭാഗമായി നൽകുന്ന നിർദേശങ്ങളും ശിക്ഷകളും അധ്യാപകരെ തുറുങ്കിലാക്കാനുള്ള ക്രിമിനൽ കേസിനുള്ള അവസരമായി കുട്ടികൾ മാറ്റുന്നുണ്ട്.

അധ്യാപകരെ ബഹുമാനിക്കാത്ത ദുഃസ്വഭാവം ചില കുട്ടികൾ സ്ഥിരമായി പുലർത്തുന്നു. ഇതു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനു ഭീഷണിയാണെന്നു മാത്രമല്ല, അപകടകരമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുകയും ചെയ്യും. ഇതേ നില തുടരുകയാണെങ്കിൽ അച്ചടക്കമുള്ള പുതിയ തലമുറയെ എങ്ങനെ വാർത്തെടുക്കാനാകുമെന്ന കാര്യം ഞെട്ടിക്കുന്നതാണെന്നും ജസ്റ്റിസ് എ. ബദറുദ്ദീൻ വ്യക്തമാക്കി. ഏഴാം ക്ലാസ് വിദ്യാർത്ഥിയെ ശിക്ഷിച്ചെന്ന പേരിൽ അധ്യാപികയ്ക്കെതിരെ എടുത്ത കേസിലെ തുടർനടപടികൾ റദ്ദാക്കിയാണു സിംഗിൾ ബെഞ്ചിന്റെ നിരീക്ഷണം. ദക്ഷിണയായി ഗുരു ചോദിച്ച പെരുവിരൽ മടിയില്ലാതെ മുറിച്ചുനൽകിയ കാലമുണ്ടായിരുന്നു. സാങ്കേതികവിദ്യ പുരോഗമിച്ചപ്പോൾ അധ്യാപക-വിദ്യാർത്ഥി ബന്ധം കീഴ്മേൽ മറിഞ്ഞതായി കോടതി പറഞ്ഞു.

ഡെസ്കിൽ കാൽ കയറ്റിവെച്ച് ക്ലാസിലിരുന്നതു ചോദ്യം ചെയ്ത അധ്യാപികയെ വിദ്യാർത്ഥി അസഭ്യം പറഞ്ഞതിനെത്തുടർന്ന് വടിയെടുത്ത് അടിച്ചിരുന്നു. എന്നാൽ, അടിച്ചുപരുക്കേൽപ്പിച്ചെന്ന പേരിൽ നൽകിയ പരാതിയിൽ വാടാനപ്പള്ളി പോലീസ് കേസെടുത്തു. ഇപ്പോൾ തൃശൂർ അഡീ. സെഷൻസ് കോടതിയുടെ പരിഗണനയിലുള്ള കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് അധ്യാപിക കോടതിയെ സമീപിക്കുകയായിരുന്നു.

## സിൽവർലൈൻ: ബ്രോഡ്ഗേജാക്കാൻ ചെലവ് 1,40,000 കോടി

തിരുവനന്തപുരം: തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതി റെയിൽവേ നിർദേശിക്കുന്ന രീതിയിൽ ബ്രോഡ്ഗേജാക്കി പുതിയ അലൈൻമെന്റിൽ നിർമിക്കണമെങ്കിൽ ചെലവ് 1,40,000 കോടി രൂപ കടക്കും. സ്റ്റാൻഡേഡ് ഗേജിലുള്ള പദ്ധതിക്കു കേരളം കണക്കായിരുന്നത് 63,941 കോടി രൂപയാണെങ്കിലും പദ്ധതി പൂർത്തിയാകുമ്പോൾ ചെലവ് 1,26,00 കോടി രൂപ കവിയുമെന്നായിരുന്നു മുൻപു നീതി ആയോഗ് കണ്ടെത്തിയിരുന്നത്. പാത ബ്രോഡ്ഗേജാകുമ്പോൾ ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് കൂടും. ഇത് പദ്ധതി ച്ചെലവു കൂട്ടുമെന്നു വിദഗ്ധർ പറയുന്നു. അങ്കമാലി-എരുമേലി ശബരിപാതയ്ക്ക് സംസ്ഥാന വിഹിതമായി 1905 കോടി രൂപ കണ്ടെത്താൻ കഴിയാത്ത കേരള സർക്കാർ ഇത്രയും ഭീമമായ തുക എങ്ങനെ സമാഹരിക്കുമെന്നു വ്യക്തമല്ല. ശബരിപാത നടപ്പാക്കാൻ നാല് വർഷങ്ങളിലായി 500 കോടി രൂപ വീതമാണു കേരളം നൽകേണ്ടത്. അതിനായി കിഫ്ബി വായ്പയെ കേരളത്തിന്റെ കടമെടുപ്പു പരിധിയിൽനിന്ന് ഒഴിവാക്കണമെന്നു കാണിച്ചു കത്തു നൽകി കാത്തിരിക്കുകയാണു കേരള സർക്കാർ. തിരുവനന്തപുരം മുതൽ തിരൂർ വരെ നിലവിലെ സിൽവർലൈൻ അലൈൻമെന്റ് റെയിൽവേ ഭൂമിയിൽ കാര്യമായി പ്രവേശിക്കാത്തതിനാൽ ഡിപിആർ പരിഷ്കരിക്കാമെന്ന നിർദേശം ഉയരുന്നുണ്ട്. ഡിപിആർ തയാറാക്കാൻ ഒരു വർഷം. ഭൂമിയേറ്റെടുക്കാൻ രണ്ട് വർഷം. പദ്ധതി നടപ്പാക്കാനും കമ്മീഷൻ ചെയ്യാനും മൂന്ന് വർഷം എന്നിങ്ങനെ ആറ് വർഷം കുറഞ്ഞതു പദ്ധതിക്കു വേണ്ടിവരും. അതേസമയം, തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ, പദ്ധതി നടപ്പാക്കാത്തതു തങ്ങളുടെ കുറ്റം കൊണ്ടല്ലെന്നു വരുത്തിത്തീർക്കാനുള്ള നാടകമാണു റെയിൽവേ മന്ത്രിയുടെ പ്രസ്താവനയെന്നും പലരും സംശയിക്കുന്നുണ്ട്.

## ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് വിരമിച്ചു

ന്യൂഡൽഹി: അച്ഛൻ 'ബെഞ്ചിലിരിക്കെ' അവസാന നിരയിലെ ബെഞ്ചിൽ വന്നിരുന്നു വാദം കേട്ടു തുടങ്ങിയ കാലത്തെക്കുറിച്ച് പറഞ്ഞ് ഇന്ത്യയുടെ അൻപതാമത് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അവസാന പ്രവൃത്തിദിനവും പൂർത്തിയാക്കി പദവിയിൽ നിന്നു വിരമിച്ചു.



സെറിമോണിയൽ ബെഞ്ച് ചേരുന്നതിനിടെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അടുത്ത ചീഫ് ജസ്റ്റിസാകുന്ന സഞ്ജീവ് ഖന്നയുമായി സൗഹൃദം പങ്കിടുന്നു

ഏറ്റവും കൂടുതൽ കാലം ചീഫ് ജസ്റ്റിസായിരുന്ന വൈ.വി. ചന്ദ്രചൂഡിന്റെ മകനായ ഡി.വൈ. ചന്ദ്രചൂഡ് രണ്ടു വർഷത്തെ സേവനമാണ് പൂർത്തിയാക്കിയത്. കുട്ടിയായിരിക്കെ ഒന്നാംനമ്പർ കോടതിയുടെ പിൻനിരയിൽ വന്നിരുന്നു കോടതി നടപടികൾ കണ്ടുപഠിച്ച കാലത്തെക്കുറിച്ചു വിടവാങ്ങൽ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഏറ്റവും കൂടുതൽ ട്രോൾ ചെയ്യപ്പെട്ട ജഡ്ജി താനാണെന്നും ഇനിമുതൽ ട്രോളുകാർ തൊഴിലില്ലാത്തവരാകുമെന്നും ബാർ അസോസിയേഷൻ സംഘടിപ്പിച്ച യാത്രയയപ്പിൽ നർമ്മരൂപേണ അദ്ദേഹം പറഞ്ഞു.

"ആരും പ്രധാനപ്പെട്ടവരല്ല. ഞങ്ങളില്ലെങ്കിൽ കോടതി ഇല്ല എന്ന അവസ്ഥയില്ല. മഹാരഥന്മാർ പലരും ഇവിടെ ഇരുന്നിട്ടുണ്ട്. അവർ ബാറ്റൺ പിൻമുറക്കാർക്ക് കൈമാറി. പല അഭിപ്രായങ്ങളുള്ളവരും വ്യത്യസ്ത സാഹചര്യത്തിലുള്ളവരുമെല്ലാം ഇവിടേക്ക് ഇനിയും വരും:" ചീഫ് ജസ്റ്റിസ് പറഞ്ഞു.

അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി, സോളിസിറ്റർ ജനറൽ തുഷാർ മേത്ത, ബാർ അസോസിയേഷൻ പ്രസിഡണ്ട് കപിൽ സിബൽ, എഒആർ അസോസിയേഷൻ പ്രസിഡണ്ട് വിപിൻ നായർ, മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ തുടങ്ങി ഒട്ടേറെപ്പേർ ചീഫ് ജസ്റ്റിസിന് ആശംസകൾ നേർന്നു സംസാരിച്ചു.






# പരിശുദ്ധ പരുമല തിരുമേനിയുടെ കാപ്പ ക്യൂൻസ് പള്ളിയിൽ

ലേഖകൻ



ഫിലിപ്പ് ചെറിയാൻ

പരുമല തിരുമേനി കാലം ചെയ്തിട്ട് നവംബർ 2-ാം തീയതി 122 വർഷം തികഞ്ഞു. വിശ്വാസിയായ എനിക്ക് അത് മറക്കാനാകില്ല. ഓർത്തഡോക്സ് വിശ്വാസിയായ എനിക്ക് പരുമല തിരുമേനിയുടെ കാപ്പ ക്യൂൻസിലുള്ള, ചെറി ലൈനിലുള്ള പള്ളിയിൽ സൂക്ഷിച്ചിരിക്കുന്ന വിവരം വളരെ വൈകിയാണ് അറിയുന്നത്. അതൊരു നിമിത്തമായി ഞാൻ കരുതുന്നു. സാമുവേൽ കോറെപ്പിസ്കോപ്പായുടെ കാലത്താണ് കാപ്പ. അത് മേൽവിവരിച്ച പള്ളിയിൽ എത്തുന്നതും. എന്റെ ഇടവക പള്ളിയായ റോക്‌ലാൻഡ് സെന്റ് മേരീസ് പള്ളിയിലുള്ള പലരുമായും ഇതിനെപ്പറ്റി ഞാൻ ചോദിക്കുകയും കൂടുതൽ അറിയുന്നതിനായി ആരായുകയുമുണ്ടായി. വളരെ കുറച്ചു പേർക്കു മാത്രമേ അതവിടെ ഉണ്ടെന്ന കാര്യം അറിയൂ എന്ന് സംസാരത്തിൽ നിന്നും വ്യക്തമായി.

കോർ എപ്പിസ്കോപ്പ വെരി റവറന്റ് ഫാ. ജേക്കബ് ജോൺസ് എന്റെ നാട്ടുകാരനും ഞാൻ അധികം മനസ്സിൽ കൊണ്ടുനടക്കുന്ന കാലംചെയ്ത കൂറിലോസ് ബാവയുടെ അടുപ്പം ഞാൻ പിന്നീടാണ് അറിയുന്നത്. അച്ചൻ രണ്ട് മൂന്ന് ദിവസങ്ങൾ എന്നോടൊപ്പം ഉണ്ടായിരുന്നു.

അച്ചന് ഞങ്ങളുടെ പള്ളിയിൽ (St. Mary's Church of Rockland, Suffern, New York) കുർബാന ചൊല്ലാനുള്ള അവസരം കിട്ടിയത് ഒരു ഭാഗ്യമായി ഞാൻ കരുതട്ടെ? പിന്നെയാണ് ഞാൻ അറിയുന്നത് പരുമല തിരുമേനിയുടെ കാപ്പ ക്യൂൻസിലുള്ള ചെറി ലൈനിലുള്ള പള്ളിയിൽ ഉണ്ടെന്നു അറിയുന്നത്. അച്ചനും കൊച്ചമ്മയ്ക്കും സിറ്റി കാണാൻ ആഗ്രഹം. വളരെ തണുപ്പും കാറ്റും ഉള്ളതിനാൽ, അച്ചൻ പറഞ്ഞപ്രകാരം ഞങ്ങളുടെ യാത്ര കാപ്പ കാണാനുള്ള യാത്രയിലേക്കു മാറ്റി. വലിയച്ചൻ എന്നതിലുപരി, ഞാൻ ഏറ്റവും സ്നേഹിക്കുന്നതും ബഹുമാനിക്കുന്നതുമായ പൗലോസ് ആദായി കോർ എപ്പിസ്കോപ്പയെ ഒരിക്കലും എനിക്ക് മറക്കാൻ കഴിയില്ല.

ആദായി അച്ചന്റെ മകൻ ചെറി ലൈൻ പള്ളിയിലെ ട്രസ്റ്റി ആണെന്ന് എനിക്കറിയില്ലായിരുന്നു. നാട്ടിലെ അച്ചന്റെ വരവും കുറെക്കാലംകൂടി ആദായി അച്ചനെയും കുടുംബത്തെയും കാണാനുള്ള ആഗ്രഹവും അതൊരു നിമിത്തം തന്നെ.

2000 ഡോളറോളം മുടക്കി പരുമല തിരുമേനിയുടെ ഇത്രയും വർഷമായ കാപ്പ, കാറ്റുകേറാത്ത വാകം പായ്ക്കിൽ സൂക്ഷിക്കുന്നത് ആദായി അച്ചനിൽ നിന്നാണ് ഞാൻ അറിയുന്നത്. നൂറ്റാണ്ടിനു മുകളിൽ പഴക്കമുള്ള കാപ്പ, പുതിയ കാപ്പയെന്നു തോന്നുംവിധം സൂക്ഷിച്ചിരിക്കുന്നു.









ആദായി അച്ചൻ ഒരു മണിക്കൂർ മുൻപുതന്നെ പള്ളിയുടെ താക്കോലുമായി കാത്തു നിൽക്കുന്നു. അപ്പോളാണ് ഞാൻ അറിയുന്നത് അച്ചന്റെ മകനാണ് ട്രസ്റ്റി എന്ന്. പലരും വീൽ ചെയറിൽ വന്നു, അത് ഉപേക്ഷിച്ച് നടന്നുപോയ ചരിത്രവും അച്ചനിലൂടെ അറിഞ്ഞു. പറഞ്ഞറിയിക്കാൻ പറ്റാത്ത മറ്റൊരു ലോകം. അതിൽ ചിലർ നമ്മുടെ കമ്യൂണിറ്റിയിൽപെട്ട ആളും അല്ലെന്ന് അച്ചനിലൂടെ ഞാൻ അറിഞ്ഞു. പരുമല തിരുമേനിയുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്ന അന്തരീക്ഷം. മറ്റൊരിടത്തു വട്ടശ്ശേരി തിരുമേനിയുടെ ചിത്രം. കുറെയധികം സമയം ഞങ്ങൾ അവിടെ ചെലവഴിച്ചു. പള്ളി പുതുക്കിപ്പണിയാനുള്ള തീരുമാനമായി എന്നറിഞ്ഞു.

ആദായ് അച്ചന്റെ ക്ഷണപ്രകാരം അച്ചന്റെ വീട്ടിലേക്കൊരു യാത്ര. എത്ര ഒഴിയാൻ ശ്രമിച്ചാലും അതു നടക്കില്ല. അച്ചനും മകളും മകനും അടുത്തടുത്ത് താമസിക്കുന്നു. ഇത്രയും അടുത്തടുത്ത് കുടുംബങ്ങൾ താമസിക്കുന്ന മറ്റൊരു കുടുംബം ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല.

ബർണബാസ് തിരുമേനിയുടെ ഒരു മരക്കുരിശും എന്നെ കാണിച്ചു. നമ്മുടെ സഭയിലെ ഒരു മറ്റൊരു പരിശുദ്ധൻ എന്നു തോന്നുംവിധം ജീവിതം നയിച്ചിട്ടുള്ള തിരുമേനി എന്ന് ഞാൻ പറയട്ടെ, അങ്ങനെ കരുതുന്നതാണെനിക്കിഷ്ടം. തിരുമേനി ഉപയോഗിച്ചിരുന്ന കുരിശ് ഞാൻ ചോദിച്ചു. അതിനു പകരം ജെറുസലേമിൽ നിന്നും കൊണ്ടുവന്ന ഒരു കുരിശ്, എടോ ഇതേ എന്റെ കൈയിൽ തനിക്കു തരാൻ ഉള്ളു എന്ന് പറഞ്ഞ് എന്നെ ഏല്പിക്കുന്നു. അച്ചൻ പ്രാർത്ഥനയിൽ ഉപയോഗിക്കുന്ന കുരിശാണെന്നു പറഞ്ഞപ്പോൾ, പാപിയായ ഞാൻ അച്ചന്റെ മുൻപിൽ വെച്ച് അത് എന്റെ സഹധർമ്മിണിയെ ഏല്പിക്കുന്നു. എനിക്കു കിട്ടിയിട്ടുള്ളതിൽ വെച്ചേറ്റവും വിലയുള്ള സമ്മാനമായി ഞാൻ കരുതുന്നു. അച്ചൻ പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്ന കുരിശെന്നു കൂടി കേട്ടപ്പോൾ അതിന്റെ വില ഇരട്ടിയായി. ഞാനും ആദായി അച്ചനുമായുള്ള അടുപ്പത്തിനപ്പുറം, മറ്റൊരാളുമായി അച്ചന് അടുപ്പമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.





ചെങ്ങന്നൂർ സ്വദേശിയായ ജേക്കബ് ജോൺസ് കോർ എപ്പിസ്കോപ്പയെ പോലെ സഭാചരിത്രം അറിയാവുന്ന മറ്റൊരച്ചൻ എന്റെ അറിവിൽ ഇല്ല. ഇപ്പോൾ മകളോടൊപ്പം ചിക്കാഗോയിൽ താമസിക്കുന്നു. അന്നെടുത്ത കുറെ ചിത്രങ്ങൾ ഇതിനോടൊപ്പം.

സഭാ വിശ്വാസികളെ ഇനിയും നിങ്ങളുടെ യാത്ര ക്യൂൻസിലുള്ള ചെറി ലൈനിലുള്ള ആ പള്ളിയിലേക്കാകട്ടെ!

# ദിവ്യയ്ക്ക് ജാമ്യം; ബ്രാഞ്ചിലേക്ക് തരംതാഴ്ത്തി

കണ്ണൂർ: അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് കെ. നവീൻ ബാബു ആത്മഹത്യ ചെയ്ത സംഭവത്തിൽ റിമാൻഡിൽ കഴിഞ്ഞിരുന്ന ജില്ലാപഞ്ചായത്ത് മുൻ പ്രസിഡണ്ടും സിപിഎം ജില്ലാ കമ്മിറ്റി അംഗവുമായ പി.പി. ദിവ്യക്ക് തലശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. ഇതിനിടെ, ഇരിണാവ് ഡാം ബ്രാഞ്ചിലേക്ക് ദിവ്യയെ തരംതാഴ്ത്താൻ ജില്ലാ സെക്രട്ടേറിയറ്റ് തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റി അംഗീകരിച്ചാൽ തീരുമാനം നടപ്പാകും. ദിവ്യക്കെതിരെ നടപടി വേണമെന്ന് സിപിഎം പത്തനംതിട്ട ജില്ലാ കമ്മിറ്റി കർശന നിലപാട് എടുത്തിരുന്നു.



നവീൻ ബാബുവിന്റെ യാത്രയയപ്പ് യോഗത്തിൽ സംസാരിച്ചതിനെക്കുറിച്ച് ദിവ്യ നല്കിയ വിശദീകരണം പാർട്ടിയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ബോദ്ധ്യപ്പെട്ടതോടെയാണ് കടുത്ത നടപടി. യോഗത്തിൽ ക്ഷണിക്കാതെയെത്തിയ ദിവ്യ നടത്തിയ വിവാദപ്രസംഗത്തിനു പിന്നാലെ എഡിഎം ആത്മഹത്യ ചെയ്യുകയായിരുന്നു.

കളക്ടർ വിളിച്ചിട്ടാണ് യോഗത്തിൽ പങ്കെടുത്തതെന്നും അഴിമതിക്കാര്യം സദുദ്ദേശ്യത്തോടെ ചൂണ്ടിക്കാട്ടുക മാത്രമാണ് ചെയ്തതെന്നുമായിരുന്നു ദിവ്യ പാർട്ടിക്ക് നല്കിയ വിശദീകരണം. എന്നാൽ, പോലീസ് നടത്തിയ അന്വേഷണത്തിൽ യാത്രയയപ്പ് യോഗത്തിൽ പങ്കെടുക്കാൻ അവസരമൊരുക്കണമെന്ന് ദിവ്യ കളക്ടറോട് ആവശ്യപ്പെട്ടതാണെന്ന് വ്യക്തമായി. ഇരുവരും തമ്മിൽ 50 സെക്കൻഡ് നീണ്ട ഫോൺ സംഭാഷണം പരിശോധിച്ചപ്പോഴാണ് ഇത് വ്യക്തമായത്. ഇക്കാര്യം കളക്ടർ മൊഴിയായി നല്കുകയും ചെയ്തിരുന്നു.

# സ്വകാര്യസ്വത്ത് എല്ലാം ഏറ്റെടുക്കാനാവില്ല: സുപ്രീം കോടതി

ന്യൂഡൽഹി: സമൂഹനന്മയ്ക്കായി ഏതു സ്വകാര്യസ്വത്തും ഏറ്റെടുക്കാൻ സർക്കാരുകൾക്ക് കഴിയില്ലെന്ന് സുപ്രീംകോടതി ഭൂരിപക്ഷ വിധിയിലൂടെ (7-2) വ്യക്തമാക്കി. എല്ലാ സ്വകാര്യസ്വത്തും സമൂഹനന്മയ്ക്കായി ഏറ്റെടുക്കാമെന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെയും (1978-ലെ രംഗനാഥ് റെഡ്ഡി കേസ്) ജസ്റ്റിസ് ചിന്നപ്പ റെഡ്ഡിയുടെയും (1982-ലെ സഞ്ജീവ് കോക് കേസ്) ഉത്തരവുകളോട് വിയോജിച്ചാണ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ഭരണഘടനാ ബെഞ്ചിന്റെ ഭൂരിപക്ഷ വിധി.

സ്വകാര്യസ്വത്ത് സമൂഹനന്മയ്ക്കായി ഏറ്റെടുത്ത് പുനർവിതരണം ചെയ്യാൻ സർക്കാരുകൾക്ക് അധികാരമുണ്ടോ എന്ന വിഷയമാണ് കോടതി പരിശോധിച്ചത്. സമൂഹത്തിലെ പൊതുവിഭവങ്ങൾ പങ്കിട്ടു നല്കാൻ ഭരണഘടനയിലെ നിർദേശക തത്വങ്ങളിലുള്ള 39 ബി വകുപ്പ് സർക്കാരിനെ ചുമതലപ്പെടുത്തുന്നുണ്ട്. അതിന്റെ പരിധിയിൽ ചില സ്വകാര്യസ്വത്തുക്കൾ ഉൾപ്പെടുമെങ്കിലും എല്ലാം അതിൽപ്പെടില്ലെന്നു ചീഫ് ജസ്റ്റിസ് എഴുതിയ ഭൂരിപക്ഷ വിധിയിൽ വ്യക്തമാക്കുന്നു. ഇതിനോട് ഭാഗികമായി യോജിച്ചെങ്കിലും ജസ്റ്റിസ് ബി.വി. നാഗരത്ന പ്രത്യേക വിധിന്യായമെഴുതി. ജസ്റ്റിസ് സുധാംശു ധൂലിയ വിയോജിച്ചു വിധിയെഴുതി.

# ആറ് ലക്ഷം ഫോൺ നമ്പർ റദ്ദാക്കി

ന്യൂഡൽഹി: ഡിജിറ്റൽ അറസ്റ്റ് ഉൾപ്പെടെ സൈബർ തട്ടിപ്പ് കേസുകളുമായി ബന്ധപ്പെട്ട 6 ലക്ഷം ഫോൺ നമ്പറുകൾ റദ്ദാക്കി. സൈബർ തട്ടിപ്പുകൾ തടയാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സൈബർ ആൻഡ് ഇൻഫർമേഷൻ (സിഐഎസ്) വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന '14സി' വിഭാഗത്തിന്റേതാണ് നടപടി. തട്ടിപ്പിനു വഴിയൊരുക്കുന്ന 709 മൊബൈൽ ആപ്ലിക്കേഷനുകളും റദ്ദാക്കി. വിവിധ സംസ്ഥാനങ്ങളിൽ സൈബർ തട്ടിപ്പു കേസുകളുമായി ബന്ധപ്പെട്ട് ഐ.എം.ഇ.ഐ നമ്പർ തിരിച്ചറിഞ്ഞ ഒരു ലക്ഷം മൊബൈൽ ഹാൻഡ്സെറ്റുകൾ കരിമ്പട്ടികയിൽപ്പെടുത്തി. 3.25 ലക്ഷം വ്യാജ ബാങ്ക് അക്കൗണ്ടുകളും മരവിപ്പിച്ചിട്ടുണ്ട്. സൈബർ തട്ടിപ്പുകളിൽ പെടാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മേദിയുടെ മൻകി ബാത്തിലൂടെയുള്ള മുന്നറിയിപ്പിനെത്തുടർന്നാണ് ഈ നടപടി. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പ് ഉൾപ്പെടെ വലിയ കേസുകളുടെ വിവരങ്ങൾ കൈമാറണമെന്ന് സംസ്ഥാന അന്വേഷണ ഏജൻസികളോടും 14സി ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ മേൽനോട്ട ചുമതലയ്ക്കായി ആഭ്യന്തര സുരക്ഷാ വിഭാഗം സ്പെഷൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

# അലിഗഡ് സർവകലാശാലയ്ക്ക് ന്യൂനപക്ഷ പദവി തുടരാം: സുപ്രീംകോടതി

ന്യൂഡൽഹി: അലിഗഡ് മുസ്‌ലിം സർവകലാശാലയ്ക്ക് ന്യൂനപക്ഷ പദവി തുടരാമെന്ന് 1967-ലെ അലഹബാദ് ഹൈക്കോടതി വിധി റദ്ദാക്കി സുപ്രീംകോടതി ഭരണഘടനാബെഞ്ച് ഭൂരിപക്ഷ വിധിയിലൂടെ വ്യക്തമാക്കി. അലിഗഡ് മുസ്‌ലിം സർവകലാശാല ന്യൂനപക്ഷ സ്ഥാപനമാണോ എന്ന കാര്യം പ്രത്യേക മൂന്നംഗ ബെഞ്ച് തീരുമാനിക്കുമെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഒരു സ്ഥാപനം ന്യൂനപക്ഷ സ്ഥാപനമാകാൻ അതു സ്ഥാപിച്ചത് ന്യൂനപക്ഷമായാൽ മതിയെന്നും ഭരണനിർവഹണം ന്യൂനപക്ഷത്തിനാകണമെന്നില്ലെന്നും പ്രഖ്യാപിച്ചാണ് സുപ്രീംകോടതിയുടെ വിധി.

പാർലമെന്റിന്റെ നിയമനിർമാണത്തിലൂടെ വന്ന വിദ്യാഭ്യാസ സ്ഥാപനമായതിനാൽ ന്യൂനപക്ഷ സ്ഥാപനമാകില്ലെന്ന സുപ്രീംകോടതിയുടെ പഴയ വിധി ഭരണഘടനാവിരുദ്ധമാണെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവർ വ്യക്തമാക്കി. എന്നാൽ, ജസ്റ്റിസുമാരായ സൂര്യകാന്ത്, ദീപാങ്കർ ദത്ത, സതീഷ് കുമാർ മിശ്ര എന്നിവർ ഈ തീർപ്പിനോടു വിയോജിച്ച് ഭിന്നവിധി പുറപ്പെടുവിച്ചു. ഒരു വിദ്യാഭ്യാസ സ്ഥാപനം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ സ്ഥാപിച്ചു ഭരണം നടത്തുകയാണെങ്കിൽ മാത്രമേ അവർക്ക് ന്യൂനപക്ഷപദവി അവകാശപ്പെടാൻ സാധിക്കുകയുള്ളൂവെന്നാണ് 1967-ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് എസ്. അസീസ് ബാഷ കേസിൽ വിധിച്ചത്. പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതിനാൽ ന്യൂനപക്ഷ പദവി അവകാശപ്പെടാനാകില്ലെന്നും 1967-ലെ വിധിയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ, ഒരു സ്ഥാപനത്തെ നിയന്ത്രിക്കുന്നതിനോ ഭരിക്കുന്നതിനോ സർക്കാർ ഒരു നിയമം കൊണ്ടുവന്നതുകൊണ്ടു മാത്രം സ്ഥാപനത്തിന് അതിന്റെ ന്യൂനപക്ഷപദവി നഷ്ടപ്പെടില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

news@keralaexpress.com






# ചിക്കാഗോ എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷം ഡിസംബർ 7-ന്

കാർമൽ തോമസ്

ചിക്കാഗോ: എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 41-ാമത്തെ ക്രിസ്മസ് ആഘോഷങ്ങൾ ഡിസംബർ 7-ന് ശനിയാഴ്ച വൈകിട്ട് 5 മണിക്ക് മാർ തോമ്മാശ്ലീഹാ സീറോമലബാർ കാത്തലിക് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ (5000 St. Charles Rd, Bellwood) വെച്ച് നടത്തപ്പെടുന്നു.

5 മണിയോടെ ആരംഭിക്കുന്ന ഭക്തിനിർഭരമായ പ്രൊസഷനുശേഷം ആരാധനയും പൊതുസമ്മേളനവും എക്യുമെനിക്കൽ കൗൺസിലിലെ അംഗങ്ങളായ 17 ദേവാലയങ്ങളിൽ നിന്നും മനോഹരങ്ങളായ സ്കിറ്റുകൾ, ഗാനങ്ങൾ, നൃത്തങ്ങൾ എന്നിവകളും അരങ്ങേറും. 17 ദേവാലയങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി എക്യുമെനിക്കൽ ക്വയർ പ്രത്യേക ഗാനങ്ങൾ ആലപിക്കും.

ക്രിസ്മസ് ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിന് റവ.ഫാ. ഹാം ജോസഫ് (ചെയർമാൻ), ആന്റോ കവലയ്ക്കൽ (കൺവീനർ), ഏലിയാമ്മ പുന്നൂസ് (പ്രോഗ്രാം കോ-ഓർഡിനേറ്റർ), കൂടാതെ 20 പേർ അടങ്ങുന്ന ഒരു കമ്മിറ്റിയും അണിയറയിൽ പ്രവർത്തിച്ചുവരുന്നു.

ജേക്കബ് കെ. ജോർജ് (ക്വയർ കോ-ഓർഡിനേറ്റർ), ജോൺസൺ കണ്ണൂക്കാടൻ, റോഡ്നി സൈമൺ, ജോർജ് മാത്യു, സാറാ വർഗീസ്, ഏബ്രഹാം ജോർജ്, ജോയ്സ് ചെറിയാൻ, സിബി മാത്യു, ഷീബ ഷാബു (സ്റ്റേജ്), ആഗ്നസ് തെങ്ങുമ്മൂട്ടിൽ, സുശീല ജോൺസൺ, സിബിൾ ഫിലിപ്പ്, സിനിൽ ഫിലിപ്പ്, മഞ്ജു ബേബി, കാർമൽ തോമസ് (ഗ്രീൻ റൂം), ജെയിംസ് പുത്തൻപുരയിൽ, സൈമൺ തോമസ് (ഫുഡ്), മാത്യു മാപ്ലേട്ട്, വർഗീസ് ഫിലിപ്പ് (വോളന്റിയർ ക്യാപ്റ്റൻസ്) തുടങ്ങിയവർ സബ് കമ്മിറ്റികളുടെ വിവിധ തലങ്ങളിൽ നേതൃത്വം നല്കുന്നു.

അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവും എക്യുമെനിക്കൽ കൗൺസിലിന്റെ രക്ഷാധികാരികളാണ്. വെരി റവ. സഖറിയ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (പ്രസിഡണ്ട്), റവ. ജോ വർഗീസ് മലയിൽ (വൈസ് പ്രസിഡണ്ട്), പ്രേംജിത് വില്യം (സെക്രട്ടറി), ബീന ജോർജ് (ജോ. സെക്രട്ടറി), ജേക്കബ് കെ. ജോർജ് (ട്രഷറർ), വർഗീസ് പാലമലയിൽ (ജോ. ട്രഷറർ) എന്നീ എക്സിക്യൂട്ടീവ് അംഗങ്ങൾ എക്യുമെനിക്കൽ കൗൺസിലിന് നേതൃത്വം നല്കുന്നു.

ക്രിസ്മസ് ആഘോഷം കൂടാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതി, യുവജനങ്ങൾക്കുള്ള ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ, വോളിബോൾ ടൂർണമെന്റുകൾ, വനിതാ വിഭാഗം നടത്തുന്ന വിനോദസഞ്ചാര യാത്രകൾ, സൺഡേസ്കൂൾ കലാമേള, ടാലന്റ് നൈറ്റ്, വേൾഡ് ഡേ പ്രെയർ, കുടുംബസമ്മേളനം, യൂത്ത് റിട്രീറ്റ്, എക്യുമെനിക്കൽ കൺവൻഷൻ തുടങ്ങിയവയും എക്യുമെനിക്കൽ കൗൺസിലിന്റെ പ്രവർത്തനമേഖലകളിൽ ഉൾപ്പെടുന്നു.

ഏവരെയും ക്രിസ്മസ് ആഘോഷങ്ങളിലേക്ക് സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു. വിവരങ്ങൾക്ക്: വെരി റവ. സഖറിയ തേലാപ്പിള്ളിൽ കോർ എപ്പിസ്കോപ്പ (224 217 7846), റവ.ഫാ. ഹാം ജോസഫ് (708 856 7490), പ്രേംജിത് വില്യം (847 962 1893), ആന്റോ കവലയ്ക്കൽ (630 666 7310), ഏലിയാമ്മ പുന്നൂസ് (224 425 6510).

# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് മിഷിഗണിന്റെ വാർഷിക മീറ്റിംഗ് നടത്തി

രാജൻ ഡിട്രോയിറ്റ്

ഡിട്രോയിറ്റ്: 18 വർഷങ്ങൾക്കു മുൻപ് ഡിട്രോയിറ്റിൽ ആരംഭിച്ച ഇന്ത്യൻ നേഴ്സസ് അസോസിയേഷന്റെ (INAM) വാർഷിക മീറ്റിംഗ് നവംബർ 3-ന് Troy Authentika Restaurant-ൽ വെച്ച് നടത്തി. INAM, NAINA (നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നേഴ്സസ് ഇൻ അമേരിക്ക)-ൽ അഫിലിയേറ്റഡ് ആണ്.

INAM പ്രസിഡണ്ട് അന്നമ്മ മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ പ്രസിഡണ്ട് എല്ലാവരേയും സ്വാഗതം ചെയ്തു.

ഏകദേശം ഇരുപതോളം പുതിയ അംഗങ്ങൾ ഈ മീറ്റിംഗിൽ സംബന്ധിച്ചു. ഇനാമിന്റെ ഭാവി കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. ഡിസംബർ മാസത്തിൽ നടക്കുന്ന മീറ്റിംഗിൽ വെച്ച് 2025-2026-ലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാനും യോഗം തീരുമാനിച്ചു.

സരാജ സാമുവൽ, അന്നമ്മ മാത്യൂസ്, സിനൂസ് ജോസഫ് എന്നിവർ മീറ്റിംഗിന് നേതൃത്വം നല്കി.

കൂടുതൽ വിവരങ്ങൾക്ക്: ആൻ മാത്യൂസ് 734 634 8069, സരാജ സാമുവൽ 248 320 4018, സിനൂസ് ജോസഫ് 248 974 1631.






# ഫൊക്കാനയുടെ അംഗീകാരം ഏറെ വിലപ്പെട്ടത്: ഡോ. എ.പി. സുകുമാർ കാനഡ

ഉമ സജി

ന്യൂയോർക്ക്: 2024 ഇലക്ഷനുശേഷം ഫൊക്കാനയുടെ ആദ്യത്തെ ന്യൂയോർക്ക് മെട്രോ റീജിയണൽ മീറ്റിംഗ്, മുതിർന്ന ഫൊക്കാന സാരഥികളുടെ സാന്നിദ്ധ്യത്തിൽ പ്രൗഢഗംഭീരമായി അരങ്ങേറി. പ്രസിഡണ്ട് സജിമോൻ ആന്റണിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പോൾ കറുകപ്പള്ളി, ഡോ. ആനി പോൾ, ശ്രീകുമാർ ഉണ്ണിത്താൻ, ജോയി ചാക്കപ്പൻ, ലീല മാരേറ്റ്, ബിജു കൊട്ടാരക്കര, സജി പോത്തൻ, ഫിലിപ്പോസ് ഫിലിപ്പ്, ഗീത ജോർജ്, ലാജി തോമസ്, ഡോൺ തോമസ്, ജിൻസ് തോമസ് തുടങ്ങി നിരവധി വിശിഷ്ട സാന്നിധ്യം വേദിയിലും സദസ്സിലും ഉണ്ടായിരുന്നു. അമേരിക്കൻ മലയാളികൾക്ക് ക്ഷേമകരമായ പുതിയ പല പദ്ധതികളുടെ രൂപരേഖ മുന്നോട്ടുവെച്ചായിരുന്നു തുടക്കം. കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതുതലമുറയ്ക്ക് അന്യമാകാതിരിക്കാൻ കലാ-സാഹിത്യ രംഗത്ത് ഫൊക്കാന വിലപ്പെട്ട സംഭാവനകളാണ് നൽകിവരുന്നത്. സംഘടനകളുടെ സംഘടന എന്ന നിലയിൽ മാതൃകാപരമായി പ്രവാസിമലയാളികളുടെ ആവശ്യങ്ങൾക്കൊപ്പവും ഫൊക്കാന സജീവമാണ്. അമേരിക്കയിലും കേരളത്തിലുമായി നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളിലൂടെയും ഫൊക്കാന ആഗോളശ്രദ്ധ നേടിയിട്ടുണ്ട്. ഇത്തവണ മുന്നോട്ടുവെച്ചിരിക്കുന്ന പദ്ധതികൾ കൂടുതൽ മലയാളികൾക്ക് പ്രയോജനപ്പെടുത്തുവാനാണ് ഇപ്പോഴത്തെ നേതൃത്വം ശ്രമിക്കുന്നത്. പുതിയ ലക്ഷ്യമായ ഹെൽത്ത് ക്ലിനിക് പദ്ധതി ഏറെ ആശാവഹമാണ്. പൊതുജനങ്ങളുടെയും ഹെൽത്ത് പ്രൊഫഷണലുകളുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.



കലയെയും സാഹിത്യത്തെയും എക്കാലവും കൈ പിടിച്ചുയർത്തുന്ന ഫൊക്കാന നൽകിവരുന്ന സാഹിത്യ അവാർഡിന് കേരളത്തിലും ഇവിടെയും മികച്ച മൂല്യവും സ്വീകാര്യതയുമുണ്ട്. ജ്ഞാനപീഠ ജേതാവായ തകഴി ശിവശങ്കരപ്പിള്ളയുടെ അവാർഡ് ശേഖരണത്തിൽ ഏറെ തിളക്കത്തോടെയാണ് ഫൊക്കാന അവാർഡ് സൂക്ഷിച്ചിട്ടുള്ളത്.

2024 തർജ്ജമ വിഭാഗത്തിൽ ഫൊക്കാന സത്യാർത്ഥി അവാർഡ് ഡോ. എ.പി. സുകുമാർ കാനഡയ്ക്ക് പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി ഈ വേദിയിൽ നൽകി ആദരിച്ചു. എം.പി. ഷീലയുടെ 'മൂന്നാമൂഴം' എന്ന നോവലിന്റെ പരിഭാഷ 'ദ്രൗപദി ദി തേർഡ് അവതാർ' എന്ന പുസ്തകമാണ് ഡോ. സുകുമാറിനെ അവാർഡിന് അർഹനാക്കിയത്. പതിനാലോളം പുസ്തകങ്ങളുടെ രചയിതാവുകൂടിയാണ് സുകുമാർ കാനഡ.

സാഹിത്യത്തെയും കലയെയും എല്ലാകാലവും പ്രോത്സാഹിപ്പിക്കുന്ന ഫൊക്കാനയുടെ അവാർഡ് ഏറെ വിലപ്പെട്ടതാണെന്നും ഹൃദയത്തോട് ചേർക്കുന്നുവെന്നും അവാർഡ് സ്വീകരണത്തിനുശേഷം സുകുമാർ കാനഡ പറഞ്ഞു.

## 2036-ലെ ഒളിമ്പിക്സ് ആതിഥ്യം: ഇന്ത്യ അപേക്ഷ നല്കി

ന്യൂഡൽഹി: ഒളിമ്പിക്സിന് ആതിഥേയരാകുക എന്ന സ്വപ്നത്തിലേക്ക് ഇന്ത്യ യാത്ര തുടങ്ങി. 2036-ലെ ഒളിമ്പിക്സിന് ആതിഥ്യം വഹിക്കാനുള്ള സന്നദ്ധത അറിയിച്ച് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിക്ക് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ (ഐഒഎ) കത്തു നല്കി.

ആതിഥേയത്വത്തിനു താല്പര്യമുണ്ടെന്ന് പ്രധാനമന്ത്രിയും കേന്ദ്ര കായിക മന്ത്രാലയവും നേരത്തെ പ്രഖ്യാപിച്ചിരുന്നെങ്കിലും ഔദ്യോഗികമായ ആദ്യചുവടുവെപ്പാണിത്.

ഒക്ടോബർ ഒന്നിന് ഐഒസിയുടെ ഫ്യൂച്ചർ ഹോസ്റ്റ് കമ്മീഷനാണ് കത്തയച്ചത്. വേദിയാകാൻ സൗദി അറേബ്യ, ഖത്തർ, തുർക്കി തുടങ്ങിയ രാജ്യങ്ങളും ശ്രമിക്കുന്നുണ്ട്.

# ആഡംബര കപ്പൽയാത്രയുമായി വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് അംഗങ്ങൾ

നൈനാൻ മത്തായി

ജീവിതത്തിന്റെ തിരക്കേറിയ അനുഭവങ്ങളിൽനിന്നും ആഡംബര കപ്പലിൽ കടലിന്റെ മനോഹാരിത ആസ്വദിച്ചുകൊണ്ട് പ്രൊവിൻസ് അംഗങ്ങൾ നടത്തിയ ഒരാഴ്ചത്തെ ക്രൂസ് യാത്ര വേറിട്ട ഒരു അനുഭവമായിരുന്നു എന്ന് അംഗങ്ങളും അവരുടെ കുടുംബങ്ങളും അറിയിച്ചു. ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച ന്യൂജേഴ്സിയിൽനിന്നും പുറപ്പെട്ട ക്രൂസ് യാത്ര മനോഹരങ്ങളായ വിവിധ സ്ഥലങ്ങൾ ആസ്വദിച്ചു ബഹാമാസിലേക്കും അവിടെനിന്നും തിരിച്ചു നവംബർ മൂന്നാം തീയതി ഞായറാഴ്ച ന്യൂജേഴ്സിയിൽ പര്യവസാനിച്ചു.




യാത്രയിലുടനീളം രസകരമായ ഗെയിമുകളും വാട്ടർ സ്ലൈഡ്സ്, ഡിജെ മ്യൂസിക്സ്, പ്ലേയ് തിയേറ്റർ, നീന്തൽ കുളങ്ങൾ, വിഷ്വൽ ഇഫെക്ട്സ്, ഫൈവ് സ്റ്റാർ ഡിന്നർ എന്നിവ ക്രൂസ് യാത്രയുടെ മാറ്റുരച്ചു.

ഇതിലുപരിയായി, പ്രൊവിൻസിന്റെ കുടുംബാംഗങ്ങൾ തമ്മിൽ കൂടുതൽ ഇടപഴകുവാനും അഭിപ്രായങ്ങൾ പങ്കിടുവാനുമുള്ള ഒരു വലിയ ഊഷ്മള അനുഭവം കൂടിയായിരുന്നു ഈ ക്രൂസ് യാത്രയെന്ന് പ്രൊവിൻസിന്റെ പ്രസിഡണ്ട് ശ്രീമാൻ നൈനാൻ മത്തായി അഭിപ്രായപ്പെട്ടു. വരും വർഷങ്ങളിൽ ഇതുപോലെയുള്ള ക്രൂസ് യാത്രകൾ പ്രൊവിൻസ് വിഭാവനം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

സൗകര്യങ്ങളും സവിശേഷതകളുംകൊണ്ട് വിസ്മയം തീർക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ആഡംബര കപ്പലുകളിൽ ഒന്നായ കരീബിയൻ സിംഫണി ഓഫ് ദി ക്രൂസാണ് പ്രൊവിൻസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ വർഷത്തെ ക്രൂസ് യാത്രക്കായി തെരഞ്ഞെടുത്തത്.



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (KCAG) രജതജൂബിലി ആഘോഷം



കോൺസുൽ ജനറൽ രമേശ് ബാബു ലക്ഷ്മണൻ



ഷാജി എടാട്ട് (കെസിസിഎൻഎ പ്രസിഡണ്ട്)



മേയർ റോബിൻ ഇലക്കാട്ട്



ഡേവിഡ് തോംപ്സൺ (വാൾട്ടൻകൗണ്ടി ചെയർമാൻ ഓഫ് ദി കമ്മീഷനേഴ്സ്)



ബേബി ഊരാളിൽ (മുൻ കെസിസിഎൻഎ പ്രസിഡണ്ട്)



ഫാ. ജോസഫ് ചിറപ്പുറം (സ്പിരിച്വൽ ഡയറക്ടർ)



ബിജു വെള്ളാപ്പള്ളികുഴിയിൽ (സെക്രട്ടറി)



റ്റോമി വാലിച്ചിറ (വൈസ് പ്രസിഡണ്ട്)



ബിജു അയ്യംകുഴക്കൽ (ട്രഷറർ)



മിനി അത്തിമറ്റത്തിൽ (വിമൻസ് ഫോറം പ്രസിഡണ്ട്)



റ്റോമി കൂട്ടകൈതയിൽ (ഫൈനാൻസ് കൺവീനർ)



ദീപക് മുണ്ടുപാലത്തിങ്കൽ



ശാന്തമ്മ പുല്ലഴിയിൽ



ജസ്റ്റിൻ പുത്തൻപുരയിൽ (ഫുഡ് കമ്മിറ്റി കൺവീനർ)



പൗർണമി വെങ്ങാലിൽ (എംസി)



തോമസ് വെള്ളാപ്പള്ളി (എംസി)



ജോണി ഇല്ലിക്കാട്ടിൽ



ജ്യോതി ഇറണക്കൽ, ജെയിംസ് കല്ലറക്കാനിയിൽ (എംസിമാർ)

## ഓർമകളുടെ ഓരങ്ങളിൽ ഒഴുകിയെത്തും ഓർമപ്പൂക്കളായി KCAG രജത ജൂബിലി

**ഡൊമിനിക് ചാക്കോനാൽ**

അറ്റ്ലാന്റ: അറ്റ്ലാന്റയിലെ ക്നാനായ കൂട്ടായ്മയായ 'ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (KCAG) യുടെ രജതജൂബിലി ആഘോഷങ്ങളുടെ 'ഗ്രാൻഡ് ഫിനാലെ' ഗ്രേസ് ന്യൂ ഹോപ്പ് ഓഡിറ്റോറിയത്തിൽവെച്ച് നവംബർ രണ്ടിന് അതിഗംഭീരമായി അരങ്ങേറുകയുണ്ടായി.

താലപ്പൊലിയും ചെണ്ടമേളങ്ങളും ചീയറിങ് ഗ്രൂപ്പിന്റെ അകമ്പടിയോടെ ആനയിക്കപ്പെട്ട രമേശ് ബാബു ലക്ഷ്മണൻ (കോൺസൽ ജനറൽ) ആഘോഷത്തിന് മുഖ്യ അതിഥി ആയി വരുകയും ഹൂസ്റ്റണിൽ നിന്നും മേയർ റോബിൻ ഇലക്കാട്ട്, ചിക്കാഗോയിൽ നിന്ന് KCCNA പ്രസിഡണ്ട് ഷാജി എടാട്ട്, വാൾട്ടൻ കൗണ്ടി ചെയർമാൻ ഓഫ് കമ്മീഷനേഴ്സ് ഡേവിഡ് തോംപ്സൺ, മുൻ KCCNA ആൻഡ് ഫോമാ പ്രസിഡണ്ട് ബേബി ജോൺ ഊരാളിൽ, അറ്റ്ലാന്റാ തിരുക്കുടുംബ വികാരിയും KCAG ആത്മീയ ഗുരുവായ ഫാ. ജോസഫ് ചിറപ്പുറം എന്നിവരെയും യോഗത്തിലേക്ക് ആനയിച്ചു.

നമ്മുടെ പൂർവ പിതാക്കൻമാർ കൈമാറിയ പാരമ്പര്യവും ക്രിസ്തീയ വിശ്വാസവും വംശശുദ്ധിയും പൈതൃകവും ഇപ്പോഴും കാത്തുസൂക്ഷിക്കുവാൻ KCAG എന്ന ഈ കൂട്ടായ്മ ഒത്തിരി പങ്കുവഹിച്ചിട്ടുണ്ട് എന്ന് ഡൊമിനിക് ചാക്കോനാൽ തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറയുകയുണ്ടായി.

രജത ജൂബിലി പരിപാടികൾക്ക് നേതൃത്വം നൽകിയ ചെയർമാൻ ഓഫ് ജൂബിലി കമ്മിറ്റി, ബിജു തുരുത്തുമാലിൽ യോഗത്തിൽ ഏവരെയും സ്വാഗതം ചെയ്തു. യോഗത്തിനു എംസി ആയി തോമസ് വെള്ളാപ്പള്ളിയും പൗർണമി വെങ്ങാലിലും നല്ല പ്രകടനം കാഴ്ചവെച്ചു.

തുടർന്നു നടന്ന ആദരവ് ചടങ്ങിൽ ആദ്യമായി, ചക്കാലപ്പടവിൽ ലൂക്കോസ് ചേട്ടന് 'KNANAYA PATRIOTIC CITIZEN AWARD' നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ സമുദായത്തിനോടുള്ള സ്നേഹവും KCAG - ക്ക് ചെയ്ത സംഭാവനകളും എടുത്തു പറഞ്ഞു. നിറഞ്ഞ സദസ് എണീറ്റ് നിന്ന് കൈ അടിച്ച് വൈകാരികമായി. പിന്നീട് മുൻ പ്രസിഡണ്ടുമാരെയും ആദ്യത്തെ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും മുതിർന്നവരെയും മുൻ വിമൻസ് ഫോറം പ്രസിഡണ്ടുമാരെയും പൊന്നാട ഇട്ടു മുഖ്യ അതിഥികൾ ആദരിച്ചു. വളരെ അർത്ഥവത്തായി നടത്തിയ ഈ ചടങ്ങിന് സെക്രട്ടറി ബിജു വെള്ളാപ്പള്ളിക്കുഴിയും ഫിനാൻസ് കൺവീനർ ടോമി കൂട്ടകൈതയും വിമൻസ് ഫോറം പ്രസിഡണ്ട് മിനി അത്തിമറ്റത്തിലും നേതൃത്വം നൽകി.

തുടർന്ന് നടന്ന അതിമനോഹരമായ കലാപരിപാടികൾ കരഘോഷങ്ങൾ മുഴക്കി നിറഞ്ഞ സദസ് അഭിനന്ദിച്ചു. വിമൻസ് ഫോറത്തിന്റെ സ്വാഗത നൃത്തവും കുട്ടികളുടെ മാർഗ്ഗംകളിയും KCYL കുട്ടികളുടെ ഗ്രൂപ്പ് ഡാൻസും യുവജനവേദിയുടെ അടിപൊളി ഡാൻസും ഭരതനാട്യവും കലാശക്കൊട്ടും എല്ലാം ആവേശഭരിതമായിരുന്നു. മനോഹരമായ കലാപരിപാടികൾക്ക് മാറ്റുകൂട്ടുവാൻ ജെയിംസ് കല്ലറക്കാനിയും ജ്യോതി ഇറനക്കലും അവതാരകരായിരുന്നു. അതിനു നേതൃത്വം കൊടുത്ത മിനി അത്തിമറ്റത്തിൽ, പൗർണമി വെങ്ങാലിൽ അവരോടൊപ്പം പ്രവർത്തിക്കുന്ന ജെയ്സിൽ, അനശ്വര, സുമോൾ, മഞ്ജു, ലിന്റാ, ജ്യോതി, നിഷ, സിനി, സാന്ദ്ര, ലിബി, മെർലിൻ, സുനി, ഷോൺ, മെൽവിൻ, ഫ്രാങ്ക്ലിൻ, തോമസ് വെള്ളാപ്പള്ളി എന്നിവരെ അനുമോദിച്ചു.

എല്ലാത്തിനും ഉപരിയായി 'Mr & Mrs ഇട്ടിയച്ചൻ ഇൻ അറ്റ്ലാന്റ്' എന്ന നാടകം അതിശ്രദ്ധേയമായി. ചിക്കാഗോയിൽനിന്നും വന്ന സജി മാലിത്തുരുത്തേൽ, കേരളത്തിൽനിന്നും വന്ന സിനി ആർട്ടിസ്റ്റ് സാബു തിരുവല്ലയും നല്ല പാട്ടുകളും കോമഡി സീനുകളും അവതരിപ്പിച്ച് കലാവിരുന്നിനു കൊഴുപ്പേകി.

ക്നാനായി തൊമ്മനായി വന്ന ടെന്നി ഈറനക്കലിനെയും മനോഹരമായ ക്നാനായി തോമ്മാ ബോട്ട് ചെയ്ത സന്തോഷ് ഉപ്പൂട്ടിൽ, നല്ല കമന്ററി നൽകി പ്രദക്ഷിണം വിജയമാക്കി തീർത്ത ഇല്ലിക്കാട്ടിൽ ജോണിയേയും ചെണ്ടമേളത്തിനു നേതൃത്വം നൽകിയ വരകുകാലായിൽ ഫ്രാങ്ക്ലിനും അത്തിമറ്റത്തിൽ അലക്സിനും അലങ്കാരങ്ങളും സഹായഹസ്തങ്ങളും ഏറെ ഏകിയ ദീപക് മുണ്ടുപാലത്തിങ്കലിനെയും മെർലിൻ, ശാന്തമ്മ എന്നിവർക്കും വൈസ് പ്രസിഡണ്ട് ടോമി വാലിച്ചിറ പ്രത്യേകം നന്ദി അർപ്പിച്ചു. ജൂബിലി ആഘോഷത്തിൽ വന്നു പങ്കെടുത്ത ഏവർക്കും നന്ദിയും സ്പോൺസർ ചെയ്ത എല്ലാ നല്ല വ്യക്തികൾക്കും അനുമോദനവും പ്രസിഡണ്ട് അറിയിച്ചു.

പുത്തൻപുര ജസ്റ്റിന്റെ നേതൃത്വത്തിൽ നൽകിയ അതിസ്വാദിഷ്ഠമായ വിരുന്നോടെ ആരംഭിച്ച രജത ജൂബിലി ആഘോഷം വൈകുന്നേരം അഞ്ചിന് പര്യവസാനിക്കുമ്പോൾ അറ്റ്ലാന്റയിലെ ക്നാനായ കൂട്ടായ്മയുടെ ഐക്യവും തീക്ഷ്ണതയും എടുത്തുകാട്ടി ശുഭമായി പര്യവസാനിച്ചു.



ഡൊമിനിക് ചാക്കോനാൽ (കെസിഎജി പ്രസിഡണ്ട്)



ബിജു തുരുത്തുമാലിൽ (ചെയർമാൻ, രജതജൂബിലി ആഘോഷം)



രജതജൂബിലി ആഘോഷപരിപാടികൾ കോൺസുൽ ജനറൽ രമേശ് ബാബു ലക്ഷ്മണൻ ഉദ്ഘാടനം ചെയ്യുന്നു.

# ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (KCAG) രജതജൂബിലി ആഘോഷം
































# ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (KCAG) രജതജൂബിലി ആഘോഷം
















































On the occasion of Silver Jubilee of KCAG

KNANAYA CATHOLIC ASSOCIATION OF GEORGIA

Proudly presents

**KNANAYA PATRIOTIC CITIZEN AWARD**

to

**LUCKOSE CHAKKALAPADAVIL**

Given in grateful appreciation for unsolicited inspirational patriotic service to the Knanaya community

**KCAG Executive Committee**
**Jubilee Organizing Committee**
**November 2, 2024**




കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024











"കാലം കടന്നു പൊയ്ക്കൊണ്ടേയിരിക്കും, കർമങ്ങൾ ഒരു നിഴൽപോലെ നമ്മെ പിന്തുടരുകയും ചെയ്യും. നന്മകൾ ഒരു തണലുപോലെ വഴികളിൽ ഉടനീളം നമ്മളെ പൊതിയും. അതേയുള്ളൂ ജീവിതം"

# സംഘാടകൻ, സംരംഭകൻ ജോജി തോമസ്

## ഫൊക്കാന ട്രസ്റ്റീബോർഡ് ചെയർമാൻ

ജീവിതം പൂർണമാകുന്നത് ഓരോ മനുഷ്യരിലും നമ്മൾ മൂലം സന്തോഷങ്ങളുണ്ടാകുമ്പോഴാണ്. പരസ്പരപൂരകങ്ങളായി മനുഷ്യർ വാഴുന്ന മണ്ണിൽ ആർക്കും വിദ്വേഷത്തിന്റെ വിത്തുകൾ പാകാൻ കഴിയില്ല. അത്തരത്തിൽ ഒരു സാമൂഹ്യ സാഹചര്യം ഒരുക്കിയെടുക്കുന്നത് പലതരം കൂട്ടായ്മകളാണ്. അവയെല്ലാം തന്നെ പല മനുഷ്യരുടെയും നേതൃപാടവം കൊണ്ട് ആലങ്കാരികവുമാണ്. കാനഡയുടെ അഭിമാനമായ ജോജി തോമസ് വണ്ടംമാക്കിലിന്റെ ജീവിതവും സംഘടനാ പ്രവർത്തനവും ഒരു മാതൃകയാണ്. ഒരാൾ സമൂഹത്തിൽ, കുടുംബത്തിൽ, ജോലിയിൽ, സുഹൃത്തുക്കൾക്കിടയിൽ, സഹജീവികൾക്കിടയിൽ എങ്ങനെയായിരിക്കണം എന്ന് മറ്റൊരാൾക്ക് പറഞ്ഞുകൊടുക്കേണ്ട യഥാർത്ഥ മാതൃക. ഒരു ഗ്രാമത്തിൽ നിന്ന് തുടങ്ങിയ സാധാരണ ജീവിതം സംരംഭകൻ എന്ന നിലയിലേക്കും, കാനഡയിലെ മലയാളികളുടെ അഭിമാനം എന്ന നിലയിലേക്കും ഫൊക്കാന ട്രസ്റ്റിബോർഡ് ചെയർമാനിലേക്കും ജോജി തോമസ് വളർന്നത് അദ്ധ്വാനത്തിന്റെ ചോരയും നീരും ഒഴുക്കിക്കൊണ്ട് തന്നെയാണ്. ഈ വഴിത്താരയിൽ അദ്ദേഹത്തിന്റെ ജീവിതകഥ അഭിമാനത്തോടെ നോക്കിക്കാണാം.

### പുൽനാമ്പുകളുണ്ടാകും വിധം

പാലാ വള്ളിച്ചിറ വണ്ടംമാക്കിൽ വി.യു. തോമസിന്റെയും പരേതയായ മേരി തോമസിന്റെയും മൂത്ത മകനായിട്ടാണ് ജോജി തോമസ് ജനിച്ചത്.

അദ്ദേഹത്തിന് രണ്ട് സഹോദരിമാരുണ്ട്. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥൻ ആയിരുന്നു പിതാവ് വി.യു. തോമസ്. ചെറുകര സെന്റ് ആന്റണീസ് യു.പി. സ്കൂളിലാണ് ഏഴാം ക്ലാസ്സ് വരെ ജോജി പഠിച്ചത്. തുടർന്ന് പാലാ സെന്റ് തോമസിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉഴവൂർ സെന്റ് സ്റ്റീഫൻസിൽ നിന്ന് കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി. പണ്ടുകാലത്ത് വിദ്യാഭ്യാസം പൂർണതയിൽ എത്തിയെന്ന് തോന്നിയാൽ യുവാക്കൾ കൂട്ടത്തോടെ മുംബൈയിലേക്ക് പോകുന്നത് ഒരു ശീലമായിരുന്നു. പ്രധാനമായും ജോലി സാധ്യതയും ടെക്നിക്കൽ പഠനങ്ങളുമായിരുന്നു കാരണം. അങ്ങനെ ജോജിയും മുംബൈയിലേക്ക് തിരിച്ചു. സെന്റ് ഫ്രാൻസിസ് ഐ.ടി.ഐയിൽ ചേർന്നു. ജീവിതത്തെ പുതിയൊരു തലത്തിലേക്ക് ഉയർത്താനുള്ള ശ്രമമായിരുന്നു അത്. രണ്ട് വർഷത്തോളമുള്ള പഠനം കഴിഞ്ഞതോടെ ജോജി തിരികെയെത്തി. പിതാവ് വി.യു. തോമസിന് മകൻ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആയിക്കാണണം എന്നായിരുന്നു ആഗ്രഹം. എന്നാൽ ജോജിക്കാകട്ടെ ഇന്ത്യയ്ക്ക് പുറത്തുപോയി ജോലി നേടണം എന്നായിരുന്നു ആഗ്രഹം. അറേബ്യൻ നാടുകളിലേക്ക് ഇന്ത്യൻ ജനത വലിയ രീതിയിൽ കുടിയേറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതുകൊണ്ട് തന്നെ ഗൾഫിലേക്ക് പോകാൻ ആയിരുന്നു ജോജിക്ക് താല്പര്യം. എന്നാൽ ആ സമയത്തായിരുന്നു കുവൈറ്റ് യുദ്ധം ഉണ്ടായത്. ഗൾഫ് മേഖലയിൽ വലിയ പ്രശ്നങ്ങൾ ഉടലെടുത്ത ആ സമയത്ത് ജോജി ഗൾഫ് മോഹം ഉപേക്ഷിച്ചു. 1991-ൽ നാട്ടിൽ ചെറിയൊരു ബിസിനസ് ആരംഭിക്കുകയും അതോടൊപ്പം തന്നെ രാഷ്ട്രീയത്തിൽ സജീവമാവുകയും ചെയ്തു. കേരളാ കോൺഗ്രസ് ജോസഫ് ഗ്രൂപ്പിനോടായിരുന്നു ജോജിക്ക് അനുഭാവം ഉണ്ടായിരുന്നത്. അതുകൊണ്ട് തന്നെ പാർട്ടി പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചു. പാർട്ടിയുടെ ജില്ലാ കമ്മിറ്റി അംഗം ആയിരിക്കെയാണ് അമേരിക്കൻ മണ്ണിലേക്ക് പറക്കാനുള്ള ഒരു സന്ദർഭം അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്നെത്തിയത്. പാലാ കരൂർ മണ്ഡലം പ്രസിഡന്റ്, പാലാ നിയോജക മണ്ഡലം സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളും രാഷ്ട്രീയ ജീവിതത്തിൽ ജോജി നിർവഹിച്ചു. ഒപ്പം ബിസിനസ്സും കൊണ്ടുപോയി. സ്നാക്സ് മാനുഫാക്ച്ചറിങ് ബിസിനസ് ആണ് അദ്ദേഹം തുടങ്ങിയത്. പ്രിന്റഡ് ബാഗിൽ സ്നാക്സ് കൊടുക്കുന്ന കേരളത്തിൽ ആദ്യ കമ്പനി ജോജിയുടേത് ആയിരുന്നു. പക്ഷേ, അന്നത്തെ കാലം ഇത്രത്തോളം ടെക്നോളജി വളർന്നിട്ടില്ല.
















## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ഫോണും സോഷ്യൽ മീഡിയയും മറ്റും ഇല്ലാത്ത കാലമായത് കൊണ്ടുതന്നെ ജോജിയുടെ സംരംഭം ആളുകളിലേക്ക് എത്താതെ പോയി. അത് വലിയ രീതിയിൽ തന്നെ ബിസിനസിനെ ബാധിച്ചു.

അപ്പോഴാണ് അമേരിക്കയിൽ ജോലിക്ക് പോകണം എന്ന ആഗ്രഹം ഉണ്ടാകുന്നത്. അവിടെ തൊഴിൽ സാധ്യത ഉള്ള ഒരു കോഴ്സ് എന്ന നിലയിൽ ബാംഗ്ലൂരിലേക്ക് റേഡിയോളജി പഠിക്കാൻ ജോജി തോമസ് പോയി. കൃപാനിധി യൂണിവേഴ്സിറ്റി കോളജിൽ നിന്ന് റേഡിയോളജിയിൽ ഡിപ്ലോമ എടുത്തു. തിരികെയെത്തി റേഡിയോളജിസ്റ്റായി പന്തളം മെഡിക്കൽ മിഷനിൽ ജോലി ലഭിച്ചു.

പന്തളം മെഡിക്കൽ മിഷന് ശേഷം കുമ്മണ്ണൂർ NSS മെഡിക്കൽ മിഷനിലും ജോജി ജോലി ചെയ്തു. ആ സമയത്താണ് കാനഡയിലേക്ക് പോകാൻ അവസരം ഉണ്ടാകുന്നത്. ജീവിതം പുതിയ ഒരു ഭൂമികയിലേക്ക് പറിച്ചുനട്ട നിമിഷം, ജീവിതത്തിന്റെ രണ്ടാം യാത്ര.

### പുതിയ ദേശം, ഭാഷ, മനുഷ്യർ, ഭൂമി, സ്വപ്നങ്ങൾ

കാനഡയിൽ എത്തിയ ജോജി തോമസ് പഠിച്ച തൊഴിലുകൾ ചെയ്യാൻ നോക്കിയെങ്കിലും അതൊന്നും വിജയം കാണാതെ വന്നു. ഫാക്ടറി ജോലികളും മറ്റുമൊക്കെയായി ജീവിതം കുറേക്കൂടി കടന്നു പോയി.

1998-ലാണ് ജോജിയുടെ വിവാഹം നടക്കുന്നത്. ഒളശ്ശ തൈത്തറയിൽ ജോൺ-എൽസി ദമ്പതികളുടെ മകൾ രേഖയെ അദ്ദേഹം വിവാഹം കഴിച്ചു. കുടുംബം കൂടി കാനഡയിൽ എത്തിയതോടെ ജീവിതം കൂടുതൽ മെച്ചമാക്കണം എന്ന തോന്നലുണ്ടായി. കുടുംബം പച്ചപിടിപ്പിക്കാനുള്ള ഓട്ടമായിരുന്നു പിന്നീടുള്ള ജീവിതം.

ചെറിയ ജോലികളൊക്കെ ചെയ്തുവെങ്കിലും മനസിൽ മുഴുവൻ നാട്ടിൽ പച്ചപിടിക്കാതെ പോയ ബിസിനസ് ആയിരുന്നു. അങ്ങനെയിരിക്കെ കനേഡിയൻ ഗവൺമെന്റിന്റെ ഒരു ബിസിനസ് പ്രോഗ്രാമിൽ പങ്കെടുത്തു. 2013-ൽ മൂന്നു മാസം ട്രയിനിംഗ് ചെയ്യുകയും മനസ്സിലുണ്ടായിരുന്ന സ്നാക് മാനുഫാക്ച്ചറിങ് ബിസിനസ് ഐഡിയ കനേഡിയൻ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ ജോജി തോമസ് എന്ന ബിസിനസുകാരൻ ഉടലെടുക്കുകയായിരുന്നു. ഈ സമയത്ത് ഭാര്യ പഠനം കഴിഞ്ഞു നേഴ്സായി ജോലിയിൽ പ്രവേശിച്ചതും കുടുംബത്തിന് തണലായി.

### മനസ് നിറയ്ക്കുന്ന ഭക്ഷണം

സ്നേഹത്തോടെ ആത്മാർത്ഥയോടെ എന്ത് വിളമ്പിയാലും അതിന് രുചിയുണ്ടാകും. ആ തത്ത്വം ഏറ്റവുമധികം മനസിലാക്കിയത് ജോജി തന്നെയാണ്. 1200 സ്ക്വയർഫീറ്റിൽ ഒരു കിച്ചൺ ഉണ്ടാക്കി നാടൻ സ്നാക്സ് ഉൾപ്പെടുത്തി ഒരു സംരംഭം കാനഡയിൽ ആരംഭിച്ചു. വലിയ സെയിൽ നടന്നെങ്കിൽ മാത്രമേ ബിസിനസ് നന്നായി നടക്കുകയുള്ളു എന്നിരിക്കെ അത്ഭുതമെന്ന് പറയട്ടെ അന്ന് ന്യൂയോർക്കിൽ നിന്ന് നല്ല ബിസിനസാണ് ജോജിയുടെ സംരംഭത്തിന് ലഭിച്ചത്. ആ അത്ഭുതം തുടർന്നുകൊണ്ടേ ഇരുന്നതു കൊണ്ട് തന്നെ മൂന്നാമത്തെ വർഷം 5000 സ്ക്വയർഫീറ്റിലേക്ക് കടയൊന്ന് പുതുക്കിപ്പണിയുകയും ചെയ്തു. ബനാന ചിപ്സിന്റെ വിവിധ ഐറ്റങ്ങൾ, കപ്പ വിഭവങ്ങൾ, വിവിധതരം ഫിഷ് പിക്കിളുകൾ തുടങ്ങി വലിയ രീതിയിലേക്ക് ജോജിയുടെ ബിസിനസ് വളർന്നു. ഇപ്പോൾ 10000 സ്ക്വയർഫീറ്റിലാണ് ജോജിയുടെ സംരംഭം പ്രവർത്തിക്കുന്നത്. 2026-ൽ ഇത് 20000 സ്ക്വയർ ഫീറ്റിലേക്ക് മാറാൻ പോവുകയാണ്. 2019-ൽ പാർട്ണർഷിപ്പിൽ ഒരു ഹോട്ടലും ജോജി ആരംഭിച്ചിട്ടുണ്ട്. റിയൽ തോംസൺ ഫുഡ്സ് എന്നാണ് ജോജിയുടെ സ്നാക്സ് മാനുഫാക്ച്ചറിംഗ് കമ്പനിയുടെ പേര്. ഒന്റാറിയോയിൽ മിന്റ് ലീവ്സ് ഇന്ത്യൻ കിച്ചനും പ്രവർത്തിക്കുന്നു.

### സംരംഭകനിൽ നിന്ന് സംഘാടകനിലേക്ക്

കാനഡായിൽ എത്തിയപ്പോഴും ജോജി തോമസ് സാമൂഹ്യ പ്രവർത്തന താല്പര്യങ്ങൾ ഉപേക്ഷിച്ചിരുന്നില്ല. 1989-ൽ ടൊറാന്റോ മലയാളി സമാജത്തിന്റെ ജോയിന്റ് സെക്രട്ടറിയായിട്ടായിരുന്നു പൊതുജീവിതത്തിന്റെ തുടക്കം. പിന്നീട് കാനഡ ലണ്ടൻ ഒന്റാരിയോ മലയാളി അസോസിയേഷന്റെ (ലോമ) പ്രസിഡണ്ടായി ജോജി തോമസ്. ഒന്റാരിയോ ലണ്ടൻ മലയാളികളുടെ ഇടയിൽ അറിയപ്പെടുന്ന സാമുദായിക, ജീവകാരുണ്യ പ്രവർത്തകൻ കൂടിയാണ് അദ്ദേഹം. 2019-ൽ അന്നത്തെ ഫൊക്കാന പ്രസിഡന്റായിരുന്ന ജോർജി വർഗീസും ജനറൽ സെക്രട്ടറി സജിമോൻ ആന്റണിയും കൂടിയാണ് ഫൊക്കാനയിലേക്ക് ജോജി തോമസിനെ ക്ഷണിക്കുന്നത്. അഡീഷണൽ അസ്സോസിയേറ്റ് സെക്രട്ടറിയായിട്ടായിരുന്നു ഫൊക്കാനയിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. തുടർന്ന് 2022-2024 കാലയളവിൽ ഫൊക്കാന ട്രസ്റ്റി ബോർഡ് മെമ്പർ ആയി ചുമതലയേറ്റ ജോജി 2024-2026-ൽ ട്രസ്റ്റി ബോർഡ് ചെയർമാനായും സ്ഥാനമേറ്റു. കൂടാതെ ക്നാനായ ഡയറക്ടറേറ്റ് ഓഫ് കാനഡയുടെ ചെയർമാൻ കൂടിയാണ് ജോജി. കെ.സി.സി. എൻ.എ. നാഷണൽ കൗൺസിൽ അംഗം ആയിരുന്ന അദ്ദേഹം ക്നാനായ കമ്യൂണിറ്റിയിലെ സജീവ പ്രവർത്തകൻ കൂടിയാണ്.

ലണ്ടൻ സെന്റ് മേരീസ് സീറോ മലബാർ പള്ളിയിൽ മൂന്നുതവണ ട്രസ്റ്റി ആയിരുന്ന ജോജി സേക്രഡ് ഹാർട്ട് സീറോ മലബാർ മിഷന്റെ മുൻ പാരിഷ് കൗൺസിൽ അംഗവുമാണ്. ബിൽഡിംഗ് കമ്മിറ്റി ചെയർ ആയും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

### പൊതുപ്രവർത്തകന്റെ ജീവിതം

ഒരു പൊതുപ്രവർത്തകന്റെ ജീവിതം എപ്പോഴും മറ്റുള്ളവർക്കുവേണ്ടി മാറ്റിവെക്കപ്പെടേണ്ടതാണ്. എന്നാൽ ജോജിയാകട്ടെ പൊതുപ്രവർത്തകനോടൊപ്പം തന്നെ ഒരു സംരംഭകൻ കൂടിയാണ്. അതുകൊണ്ട് തന്നെ തന്നിൽ അർപ്പിച്ച എല്ലാവരുടെയും വിശ്വാസവും നിലനിർത്താൻ അദ്ദേഹം എപ്പോഴും ശ്രമിച്ചുകൊണ്ടേയിരിക്കും.

കാനഡയുടെ സംസ്കാരിക രംഗത്ത് ചുരുങ്ങിയ കാലംകൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ച ജോജി ഒരു മികച്ച സംഘാടകനും സാംസ്കാരിക മേഖലകളിലും ബിസിനസ് രംഗത്തും കഴിവുറ്റ പ്രതിഭയുമാണ്. ആരുമായും ഒത്തുചേർന്നുപോകുന്ന, സൗമ്യ സ്വഭാവക്കാരനായ ജോജി തോമസ് കാനഡയിലെ മലയാളികളുടെ മാത്രമല്ല ഫൊക്കാനയിലെ മുഴുവൻ നേതാക്കന്മാരുടെ ഇടയിലും ഏറെ സ്വീകാര്യനായ നേതാവാണ്. കാനഡയിൽ സംഘടിപ്പിച്ച ഫൊക്കാന കാനഡ റീജിയണൽ ഉദ്ഘാടനം വൻ വിജയമായതിന്റെ സന്തോഷത്തിലാണ് അദ്ദേഹം. ഫൊക്കാനയ്ക്ക് കാനഡയിൽ നിന്നും ഒരു യുവതലമുറയെ സംഭാവന ചെയ്യുക എന്ന ലക്ഷ്യവും അദ്ദേഹത്തിനുണ്ട്. ഒരു സംഘടനയുടെ ഭരണഘടനാപരമായ എല്ലാ ചുമതലകളുടെയും അമരക്കാരൻ. ഏതു പ്രതിസന്ധിയിലും സംഘടനയ്ക്ക് കരുത്തായി നിൽക്കേണ്ട വ്യക്തിത്വം. ഈ കരുത്തിനു കൂട്ടായി കുടുംബവും കൂടെയുണ്ട് എന്നതാണ് ജോജി തോമസിന്റെ വിജയത്തിനാധാരം. ഭാര്യ രേഖ ജോജി (നഴ്സ്), മക്കളായ ജെറമി, ജോനാഥൻ, ജൈഡൻ എന്നിവർ ജോജിക്ക് പൊതുപ്രവർത്തകന്റെ വേഷമണിയുമ്പോഴും സംരംഭകനാകുമ്പോഴും തണലും തണുപ്പുമായി കൂടെയുണ്ട്.

എന്ത് ചെയ്തെന്ന് ദൈവം ചോദിച്ചാൽ ഇന്ന് ജോജിക്ക് ഒരുത്തരമുണ്ട്. അദ്ദേഹത്തിൽ പ്രതീക്ഷയർപ്പിച്ചു ധാരാളം മനുഷ്യർ ജീവിക്കുന്നുണ്ട്. ഫാക്ടറിയുടെ ശബ്ദമോ കോലാഹലങ്ങളോ ഇല്ലാത്ത ഭൂമിയിൽ ജോജി തോമസ് എന്നും മനുഷ്യരുടെ സ്വാദിന്റെ ആഗ്രഹങ്ങളെ നിറവേറ്റിക്കൊണ്ടേയിരിക്കും. ഒപ്പം ഒരു സമൂഹത്തിനൊപ്പം തന്റെ സാമൂഹ്യ, സാംസ്കാരിക പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളുമായി സദാ സജീവമായിക്കൊണ്ടിരിക്കും.

ജോജി തോമസ് ഒരു മാതൃകയാണ്. തളർന്നു പോകുന്നവർക്ക് ഉയർത്തെഴുന്നേൽക്കാനുള്ള, ജീവിതംകൊണ്ട് പ്രചോദനമായ ഒരാൾ.

ആര് കൈവിട്ടാലും സ്ഥിരോത്സാഹവും ഈശ്വരന്റെ കയ്യൊപ്പും ഉണ്ടെങ്കിൽ താൻ ഉദ്ദേശിക്കുന്നയിടത്ത് എത്താൻ കഴിയുമെന്ന് കാലത്തിനു കാട്ടിക്കൊടുത്ത വ്യക്തിത്വം. അതെ, ജോജി തോമസ് തന്റെ യാത്ര തുടരട്ടെ...

പ്രാർത്ഥനകൾ...















© Kerala Express

## വാരാന്ത്യം

പുസ്തക പരിചയം



ലിൻസ് താന്നിച്ചുവട്ടിൽ




# വായനയുടെ സൗന്ദര്യം

മലയാളത്തിൽ അടുത്ത കാലത്ത് പുറത്തിറങ്ങിയ നോവലുകളിൽ സവിശേഷ ശ്രദ്ധ നേടിയ ഒരു നോവലാണ് അഖിൽ പി. ധർമ്മജൻ എഴുതിയ റാം ഇ/ഛ ആനന്ദി എന്ന നോവൽ. 2020 ഡിസംബറിലാണ് ഡി.സി. ബുക്സ് ഈ പുസ്തകം ആദ്യമായി പുറത്തിറക്കിയത്. നാലു വർഷം തികയും മുമ്പേ ഇതിനകം 47 എഡിഷനുകൾ ഈ പുസ്തകത്തിനുണ്ടായി എന്നത് മലയാളവായനക്കാർക്കിടയിലെ ഈ നോവലിന്റെ ജനകീയത വ്യക്തമാക്കുന്നു.

സാഹിത്യഭാഷയുടെ കഠിനതയാണ് പലപ്രവാസിമലയാളികൾക്കും വായനയുടെ ലോകം അന്യമാക്കുന്നത്. എന്നാൽ ഈ നോവൽ ഒരു നല്ല സിനിമാ കാണുന്നതുപോലെ ആസ്വദിക്കാൻ പറ്റുന്നമട്ടിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. വായനയിലേയ്ക്ക് മടങ്ങാനോ പുതുതായി വായനയിലേയ്ക്ക് വരാനോ ആഗ്രഹിക്കുന്നവർക്ക് ആയാസമേതുമില്ലാതെ വായിക്കാൻ പറ്റുന്ന ഒരു പുസ്തകം.

പ്രണയം, പ്രണയഭംഗം, സൗഹൃദം, വാത്സല്യം, പ്രതികാരം, നിസ്സഹായത ഇവയൊക്കെ ഇടകലർന്ന് ഒഴുകിപ്പോവുന്ന ഒരരുവിയാണീ നോവൽ. ചെന്നൈ നഗരം ഒരു വേള ഒരു കഥാപാത്രമെന്ന മട്ടിൽ നമ്മെ അതിശയിപ്പിച്ചേക്കാം. റാമും ആനന്ദിയും മല്ലിയും വെട്രിയും രേഷ്മയും പാട്ടിയുമൊക്കെ നമ്മുടെ സഹയാത്രികരായി മാറുന്ന അനന്യസുന്ദരമായ ഒരു യാത്രയാണീ നോവൽ. 'ചെന്നെ ഉങ്കളൈ അൻപുടൻ വരവേർക്കിത്' എന്നാരംഭിക്കുന്ന ഈ നോവൽയാത്രയിൽ പാട്ടിയുടെ പദ്മിനിയിൽ യാത്ര ചെയ്യുന്നവരായി വായനക്കാരും മാറും.

ചിരി തൂകി വായിച്ചുവരുമ്പോൾ ഇടയ്ക്ക് കണ്ണു നനയാതിരിക്കാൻ പാടുപെടേണ്ടിയും വരും. ഓരോ കഥാപാത്രത്തിന്റെയും വ്യക്തിത്വത്തിന്റെ സൂക്ഷ്മതലങ്ങളെ ജീവസ്സുറ്റതാക്കിത്തീർത്ത് കഥാസന്ദർഭങ്ങളെ ഇത്രമേൽ സ്വാഭാവികമായി വായനക്കാരനിഷ്ടമാകും മട്ടിൽ അവതരിപ്പിക്കുക സുദുഷ്കരമാണ്.

ഒന്നുറപ്പാണ്. വായിച്ചു തീർന്നുകഴിഞ്ഞാലും കുറച്ചു ദിവസങ്ങളെങ്കിലും ഇതിലെ കഥാപാത്രങ്ങൾ വായനക്കാരുടെ മനസ്സിൽ നിറഞ്ഞു നിൽക്കും. ഏതൊക്കെയോ കാണാദൂരങ്ങളിൽ അലയുന്ന ഉറ്റവരെ തേടിപ്പിടിക്കാൻ നമ്മൾ വായനക്കാരെയും ഈ നോവൽ സഹായിക്കും.

കവിത



ഷംസു ആയിപ്പുഴ

# റബ്ബേ

ആണ്ട് വണ്ടിയുരുണ്ടുരുണ്ട്
ആയുസ്സാകെ കഴിഞ്ഞുപോയി
ആകെ മുക്കാലായി ജീവിത
കാലവും പോയി - ഇനിമേൽ
ആരും നോക്കാതാകും നേരം
ആഗതമായി...

ആവതുള്ള കാലം പണ്ട്
ആവലാതികൾ കേട്ട് കൊണ്ട്
ആക്കി വെച്ചത് ബാക്കി വെയ്ക്കാ -
താകെയും തീർത്ത് - ഇപ്പോൾ
വാതരോഗം ബാക്കി ദേഹം
വീതവും വെച്ച്...

കുഞ്ഞു നാളിൽ ഞാൻ കൊടുത്ത
കണ്ണുരുട്ടും പാവപോലെ
ഇന്ന് വന്നിടയ്ക്ക് മക്കൾ
നോക്കി പോകുന്നു - റബ്ബേ
നിന്റെ വിളിയും കാത്ത് ഞാനും
അവരും നിൽക്കുന്നു...



# ഉറക്കം

കഥ



രാജീവ് രാധാകൃഷ്ണ പണിക്കർ

'ഡോക്ടറേ രാത്രി ഒട്ടും ഉറക്കമില്ല!'

'എന്ത് പറ്റി?'

'അതറിയാനാ ഇവിടെ വന്നത്!'.

ഡോക്ടർ അയാളെ ശ്രദ്ധിച്ചു.

ഉറക്കം തൂങ്ങിയ കണ്ണുകൾ.

പാറിപ്പറന്ന തലമുടി.

ആകെ ഒരു ക്ഷീണ ഭാവം.

'എന്താണ് നിങ്ങൾക്ക് ജോലി?'

'പ്രത്യേകിച്ചൊന്നും ഇല്ല്യ!'

'രാവിലെ എത്ര മണിക്ക് എണീക്കും?'

'ഒരു ഒൻപത് ഒൻപതര!'

'എന്നിട്ട്?'

'ചായേം പലഹാരോം കഴിച്ചിട്ട് പത്രം വായിക്കും!'

'എന്നിട്ട്?'

'വേറെ പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്തതിനാൽ കേറി കിടക്കും!'

'പിന്നെ?'

'ഒരു ഒന്ന് ഒന്നരയാകുമ്പോൾ എണീറ്റ് ചോറുണ്ണും!'

'പിന്നെ?'

'ഒരു രണ്ടരയാകുമ്പോൾ ഒന്ന് തല ചായ്ക്കും!'

'എന്നിട്ട്?'

'അഞ്ചു മണിയാകുമ്പോൾ എണീറ്റ് കാപ്പി കുടിക്കും!'

'എന്നിട്ട്?'

'വീടിനടുത്ത് ഒരു കാവുണ്ടേയ്. അവടെ പോകും!'

'പിന്നെ?'

'കുറച്ചു നേരം ടീവില് തല്ല് പിടിത്തം കാണും!'

'പിന്നെ?'

'ഒരു ഒൻപതരയാകുമ്പോൾ ഭക്ഷണോം കഴിച്ചു കിടക്കും! അതിന് ശേഷാ ബുദ്ധിമുട്ട്!. ഒരു പതിനൊന്നു മണിയാകുമ്പോ മൂത്രം ഒഴിക്കാൻ എണീറ്റാ പിന്നെ ഉറക്കം ഇല്ലന്നെ. പിന്നെ വല്ല്യേ പാടാ. ഓരോന്ന് അരുതാത്തത് ചിന്തിച്ചു കിടക്കും. ഉറങ്ങാൻ എന്തെങ്കിലും മരുന്ന് തരണം!'

നിങ്ങളാണ് ഡോക്ടറെങ്കിൽ എന്ത് മറുപടി പറയും സുഹൃത്തുക്കളേ?

**വാൽക്കഷ്ണം : ആത്മകഥയല്ല**

# ചിരിപ്പിച്ചും ചിന്തിപ്പിച്ചും പ്രേക്ഷകരുടെ മനം കവർന്ന് മലയാളി ഫ്രം അമേരിക്ക

കേരളാ എക്സ്പ്രസ് വാരാന്ത്യം



ഒരാളെ ചിരിപ്പിക്കുക എന്നത് ഏറെ വിഷമം പിടിച്ച ഒരു പണിയാണ്. ആ പണി വൃത്തിയിൽ ഏറെ കാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന ടീം കിരികിരിപ്പുകളുടെ പുതിയ ഷോർട്ട് ഫിലിമാണ് മലയാളി ഫ്രം അമേരിക്ക. ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത് പിടിച്ചാൽ കാണാൻ നല്ല ചേലാണ് എന്ന പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ട് തന്നെ പറയട്ടെ നർമത്തിൽ കലർന്ന ഒരു സാമൂഹിക സത്യമാണ് അജോ സാമുവലും ടീമും ഇവിടെ പങ്കുവെക്കുന്നത്. കണ്ടന്റ് ക്രിയേറ്റർമാരെ കൊണ്ട് നിറഞ്ഞ സാമൂഹികാന്തരീക്ഷത്തിൽ മറ്റുള്ളവരുടെ ജീവിതവും അപാകതകളും എടുത്ത് വീഡിയോ ചെയ്യുന്നവർ സ്വന്തം ജീവിതത്തിലെ പ്രശ്നങ്ങൾ വരുമ്പോൾ ക്യാമറ ചലിപ്പിക്കുമോ എന്ന ചോദ്യചിഹ്നമാണ് ഈ ഹ്രസ്വ ചിത്രം പങ്കുവെക്കുന്നത്. നർമ്മത്തിൽ തുടങ്ങി നർമ്മത്തിൽ അവസാനിക്കുന്ന ഈ ചിത്രം ചിരിപ്പിക്കുന്നതിനോടൊപ്പം തന്നെ നമ്മളെ എല്ലാവരെയും ചിന്തിപ്പിക്കുക കൂടിയാണ് ചെയ്യുന്നത്. മറ്റുള്ളവരുടെ കയ്യിലിരിക്കുന്ന പണം എങ്ങനെ നമ്മുടെ പോക്കറ്റിലേക്ക് എത്തിക്കാം എന്നാണ് എല്ലാവരും ചിന്തിക്കുന്നത്, ആ ചിന്തകൾ തകരുന്നത് സ്വന്തം ജീവിതത്തിൽ ഒരു പ്രശ്നം വരുമ്പോഴാണ് എന്നും മലയാളി ഫ്രം അമേരിക്ക പറഞ്ഞുവെക്കുന്നു. 17 മിനിറ്റ് ദൈർഘ്യമുള്ള ഈ ഹ്രസ്വചിത്രം ഓരോ മിനിറ്റിലും പെർഫോമൻസുകൾ കൊണ്ടും, സംവിധാനം കൊണ്ടും നമ്മളെ അത്ഭുതപ്പെടുത്തുന്നുണ്ട്.

ഏതു വിദൂരത്തായാലും മനുഷ്യരെ തമ്മിൽ കൂട്ടിയിണക്കുന്ന ഒന്നാണ് കല. അമേരിക്കൻ മണ്ണിൽ ഇരുന്നിട്ടും അജോ അടക്കമുള്ളവർ മലയാളത്തിൽ ധാരാളം കലാമൂല്യമുള്ള വീഡിയോകൾ ചെയ്യുന്നത് നമ്മുടെ ഭാഷയ്ക്ക് തന്നെ അഭിമാനിക്കാവുന്ന ഒന്നാണ്. സ്നേഹം, ചതി, ദേഷ്യം, നിരാശ, ആഹ്ളാദം തുടങ്ങിയ എല്ലാം വന്നുപോകുന്ന ധാരാളം വീഡിയോകൾ ടീം കിരികിരിപ്പുകൾ ചെയ്തിട്ടുണ്ട്. മലയാളി ഫ്രം അമേരിക്കയും അത്തരത്തിൽ തന്നെയാണ് കടന്നു പോകുന്നത്. സംവിധായകൻ അജോ സാമുവൽ തന്നെയാണ് ഈ കുഞ്ഞു ചിത്രത്തിന്റെ കഥയും തിരക്കഥയും തയാറാക്കിയിരിക്കുന്നത്. എഡിറ്റിംഗ് ഉം സിനിമാറ്റൊഗ്രാഫിയും അനീഷ് ജേക്കബ് നിർവഹിച്ചപ്പോൾ സുനീഷ് ആർ എസ് ആണ് ചിത്രത്തിന് പശ്ചാത്തല സംഗീതം നിർവഹിച്ചത്.

അക്കരകാഴ്ച്ചകളിലൂടെ മലയാളികൾക്ക് സുപരിചിതനായ ജോസുകുട്ടി വലിയകല്ലുങ്കൽ ആണ് ഈ ചിത്രത്തിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.അമേരിക്കയിലെ പ്രമുഖ റേഡിയോ ചാനൽ ആയ മല്ലു കഫെ (മീഡിയ പാർട്ണർ) സിഇഒ റേഡിയോ ജോക്കി ഷിബി റോയ്, മനോജ് പിള്ള മെൽവിൻ സജീവ്, അരുൺ കൃഷ്ണൻ, അലീന, അജോ സാമുവേൽ, ടോം ജോസഫ് എന്നിവരാണ് മറ്റു താരങ്ങൾ. ക്യാമറ, എഡിറ്റിങ്: അനീഷ് ജേക്കബ്. നിർമ്മാണം ഡാളസ് മലയാളികളുടെ പ്രിയപ്പെട്ട സുഹൃത്ത് ഷിജു എബ്രഹാം, ഫിനാൻഷ്യൽ സർവീസസ് ഗ്രാൻഡ് ഗ്രൂപ്പ്, ദീപക് ബെന്നി.

ഒരു അമേരിക്കൻ മലയാളി കുടുംബത്തിലെ ചെറിയ ഒരു സംഭവമാണ് മലയാളി ഫ്രം അമേരിക്ക പറയുന്നത്. എല്ലാ അഭിനേതാക്കളും അവരുടെ ഭാഗം മികച്ചതാക്കിയിട്ടുണ്ട്. എന്താണോ കഥാപാത്രം ആവശ്യപ്പെടുന്നത് അതെല്ലാം അഭിനേതാക്കളുടെ ഭാഗത്തുനിന്ന് ലഭിച്ചിട്ടുണ്ട്. ടീം കിരികിരിപ്പുകളുടെ സ്ഥിരം പ്രേക്ഷകരായ അമേരിക്കൻ മലയാളികൾക്കെല്ലാം തന്നെ വളരെ ആസ്വദിച്ച് കണ്ട് തീർക്കാവുന്ന തരത്തിലാണ് മലയാളി ഫ്രം അമേരിക്ക എടുത്തിരിക്കുന്നത്. പശ്ചാത്തല സംഗീതവും ക്യാമറയും എല്ലാം മികച്ചതായി തന്നെ അനുഭവപ്പെട്ടു. കുറഞ്ഞ ദിവസം കൊണ്ട് തന്നെ ലക്ഷക്കണക്കിന് കാഴ്ചക്കാരെയാണ് ഈ ഹ്രസ്വചിത്രം ആകർഷിച്ചത്. അമേരിക്കൻ മണ്ണിൽ നിന്നും സ്വന്തം ഭാഷയുടെ തന്മയത്വത്തിലേക്കുള്ള മലയാളിയുടെ തിരിച്ചുവരവ് കൂടിയാണ് ഈ ലഘുചിത്രം. ലോകത്ത് എവിടെപ്പോയാലും മലയാളികൾക്ക് മലയാളികളോട് തന്നെ ചിലത് സംസാരിക്കാനുണ്ട് എന്നതിന്റെ ഉദാഹരണം. സ്വന്തം ഭാഷയിൽ നിന്ന് ലഭിക്കുന്ന സെക്യൂരിറ്റി മറ്റൊരു ഭാഷയിലും നമുക്ക് ലഭിക്കില്ല എന്ന് നഗ്നസത്യവും ഇതിലൂടെ വെളിപ്പെടുന്നു.

**അനിൽ പെണ്ണുക്കര**

## സിനിമ കഥ




## ടാക്സി ഡ്രൈവറായി മോഹൻലാൽ

മലയാള സിനിമാ പ്രേമികൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന മോഹൻലാൽ തരുൺ മൂർത്തി ചിത്രത്തിന്റെ പേര് പ്രഖ്യാപിച്ചു. 'തുടരും' എന്നു പേരിട്ട ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. തന്റെ ഔദ്യോഗിക പേജിലൂടെ മോഹൻലാലാണ് സിനിമയുടെ ടൈറ്റിൽ പുറത്തുവിട്ടത്. ടാക്സി ഡ്രൈവറായെത്തുന്ന മോഹൻലാലിനൊപ്പം കുട്ടിത്താരങ്ങളും അടങ്ങിയ പോസ്റ്ററും പുറത്തുവന്നിട്ടുണ്ട്. മോഹൻലാലിന്റെ കരിയറിലെ 360-ാമത്തെ സിനിമയാണ് 'തുടരും'.

നവംബർ ഒന്നിനാണ് ചിത്രത്തിന് പാക്കപ്പ് ആയത്. തൊണ്ണൂറ്റി ഒൻപത് ദിവസം ഷൂട്ടിംഗ് നീണ്ടുനിന്ന ചിത്രത്തിൽ ടാക്സി ഡ്രൈവറായാണ് മോഹൻലാൽ എത്തുന്നത്. ശോഭനയാണ് ചിത്രത്തിൽ നായിക കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. 15 വർഷത്തിന് ശേഷമാണ് മോഹൻലാലും ശോഭനയും ഒരുമിച്ചെത്തുന്നത്. രജപുത്രയുടെ ബാനറിൽ എം രഞ്ജിത്ത് ആണ് നിർമ്മാണം. ഷൺമുഖം എന്നാണ് മോഹൻലാലിന്റെ കഥാപാത്രത്തിന്റെ പേര്.

ബിനു പപ്പു, ഫർഹാൻ ഫാസിൽ, മണിയൻപിള്ള രാജു എന്നിവർക്കൊപ്പം നിരവധി പുതുമുഖങ്ങളും ചിത്രത്തിൽ അഭിനയിക്കുന്നു. മോഹൻലാൽ ഒരു റിയലിസ്റ്റിക് നായക കഥാപാത്രത്തെ എൽ 360ൽ അവതരിപ്പിക്കുന്നുവെന്നു എന്നതാണ് ചിത്രത്തിന്റെ പ്രത്യേകത. തരുൺ മൂർത്തിയുടെ എൽ 360 സിനിമ സാധാരണ മനുഷ്യരുടേയും അവരുടെ ജീവിതത്തേയും പ്രധാനമായും ഫോക്കസ് ചെയ്യുന്ന ഒന്നായിരിക്കുമെന്നാണ് റിപ്പോർട്ട്. തരുൺ മൂർത്തിയും സുനിലും ചേർന്നാണ് തിരക്കഥ എഴുതിയിരിക്കുന്നത്.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ അവന്തിക രഞ്ജിത്തുമായ ചിത്രത്തിന്റെ നിർമാണ നിർവ്വഹണം ഡിക്സൻപൊടുത്താസാണ്. ഛായാഗ്രഹണം നിർവഹിക്കുന്നത് ഷാജികുമാർ ആണ്. സൗണ്ട് ഡിസൈൻ വിഷ്ണു ഗോവിന്ദായ ചിത്രം എൽ 360ന്റെ പിആർഒ വാഴൂർ ജോസ് ആണ്. ബറോസ് ആണ് മോഹൻലാലിന്റേതായി റിലീസ് കാത്തിരിക്കുന്ന ചിത്രം. മോഹൻലാൽ ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രം കൂടിയാണിത്.

## തെലുങ്കിൽ തിളങ്ങി ദുൽഖർ സൽമാൻ



മലയാളത്തിൽ നായകനായി അരങ്ങേറ്റം കുറിച്ച ദുൽഖർ സൽമാൻ 2014-ൽ പുറത്തിറങ്ങിയ 'വായ്മൂടി പേശവും' എന്ന ചിത്രത്തിലൂടെയാണ് തമിഴ് സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. 2018-ൽ 'മഹാനടി' എന്ന ചിത്രത്തിലൂടെയാണ് തെലുങ്കിൽ തുടക്കം കുറിച്ചത്. അന്തരിച്ച നടി സാവിത്രിയുടെ ജീവിതകഥ പറയുന്ന ഈ ചിത്രത്തിൽ സാവിത്രിയുടെ കാമുകനും, ഭർത്താവും, നടനുമായ ജെമിനി ഗണേശന്റെ വേഷത്തിലായിരുന്നു ദുൽഖർ സൽമാൻ അഭിനയിച്ചത്. ഈ ചിത്രത്തിന് തെലുങ്കിൽ മാത്രമല്ല മറ്റ് ഭാഷകളിലും മികച്ച സ്വീകാര്യത ലഭിച്ചു. ഈ ചിത്രത്തിന് ശേഷം ദുൽഖർ സൽമാൻ അഭിനയിച്ച 2022-ൽ പുറത്തിറങ്ങിയ മറ്റൊരു തെലുങ്ക് സിനിമയാണ് 'സീതാരാമം'. ഈ ചിത്രവും നിരൂപണപരമായും, ബോക്സ് ഓഫീസ് കളക്ഷനായും നല്ല വിജയം നേടിയ ചിത്രമായിരുന്നു. ദുൽഖർ സൽമാൻ മൂന്നാമതായി അഭിനയിച്ച തെലുങ്ക് ചിത്രമാണ് 'ലക്കി ഭാസ്കർ'. വെങ്കി അറ്റലൂരി സംവിധാനം ചെയ്ത ഈ സിനിമ ദീപാവലിയോടനുബന്ധിച്ച് ഒക്ടോബർ 31-ന് തിയേറ്ററുകളിലെത്തി. 50 കോടി കളക്ഷൻ കടന്നതായാണ് റിപ്പോർട്ട്.

# ചിക്കാഗോ മലയാളി അസ്സോസിയേഷൻ കേരളപ്പിറവി ദിനാഘോഷം






ചിക്കാഗോ: ചിക്കാഗോ മലയാളി അസ്സോസിയേഷൻ കേരളപ്പിറവി ദിനം വിപുലമായി ആഘോഷിച്ചു. നവംബർ 3-ന് ഞായറാഴ്ച വൈകിട്ട് 5-ന് സി.എം.എ ഹാളിൽ വെച്ച് നടന്ന പ്രസ്തുത സമ്മേളനത്തിൽ നിരവധി ആളുകൾ പങ്കെടുത്തു. സിഎംഎ പ്രസിഡണ്ട് ജെസ്സി റിൻസി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രമുഖ ധനകാര്യ മാനേജ്മെന്റ് വിദഗ്ദ്ധൻ സാബു തോമസ് മുഖ്യാതിഥിയായിരുന്നു.

**ബിജു മുണ്ടക്കൽ**

ചിക്കാഗോ മാർത്തോമ്മാ ക്വയർ ആലപിച്ച കേരളഗാനം ആലാപന മികവുകൊണ്ടും അവതരണ ഭംഗികൊണ്ടും ശ്രദ്ധേയമായി. സൂസൻ ചാക്കോ, സൂസൻ ഇടമല എന്നിവർ ഇതിനു നേതൃത്വം നല്കി.

തുടർന്ന് സാബു തോമസ് നിലവിളക്ക് തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചുള്ള ക്ലാസും ചർച്ചയും വളരെയേറെ പ്രയോജനപ്രദമായിരുന്നുവെന്ന് പങ്കെടുത്ത മുഴുവൻ ആളുകളും അഭിപ്രായപ്പെട്ടു.

മെഡികെയർ മെഡിക്കെയ്ഡ്, വിൽ, ട്രസ്റ്റ്, എസ്റ്റേറ്റ് പ്ലാനിംഗ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഈ രംഗത്ത് മുപ്പതിൽപ്പരം വർഷങ്ങളുടെ അനുഭവസമ്പത്തുള്ള സാബു തോമസ്, മിയ റോസൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി.

ഇത്തരം പരിപാടികൾ വീണ്ടും സംഘടിപ്പിക്കണമെന്ന് സമ്മേളനത്തിൽ ആവശ്യമുയർന്നു. ഫോമാ റീജിയണൽ വൈസ് പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടൻ ആശംസകൾ അറിയിച്ചു.

സിഎംഎ പ്രസിഡണ്ട് ജെസ്സി റിൻസി, ഫിലിപ്പ് പുത്തൻപുര, സിബിൽ ഫിലിപ്പ്, മനോജ് അച്ചേട്ട്, വർഗീസ് തോമസ്, ആൽവിൻ ഷിക്കോർ, വിവീഷ് ജേക്കബ് എന്നിവർ നേതൃത്വം നല്കി.

## പിസിനാക്ക് ലോക്കൽ കമ്മിറ്റി നവംബർ 17-നും നാഷണൽ കമ്മിറ്റി ഡിസംബർ 7-നും ചിക്കാഗോയിൽ

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: 2026-ൽ ചിക്കാഗോയിൽ വെച്ച് നടക്കുന്ന പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ കമ്മിറ്റി ഡിസംബർ 7-ന് ചിക്കാഗോയിൽ വെച്ച് നടക്കുമെന്ന് നാഷണൽ ഭാരവാഹികൾ അറിയിച്ചു. നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ അദ്ധ്യക്ഷത വഹിക്കും. നാഷണൽ സെക്രട്ടറി സാം മാത്യു അടുത്ത കോൺഫറൻസിന്റെ നയരൂപീകരണ രേഖ സമർപ്പിക്കും. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സിപിഎ ബജറ്റ് അവതരിപ്പിക്കും. തുടർന്നു നടക്കുന്ന ചർച്ചകൾക്ക് വിവിധ സംസ്ഥാനങ്ങളിൽ നിന്നായി എത്തിച്ചേരുന്ന നാഷണൽ കമ്മിറ്റി അംഗങ്ങൾ നേതൃത്വം നല്കും. വിവിധ സബ് കമ്മിറ്റികളുടെ രൂപീകരണവും അന്നു നടക്കും.



നാഷണൽ യൂത്ത് ഡയറക്ടറും ഇംഗ്ലീഷ് സെഷൻ കൺവീനറുമായ ഡോ. ജോനാഥാൻ ജോർജ്, നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ ജീന വിത്സൺ എന്നിവരും വിവിധ പ്ലാനുകൾ അവതരിപ്പിക്കും.

നാഷണൽ കമ്മിറ്റിക്കു മുന്നോടിയായി നവംബർ 17-ന് ഞായറാഴ്ച നാലു മണിക്ക് സെലിബ്രേഷൻ ചർച്ചിൽ വെച്ച് ലോക്കൽ കമ്മിറ്റി കൂടും. ലോക്കൽ കൺവീനർമാരായ പാസ്റ്റർ ജിജു ഉമ്മൻ, ഡോ. ടൈറ്റസ് ഈപ്പൻ, സെക്രട്ടറിമാരായ ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, ട്രഷറർമാരായ കെ.ഒ. ജോസ് സിപിഎ, വർഗീസ് സാമുവേൽ എന്നിവർ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിവരിക്കും.

2026 ജൂലൈ 2 മുതൽ 5 വരെ ഷാം ബർഗ് കൺവൻഷൻ സെന്ററിൽ വെച്ചാണ് അടുത്ത പിസിനാക്ക് ദേശീയ സമ്മേളനം നടക്കുന്നത്.

## പ്രിയങ്കരി പ്രിയങ്ക



**സുനിൽ വല്ലാത്തറ**

രാഹുൽ ഗാന്ധി രാജിവെച്ച ഒഴിവിൽ നടക്കുന്ന വയനാട് ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫിനായി അദ്ദേഹത്തിന്റെ അരുമസഹോദരി പ്രിയങ്ക ഗാന്ധി മത്സരിക്കുമെന്ന് കോൺഗ്രസ് കേന്ദ്രനേതൃത്വം ഏതാണ്ട് നാല് മാസങ്ങൾക്കു മുൻപ് തന്നെ പ്രഖ്യാപിച്ചതാണ്.

രണ്ടാഴ്ച മുൻപ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഇലക്ഷൻ തീയതി ഡിക്ലയർ ചെയ്തപ്പോഴേയ്ക്കും വയനാട്ടിൽ പ്രിയങ്ക എത്തുന്നതിന്റെ ആഘോഷവും ആവേശവും കൊടുമുടിയിലെത്തി.



1997-ൽ ബിസിനസുകാരനായ റോബർട്ട് വധേരയെ വിവാഹം ചെയ്തശേഷം കുടുംബജീവിതത്തിൽ ഒതുങ്ങിയ പ്രിയങ്ക 2004-ൽ രാഹുൽ ഗാന്ധി ആദ്യമായി അമേഠിയിൽനിന്നും പാർലമെന്റിലേക്ക് മത്സരിക്കുമ്പോഴാണ് പൊതുവേദിയിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്.

പിന്നീട് അമേഠിയിലും സോണിയ ഗാന്ധിയുടെ മണ്ഡലമായ റായ്ബറേലിയിലും രാഹുലിന്റെയും സോണിയയുടെയും അഭാവം നികത്തിയത് പ്രിയങ്കയായിരുന്നു.

ഉത്തർപ്രദേശ് കേന്ദ്രീകരിച്ച് കൂടുതൽ രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെട്ട പ്രിയങ്കയ്ക്കു പക്ഷേ, ഉത്തർപ്രദേശിൽ നടന്ന രണ്ട് മൂന്ന് നിയമസഭാ തെരഞ്ഞെടുപ്പിൽ കാര്യമായി ഒന്നും ചെയ്യുവാൻ സാധിച്ചില്ല. യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിൽ ബിജെപി തുടർച്ചയായി വൻ വിജയങ്ങൾ നേടിയപ്പോൾ പ്രിയങ്ക അപ്രസക്തയാകുന്ന കാഴ്ചയാണ് കണ്ടത്.

2019-ൽ എഐസിസി ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പ്രിയങ്ക കഴിഞ്ഞ അഞ്ചുവർഷം ഉത്തർപ്രദേശിൽ നടത്തിയ കഠിനമായ പ്രവർത്തനത്തിന്റെ ഫലമാണ് ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബിജെപിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടുന്നതിനു തടസ്സമായത്.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അയോദ്ധ്യയും ലക്നൗ പോലുള്ള വൻനഗരങ്ങളിൽ പ്രിയങ്ക നടത്തിയ റാലികളിലും പൊതുയോഗങ്ങളിലും പതിനായിരങ്ങളാണ് പങ്കെടുത്തത്.

2019-ൽ രാഹുൽ ഗാന്ധിയെ പരാജയപ്പെടുത്തി നാണംകെടുത്തിയ ബിജെപിയുടെ വജ്രായുധം സ്മൃതി ഇറാനിയെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേരിട്ട കോൺഗ്രസ് സ്ഥാനാർത്ഥി കിഷൻലാൽ ശർമയ്ക്കു ഒന്നര ലക്ഷത്തിൽ അധികം വോട്ടിന്റെ വിജയം സമ്മാനിച്ചതിൽ മുഖ്യപങ്കു വഹിച്ചത് പ്രിയങ്ക മാജിക് ആയിരുന്നു.

കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് ഇന്ത്യയിലെ മുൻനിര രാഷ്ട്രീയ നേതാക്കളിൽ ഒരാളായി മാറിയ പ്രിയങ്ക, രാഹുൽ ഗാന്ധി 2019-ൽ നേടിയ നാലര ലക്ഷം ഭൂരിപക്ഷം മറികടന്നു ആറു ലക്ഷത്തിൽ എത്തുമെന്നാണ് കോൺഗ്രസ് നേതാക്കളും പ്രവർത്തകരും പറയുന്നത്.

ബിജെപിക്കും നരേന്ദ്ര മോദിക്കും ചെറിയ ക്ഷീണം സംഭവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ 2029-ലെ ഭരണം മുന്നിൽകണ്ടു മുന്നേറുന്ന കോൺഗ്രസിന് എഴുപതുകളിലും എൺപതുകളിലും ഇന്ത്യൻ രാഷ്ട്രീയത്തെ കൈവെള്ളയിൽ കൊണ്ടുനടന്ന ഇന്ദിരാഗാന്ധിയുടെ മുഖഭാവവും ഊർജസ്വലയും ഉള്ള പ്രിയങ്ക കൂടി പാർലമെന്റിൽ എത്തുമ്പോൾ കോൺഗ്രസിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുമോ എന്നു കാത്തിരുന്നു കാണാം.

# ട്രംപ്–വാൻസ് നേതൃത്വം ഇന്നിന്റെ ആവശ്യമെന്ന് ജനം വിധിയെഴുതി

ന്യൂയോർക്ക്: ട്രംപ്-വാൻസ് നേതൃത്വത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നവംബർ 5-ന് നടന്ന അമേരിക്കൻ തെരഞ്ഞെടുപ്പിൽ അമേരിക്കൻ ജനത വിധിയെഴുതി.

നവംബർ 6-ന്റെ ഇന്നിന്റെ പ്രഭാതം പൊട്ടിവിടരുന്നത് ഒരു പുതിയ അമേരിക്കൻ ഉദയത്തിന്റെ പ്രഭാത രശ്മികൾ തഴുകിക്കൊണ്ടാണ്.



അമേരിക്കയിലെ 50 സംസ്ഥാനങ്ങളിൽ നിന്നുള്ള തെരഞ്ഞെടുപ്പ് വിധി പുറത്തുവരുമ്പോൾ അമേരിക്കൻ പ്രസിഡണ്ട് പദവിക്ക് ആവശ്യമായ 270 ഇലക്ടറൽ കോളജ് വോട്ടുകളോട് ട്രംപ്-വാൻസ് ടീം അടുത്തിരിക്കുന്നു.

അമേരിക്കയിലെ ചരിത്രപ്രധാനമായ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ട്രംപിന്റെ അക്ഷീണശ്രമത്തിന് അമേരിക്കൻ ജനതയുടെ അംഗീകാരമാണ് ഈ തെരഞ്ഞെടുപ്പ് എന്ന് ട്രംപ് പ്രതികരിച്ചു.

അമേരിക്കൻ ജനത തങ്ങളുടെ രാജ്യത്തിന്റെ നിയന്ത്രണം വീണ്ടെടുത്ത ദിവസമായി ഈ തെരഞ്ഞെടുപ്പ് എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് ട്രംപ് അനുസ്മരിച്ചു.

നമ്മുടെ മുന്നിലുള്ള ദൗത്യം അത്ര എളുപ്പമല്ലാ എന്നും തന്റെ ആത്മാവിലുള്ള എല്ലാ ഊർജവും ചൈതന്യവും എടുത്ത് രാജ്യത്തിന്റെ ഉന്നമനത്തിനും ജനനന്മയ്ക്കുമായി പോരാടുമെന്നും ട്രംപ് പ്രഖ്യാപിച്ചു.

**ജോജോ തോമസ് പാലത്ര**

ഈ രാജ്യം തനിക്കു നല്കിയ അഭൂതപൂർവ്വവും ശക്തവുമായ ജനവിധിയാണ് ഈ തെരഞ്ഞെടുപ്പ് എന്നും അമേരിക്കൻ സെനറ്റിന്റെ ഭൂരിപക്ഷ നിയന്ത്രണം റിപ്പബ്ലിക്കൻ പാർട്ടി തിരിച്ചുപിടിച്ചു എന്നും ട്രംപ് തുടർന്നു പറഞ്ഞു.

രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക തിരിച്ചുവരവിന് ട്രംപ്-വാൻസ് നേതൃത്വം തുടക്കം കുറിക്കുമെന്നും ട്രംപ് ഉറപ്പു നല്കി.

ലാറ്റിനോ, പോർട്ടറീക്കോ ന്യൂനപക്ഷ വിഭാഗത്തിന്റെ വോട്ടുകൾ നിർണ്ണായകമായിരുന്ന ഈ തെരഞ്ഞെടുപ്പിൽ ട്രംപിന് അനുകൂലമാക്കി മാറ്റുവാൻ കഴിഞ്ഞത് ട്രംപ്-വാൻസ് ടീമിന്റെ ഒരു വലിയ നേട്ടമാണ്.

ആഫ്രോ-അമേരിക്കൻ വോട്ടുകളും നിഷ്പക്ഷ വിഭാഗത്തിന്റെ കെട്ടുറപ്പുള്ള വോട്ടുകളും ക്രിസ്ത്യൻ സമൂഹത്തിന്റെ വോട്ടുകളും ട്രംപ്-വാൻസ് ടീമിനു നല്കിയ പിന്തുണ ട്രംപ്-വാൻസ് ടീം ഇന്നിന്റെ ആവശ്യകതയായി ജനം വിധിയെഴുതി.

ജീവിതച്ചെലവുകളുടെ ഭാരിച്ച ബുദ്ധിമുട്ടുകളും സാമ്പത്തിക ഞെരുക്കവും നികുതിഭാരവും കൊണ്ട് പൊറുതിമുട്ടിയ ജനത്തിന്റെ തിരിച്ചറിവാണ് ട്രംപ്-വാൻസ് ടീമിന്റെ ഈ അപൂർവ്വ വിജയമെന്ന് വ്യക്തമാക്കുന്നു.

ട്രംപ്-വാൻസ് നേതൃത്വം അമേരിക്കയിലെ ജനങ്ങളുടെ മുന്നിൽ സമർപ്പിച്ച വാഗ്ദാനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മാറ്റത്തിന്റെ ശംഖൊലി ഉയർത്തിക്കൊണ്ട് എല്ലാ പ്രതീക്ഷകളും ട്രംപ്-വാൻസ് നേതൃത്വത്തിൽ അമേരിക്കൻ ജനത സമർപ്പിച്ചിരിക്കുന്നു.

47-ാമത് അമേരിക്കൻ പ്രസിഡണ്ടായി രണ്ടാമൂഴത്തിലേക്ക് അധികാരത്തിലെത്തുന്ന ട്രംപിന് എല്ലാവിധ വിജയാശംസകളും നേരുന്നു.




ലേഖകൻ

## അനുസ്മരണ യോഗം

**ഷെവ. ജയ്മോൻ സ്കറിയ**

ഓക്പാർക്ക്: മലങ്കര യാക്കോബായ സഭയുടെ പ്രാദേശിക തലവൻ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവയുടെ ദേഹവിയോഗത്തിൽ ഓക്പാർക്ക് സെന്റ് ജോർജ് യാക്കോബായ ഇടവക അനുശോചനം രേഖപ്പെടുത്തി. ഒക്ടോബർ 31-ന് വ്യാഴാഴ്ച വൈകുന്നേരം 7 മണിക്ക് ഓക്പാർക്ക് സെന്റ് ജോർജ് പള്ളിയിൽ സന്ധ്യാപ്രാർത്ഥനയും ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. വികാരി റവ.ഫാ. മാത്യു വർഗീസ് കരിത്തലയ്ക്കൽ നേതൃത്വം നല്കി.



നവംബർ 3-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കും ധൂപപ്രാർത്ഥനയ്ക്കും ശേഷം പള്ളിയിൽ വെച്ച് അനുശോചനയോഗം നടത്തി.

റവ.ഫാ. മാത്യു വർഗീസ് കരിത്തലയ്ക്കൽ, റവ.ഫാ. ലിജു പോൾ, വർഗീസ് പാലമല, ഷെവലിയാർ ജയ്മോൻ സ്കറിയ, റജിമോൻ ജേക്കബ്, നെബു ജോർജ് എന്നിവർ അനുശോചന സന്ദേശങ്ങൾ നല്കി. ഷെവലിയാർ ജയ്മോൻ സ്കറിയ അനുശോചനപ്രമേയം അവതരിപ്പിച്ചു.

# ജോസഫ് നമ്പിമഠത്തിന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ ആദരവ്

**സ്വന്തം ലേഖകൻ**

തിരൂർ: അമേരിക്കൻ മലയാളി കവിയും, സാഹിത്യകാരനുമായ ജോസഫ് നമ്പിമഠത്തിന് തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ ആദരവ്. ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് മലപ്പുറം ജില്ല സാമൂഹ്യ നീതി ഓഫീസ്, പിആർഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല, മുഖം ഗ്ലോബൽ മാഗസിൻ, മുഖം ബുക്സ് എന്നിവ സംയുക്തമായി മലയാള സർവ്വകലാശാലയിൽ 'ഭരണഭാഷയും സാമൂഹ്യ നീതിയും' എന്ന വിഷയത്തിൽ സെമിനാറിലാണ് അദ്ദേഹത്തെ ആദരിച്ചത്. മലയാളം അമേരിക്കയിൽ എന്ന വിഷയത്തിൽ ജോസഫ് നമ്പിമഠം സംസാരിച്ചു. മലയാളത്തെ ഏറ്റവും കൂടുതൽ ആദരിക്കുന്നതും നെഞ്ചേറ്റുന്നതും ഞങ്ങൾ പ്രവാസിമലയാളികൾ ആണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിൽനിന്നും നിരവധി എഴുത്തുകാരെയും, പത്രപ്രവർത്തകരേയും അമേരിക്കൻ മലയാളികൾ അമേരിക്കയിലെ വിവിധ വേദികളിൽ എത്തിച്ച് മലയാള ഭാഷയെ ആദരിക്കുമ്പോൾ അമേരിക്കൻ പ്രവാസി എഴുത്തുകാർക്കും, പത്രപ്രവർത്തകർക്കും ജന്മനാട്ടിൽ വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ല. ഇത് പ്രവാസി എഴുത്തുകാർ നേരിടുന്ന ഒരു പ്രശ്നമാണ്. കേരളത്തിലെ എഴുത്തുകാരെ പോലെ തന്നെ നിരവധി എഴുത്തുകാർ അവരുടെ ജീവിതത്തിരക്കിനിടയിലും സമയം കണ്ടെത്തി എഴുത്തു മേഖലയിൽ സജീവമാണ്. മലയാളത്തെ ആദരിക്കുന്ന ഏറ്റവും വലിയ പുരസ്കാരമായ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ സംഭാവനയാണ്. അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൂട്ടായ്മയായ ലാന അമേരിക്കയിൽ നടത്തുന്ന സാഹിത്യ പ്രവർത്തനങ്ങൾ വലിയ മാതൃകയാണ്. ഇവയെല്ലാം മലയാളത്തിന് ഞങ്ങൾ നൽകുന്ന ഹൃദയം നിറഞ്ഞ സ്നേഹമാണ്. മലയാളം സർവ്വകലാശാല തന്റെ അൻപത് വർഷത്തെ കാവ്യജീവിതത്തെ ആദരിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ജോസഫ് നമ്പിമഠം പറഞ്ഞു. മലയാളത്തെ കേരളം മറന്നാലും ഞങ്ങൾ പ്രവാസി മലയാളികൾ മറക്കുകയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



മലയാളം സർവ്വകലാശാല വൈസ്ചാൻസലർ ഡോ. എൽ. സുഷമ ആദ്ധ്യക്ഷ്യം വഹിച്ച പരിപാടി തിരൂർ സബ് കളക്ടർ ദിലീപ് പി. കൈനിക്കര ഉദ്ഘാടനം ചെയ്തു. ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഷീബ മുംതാസ് ആമുഖ പ്രഭാഷണവും, നോവലിസ്റ്റ് ഐ. ആർ. പ്രസാദ് മുഖ്യ പ്രഭാഷണവും നടത്തി. കവിയും എഴുത്തുകാരനുമായ ജോസഫ് നമ്പിമഠത്തിന് മലയാളം സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സുഷമ മൊമെന്റോ നൽകി. എഴുത്തുകാരായ കെ.പി. രാമനുണ്ണി, ബി. ഹരികുമാർ, അനിൽ പെണ്ണുക്കര, ഡോ. ബാബുരാജൻ കെ., ഡോ. എം. ജി. മല്ലിക എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കുമാരി ലക്ഷ്മി മോഹൻ ജോസഫ് നമ്പിമഠത്തിന്റെ തുഞ്ചന്റെ കിളിമകൾ എന്ന കവിത വേദിയിൽ അവതരിപ്പിച്ചു.





# നിർവ്വ്യാജസ്നേഹം നല്കിയാൽ സമുദ്രംപോലെ തിരികെ ലഭിക്കും

**എൽസി ബേബി**

സ്നേഹമില്ലാത്ത ഒരു ലോകത്തെക്കുറിച്ച് ഊഹിക്കാൻ പോലും പറ്റുകയില്ലല്ലോ. എത്ര ദുഷ്ടന്മാരും നീചരുമായവർ പോലും അല്പം സ്നേഹത്തിനായി ദാഹിക്കുന്നവരാണ്. എന്നെ സ്നേഹിക്കാൻ ആരുമില്ലല്ലോ എന്ന ഒരവസ്ഥ വന്നാൽ അതുപോലെ ദുഃഖവും നിരാശയുമുള്ള മറ്റേതെങ്കിലും അവസ്ഥ വേറെയില്ല എന്നുവേണം പറയുവാൻ. അമേരിക്ക പോലെയുള്ള പാശ്ചാത്യരാജ്യങ്ങളിൽ സ്നേഹം പങ്കുവെക്കാൻ പട്ടികൾ മുതലായ മൃഗങ്ങളെ വളർത്തുക മാത്രമല്ല, അവയെ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുകയും അവയ്ക്കായി ശ്മശാനഭൂമി വരെ ഉള്ളതായും കേട്ടിട്ടുണ്ട്. മനുഷ്യസ്നേഹത്തിന് ഒരതിരുണ്ട്. മാതാപിതാക്കൾ എത്ര സ്നേഹിച്ചാണ് മക്കളെ വളർത്തി വലുതാക്കുന്നത്. പക്ഷേ, മക്കൾ പ്രായമാകുമ്പോഴേക്കും മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തിയിരിക്കും. തങ്ങൾ സ്നേഹിച്ചും വാത്സല്യങ്ങൾ നല്കിയും കഷ്ടപ്പെട്ടും വളർത്തിയ മക്കളിൽനിന്നും അല്പം സ്നേഹം മാത്രം ലഭിക്കാൻ കാത്തിരിക്കുമ്പോൾ അവരെ ധിക്കരിച്ചും അവഗണിച്ചും അവർ തങ്ങൾക്ക് ഒരു ശല്യമാണെന്ന് കരുതി ക്രൂരമായി പെരുമാറി, വൃദ്ധസദനങ്ങളിൽ കൊണ്ടുചെന്നാക്കുന്ന മക്കളെക്കുറിച്ച് ഹൃദയംനൊന്ത് കരയുന്ന എത്രയെത്ര വൃദ്ധമാതാപിതാക്കളാണ് നമ്മുടെ ഇടയിലുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് മനുഷ്യർ തമ്മിൽതമ്മിലുള്ള സ്നേഹം പൂർവ്വാധികം കുറഞ്ഞു പോയിരിക്കയല്ലേ? പരിഷ്കാരങ്ങളും സംസ്കാരങ്ങളും വർദ്ധിച്ചതോടെ ഭൗമിക വസ്തുക്കളെ സ്നേഹിക്കുന്ന പ്രതീതിയാണ് കണ്ടുവരുന്നത്. പക്ഷേ, അവ കൈവിട്ടു പോകുമ്പോൾ നിരാശയും വെറുപ്പും കോപവും വർദ്ധിക്കുകയും ക്രൂരതകളിലേക്ക് തിരിയുകയും ചെയ്യുന്നു

നിർവ്യാജ സ്നേഹം നല്കിയാൽ സമുദ്രംപോലെ അത് തിരികെ ലഭിക്കുമെന്നത് വാസ്തവമാകുന്നു. സ്നേഹം നിർവ്യാജമായിരിക്കട്ടെ എന്ന് പൗലോസ് ശ്ലീഹാ പഠിപ്പിച്ചു. തനിക്കു ലഭിച്ച ദൈവസ്നേഹമാകുന്നു നിർവ്യാജ സ്നേഹം. സ്നേഹത്തിന്റെ അപ്പോസ്തലൻ എന്നു പേരുകേട്ട ക്രിസ്തുശിഷ്യനായ യോഹന്നാൻ സ്നേഹത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ‘നാം അന്യോന്യം സ്നേഹിക്ക. സ്നേഹം ദൈവത്തിൽ നിന്നുവരുന്നു. സ്നേഹിക്കുന്നവരെല്ലാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹംതന്നെ. തന്റെ ഏകജാതനായ പുത്രനെ-യേശുമിശിഹായെ-നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മളോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹമാകുന്നു. ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചുവെങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു’



ലേഖകൻ

“നിങ്ങൾ തമ്മിൽതമ്മിൽ സ്നേഹിക്കേണം” എന്നരുളിച്ചെയ്ത മിശിഹാ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്നറിഞ്ഞിരിക്കുന്നു. നാമും സഹോദരർക്കു വേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. നാം വാക്കിനാലും നാവിനാലുമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക. അതാകുന്നു യഥാർത്ഥ നിർവ്യാജ സ്നേഹം. അതുതന്നെയാണല്ലോ ദൈവം തന്റെ ജനമായ യിസ്രായേലിനും നല്കിയ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രമാണം. യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻതന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഇത് നമുക്കെല്ലാവർക്കും കൂടെയുള്ള കല്പനയും ന്യായപ്രമാണവുമാകുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ സ്നേഹിക്കാതെ മറ്റുള്ളവരെ സ്നേഹിക്കാൻ സാദ്ധ്യമല്ല. നമ്മേ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നതിനേക്കാൾ നമ്മുടെ ശത്രുക്കളെ സ്നേഹിക്കുവാനും നമ്മോടു കല്പിച്ചിട്ടുണ്ട്. “നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകെക്കുന്നവർക്ക് ഗുണം ചെയ്യുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ” ഇങ്ങനെയൊക്കെയുള്ള കല്പനകളൊക്കെ ദൈവം നമുക്കു നല്കിയിട്ടുള്ളതാകുന്നു. ഇതൊക്കെ പാലിക്കുവാൻ ആർക്കു സാധിക്കും എന്നു ചോദിച്ചേക്കാം. പക്ഷേ, അങ്ങനെ ചെയ്യുന്നവർ നമുക്കു ചുറ്റുമുണ്ട്.

നമ്മുടെ പൂർവ്വപിതാക്കന്മാർ അങ്ങനെയൊക്കെ ചെയ്യുന്നവരായിരുന്നു. അതിന്റെ അനുഗ്രഹങ്ങളാണ് ഇന്നു നാം അനുഭവിക്കുന്നത്. വിശുദ്ധരായ പലരെയും നാം വണങ്ങുന്നത് അവർ നമ്മുടെ കർത്താവിന്റെ കല്പനകൾ അനുസരിച്ച് ജീവിച്ചവരായതുകൊണ്ടാണ്. അവരുടെ മാതൃക അനുകരിക്കുന്നതിലാണ് ദൈവം പ്രസാദിക്കുന്നത്. ഒരിക്കൽ ബുദ്ധൻ തന്റെ ശിഷ്യരുമായി യാത്ര ചെയ്യുമ്പോൾ ഒരു ദുഷ്ടമനുഷ്യൻ അദ്ദേഹത്തിന്റെ മുഖത്തുനോക്കി പല അസഭ്യങ്ങളും വിളിച്ചുപറഞ്ഞു. ബുദ്ധൻ മൗനമായി മന്ദസ്മിതത്തോടെ അതൊക്കെ കേട്ടു. അപ്പോൾ ആ മനുഷ്യൻ ചോദിച്ചു: “താനെന്താ ഒന്നും മിണ്ടാത്തതെന്ന്.” അദ്ദേഹം പറഞ്ഞു: നീ ആർക്കെങ്കിലും ഒരു നല്ല സമ്മാനം നല്കിയിട്ട് അദ്ദേഹം അതു സ്വീകരിച്ചില്ലെങ്കിൽ നീ എന്തു വിചാരിക്കും? അയാൾ പറഞ്ഞു ഞാനത് എന്റെ പക്കൽ സൂക്ഷിക്കും. അതുപോലെ നീ എനിക്കു തന്നതൊന്നും ഞാൻ സ്വീകരിക്കുന്നില്ല. നീ തന്നെ സൂക്ഷിച്ചുകൊൾക എന്ന്. എത്ര നല്ല മാതൃക. (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 84.38 |
| യൂറോ | 90.12 |
| സ്റ്റെർലിംഗ്പൗണ്ട് | 108.84 |
| സ്വിസ് ഫ്രാങ്ക് | 96.03 |
| സിംഗപ്പൂർ ഡോളർ | 63.42 |
| കനേഡിയൻ ഡോളർ | 60.59 |
| ഒമാൻ റിയാൽ | 219.15 |
| ബഹ്റൈൻ ദിനാർ | 223.87 |
| സൗദി റിയാൽ | 22.47 |
| യു.എ.ഇ. ദിർഹം | 22.97 |
| കുവൈത്ത് ദിനാർ | 274.74 |

# കുട്ടിവിശുദ്ധരുടെ സംഗമവേദിയായി ബെൻസൻവിൽ തിരുഹൃദയ ഇടവക

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെ സകലവിശുദ്ധരുടെയും തിരുനാൾ കുട്ടിവിശുദ്ധരുടെ സംഗമവേദിയായി മാറി. മത



ബോധന വിഭാഗത്തിന്റെ നേതൃത്വത്തിലാണ് സകലവിശുദ്ധരുടെയും തിരുനാൾ പ്രത്യേകമായി ആഘോഷിച്ചത്. അന്നേദിവസം കുട്ടികൾ എല്ലാവരും അവരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ വേഷവിധാനങ്ങളോടെ ദൈവാലയത്തിലെത്തുകയും തുടർന്ന് അവരുടെ പരേഡും സംഘടിപ്പിക്കുകയുണ്ടായി. കുട്ടികൾ അണിഞ്ഞ വിശുദ്ധരുടെ വസ്ത്രത്തിന്റെ ആത്മാവിലേക്ക് ആഴ്ന്നിറങ്ങാൻ പ്രാർത്ഥിക്കുകയും കുട്ടികളെ അതിനായി പരിശീലിപ്പിക്കുകയും ചെയ്യണമെന്ന് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ തന്റെ സന്ദേശത്തിൽ പ്രത്യേകം ഓർമ്മിപ്പിച്ചു. പരിപാടികൾക്ക് സിസിഡി ഡയറക്ടർ സഖറിയ ചേലയ്ക്കൽ, അസി. ഡയറക്ടർ കൊളീൻ കീഴങ്ങാട്ട്, ജോബി ഇത്തിത്തറ എന്നിവർ നേതൃത്വം നൽകി.



# നിർമ്മിതബുദ്ധി ഉപയോഗിച്ചുള്ള ബൈബിൾ വ്യാഖ്യാന ഓൺലൈൻ ഉദ്ഘാടനം ചെയ്തു

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ആർട്ടിഫിഷൽ ഇന്റലിജൻസ് (എഐ) ഉപയോഗിച്ച് ബൈബിൾ പഠനത്തിനു തയ്യാറാക്കിയ പുതിയ പ്ലാറ്റ്ഫോം, ബൈബിൾ ഇന്റർപ്രട്ടേഷൻ എഐ (Bibleinterpretation.-ai) ഹൂസ്റ്റണിലെ ക്നാനായ കത്തോലിക്കാ ദൈവാലയത്തിലെ മുഖ്യതിരുനാളിന്റെ കലോത്സവത്തോടനുബന്ധിച്ച് പൂനയിലെ സീറോ-മലങ്കര കത്തോലിക്കാ രൂപതാദ്ധ്യക്ഷൻ ബിഷപ് മാത്യൂസ് മാർ പക്കോമിയോസ് ഉദ്ഘാടനം ചെയ്തു.



ഈ പ്ലാറ്റ്ഫോം വിശുദ്ധ ഗ്രന്ഥത്തെ കൂടുതൽ എളുപ്പത്തിൽ അപഗ്രഥിക്കാനും പഠിപ്പിക്കാനും എല്ലാവർക്കും സഹായകമാണ്.

കത്തോലിക്കാ പ്രബോധനങ്ങൾക്ക് അധിഷ്ഠിതമായ ബൈബിൾ വിശദീകരണങ്ങൾ കൂടുതൽ എളുപ്പമാക്കുന്ന ഈ സൈറ്റ് വികസിപ്പിക്കുന്നതിന് തയ്യാറായ റവ.ഫാ. അബ്രാഹം മുത്തോലത്തിന്റെ ദീർഘവീക്ഷണത്തെ ഉദ്ഘാടനപ്രസംഗത്തിൽ ബിഷപ് പക്കോമിയോസ് പ്രശംസിച്ചു. 'ബൈബിൾ ഇന്റർപ്രട്ടേഷൻ എഐ സഭാമക്കളുടെയും പ്രബോധകരുടെയും ആത്മീയ യാത്രയിൽ പുതിയൊരു വഴിത്തിരിവായിരിക്കും:' അദ്ദേഹം പറഞ്ഞു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ലക്ഷ്യംവെച്ചുകൊണ്ട്, മതാദ്ധ്യാപകർ, പ്രാർത്ഥനാ ഗ്രൂപ്പുകൾ, വൈദികർ, ബൈബിൾ പ്രഭാഷകർ തുടങ്ങിയവർക്ക് ഈ പ്ലാറ്റ്ഫോം വളരെ സഹായകരമായിരിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**Bibleinterpretation.ai പ്രയോജനപ്പെടുത്തുന്നതിന്റെ വിവിധ സാദ്ധ്യതകൾ:** * മതാദ്ധ്യാപകർ മതബോധന ക്ലാസുകൾ ഒരുങ്ങുന്നതിനും അത് ആകർഷകമാക്കുന്ന പാഠ്യപദ്ധതികൾ തയ്യാറാക്കുന്നതിനും ഈ ആധുനിക സാങ്കേതിക മാർഗ്ഗം ഏറെ സഹായിക്കും. ബൈബിൾ ക്വിസ്, റോൾപ്ലേ, കഥകൾ, ഹോംവർക്ക്, പവർപോയിന്റ് പ്രസന്റേഷൻ തയ്യാറാക്കൽ തുടങ്ങി ഒട്ടേറെ സാധ്യതകൾ ഇതിനുണ്ട്.

* വൈദികർക്കും ബൈബിൾ പ്രഘോഷകർക്കും വചനപ്രഘോഷണം ഒരുങ്ങുന്നതിനും അതിനുവേണ്ട ബൈബിൾ പശ്ചാത്തലം മനസ്സിലാക്കുന്നതിനും പ്രസംഗ സംഗ്രഹം തയ്യാറാക്കുന്നതിനും ബൈബിൾ ഇന്റർപ്രട്ടേഷൻ എഐ പ്രയോജനപ്പെടുന്നു.

* പ്രാർത്ഥനാഗ്രൂപ്പ് നേതാക്കൾക്ക് ബൈബിൾ സന്ദേശങ്ങൾ വിശദീകരിക്കുന്നതിനായി സാങ്കേതിക പിന്തുണ നല്കുന്നു. ബൈബിൾ പാരമ്പര്യവും സഭാപ്രബോധനങ്ങളും സംയോജിപ്പിച്ചു ആകർഷകമായ അവതരണത്തിന് ഇതു സഹായിക്കുന്നു.




* വ്യക്തിഗത പഠനത്തിനും ബൈബിൾ ഗ്രൂപ്പുകൾക്കുമായി ഏവർക്കും ഉപയോഗിക്കാൻ എളുപ്പമുള്ള ഈ പ്ലാറ്റ്ഫോം, ബൈബിൾ സ്വതന്ത്രമായി പഠിക്കാൻ അവസരം നല്കുന്നു. ജീവിതപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താനും വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനിച്ചു പ്രാർത്ഥിക്കാനും ഇത് പ്രയോജനപ്രദമാണ്.

ബൈബിൾ ഇന്റർപ്രട്ടേഷൻ എഐയുടെ പ്രധാന സവിശേഷതകളെക്കുറിച്ച് ബിജോ കാരക്കാട്ട് വിശദീകരിച്ചു. തന്റെ അറിവിൽ ആർട്ടിഫിഷൽ ഇന്റലിജൻസ് ഉപയോഗിച്ച് ബൈബിൾ അധിഷ്ഠിതമായ ഇത്രയും നല്ലൊരു ഓൺലൈൻ പ്ലാറ്റ്ഫോം നാളിതുവരെ ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു.

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഈ പ്ലാറ്റ്ഫോം തുടർന്നും വികസിപ്പിക്കുകയും ആത്മീയ വളർച്ചയ്ക്ക് സഹായകമാക്കുകയും ചെയ്യും എന്ന് അദ്ദേഹം ഉറപ്പു നല്കി.

(ശേഷം 30-ാം പേജിൽ)





# ലാന സാഹിത്യോത്സവം സമാപിച്ചു

ഉമ സജി

ന്യൂയോർക്ക്: നവംബർ ഒന്നു മുതൽ മൂന്നു വരെ ന്യൂയോർക്കിലെ അക്ഷരനഗരിയിൽ നടന്നുവന്ന സാഹിത്യോത്സവത്തിന് നവംബർ മൂന്നിന് വിരാമമായി. കൺവൻഷൻ ജനറൽ കൺവീനർ ജേക്കബ് ജോൺ സ്വാഗതവും ലാന പ്രസിഡണ്ട് ശങ്കർ മന അദ്ധ്യക്ഷ പ്രസംഗവും നടത്തിയ സമാപന സമ്മേളനത്തിൽ മുഖ്യാതിഥി ഇ. സന്തോഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി.




ഭാഷയുടെ പ്രാധാന്യവും ലോകരാജ്യങ്ങളെ ബന്ധിപ്പിക്കുന്നതിലും പുതിയ രാജ്യങ്ങളുടെയും സംസ്ഥാനങ്ങളുടെയും ആവിർഭാവത്തിനും ഭാഷ വഹിച്ച പങ്കിനെക്കുറിച്ച് സന്തോഷ് കുമാർ വിശദമായി സംസാരിച്ചു.

മലയാളം കേരളത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒരു ചെറിയ ഭാഷയല്ലെന്നും ലോകമെമ്പാടും വേരുകളുള്ള ഒരു വലിയ ഭാഷയാണെന്നും സന്തോഷ് കുമാർ പറഞ്ഞു. പ്രവാസികൾ മലയാള ഭാഷയ്ക്ക് നല്കുന്ന പ്രാധാന്യത്തിൽ സന്തോഷ് കുമാർ അഭിനന്ദനം അറിയിച്ചു. ലാന സാഹിത്യസമ്മേളനം ഒരു മികച്ച സാഹിത്യ പ്രവർത്തനത്തിന്റെ പരിണിതഫലം എന്ന് സന്തോഷ് കുമാർ പറഞ്ഞു.



കേരളത്തിൽ പോലും കാണാത്ത്ര എഴുത്തുകാരുടെ പങ്കാളിത്തം ലാന സാഹിത്യോത്സവത്തിൽ കാണാൻ കഴിഞ്ഞതായും സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും പങ്കാളിത്തം ഉറപ്പിക്കുന്നതിലും അമേരിക്കയുടെയും കാനഡയുടെയും വിവിധഭാഗങ്ങളിൽ നിന്നുള്ള മലയാളികൾ ഒത്തുകൂടി ലാന പോലെ ഒരു സാഹിത്യ സംഘടനയുടെ കുടക്കീഴിൽ അണിനിരക്കുന്നത് മലയാളഭാഷയോടുള്ള ആദരവാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആദ്യകാല കുടിയേറ്റക്കാർ സുവിശേഷകരായിരുന്നു എന്നും അതിനു ശേഷം ഒരുപാട് പെൺകുട്ടികൾ ജോലിക്കായി ചെറുപ്രായത്തിൽതന്നെ അമേരിക്കയിലേക്കും യൂറോപ്പിലേക്കും കുടിയേറിയതാണ് തന്റെ ചെറുപ്പകാല കുടിയേറ്റ ഓർമ്മകളെന്നും സന്തോഷ് കുമാർ പറഞ്ഞു. കേട്ടറിവിന് വ്യത്യസ്തമായി അമേരിക്കയിലേക്ക് കുടിയേറിയ സ്ത്രീ സമൂഹത്തിന് വേഷത്തിലോ ഭാവത്തിലോ ഉണ്ടായ മാറ്റമല്ലാതെ കേരളസമൂഹത്തിലെ സ്ത്രീകളിൽ നിന്നൊരുമാറ്റവും ഉണ്ടായിട്ടില്ലെന്നും സന്തോഷ് കുമാർ പറഞ്ഞു.

വായനയും എഴുത്തും മനുഷ്യരെ വിനയമുള്ളവരാക്കും. ഭാഷയെ ആഗോളതലത്തിൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അംഗങ്ങളെ മുഖ്യധാരയുമായി ബന്ധിപ്പിച്ച് സർഗാത്മകതയെ സജീവമാക്കുകയും ആണ് ലാനയുടെ ലക്ഷ്യം എന്ന് ലാന പ്രസിഡണ്ട് ശങ്കർ മന തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

മാലിനിയും (നിർമ്മല ജോസഫ്), സന്തോഷ് പാലയും അവതാരകരായ പരിപാടിയിൽ കൺവൻഷൻ ചെയർമാൻ മനോഹർ തോമസ്, അഡ്വൈസറി ബോർഡ് ചെയർമാൻ അനിലാൽ ശ്രീനിവാസൻ, ലാന സെക്രട്ടറി സാമുവൽ യോഹന്നാൻ, ലാന ട്രഷറർ ഷിബു പിള്ള, കൺവൻഷൻ ട്രഷററും മുൻ ലാന സെക്രട്ടറിയുമായ സാംസി കൊടുമൺ എന്നിവർ ആശംസ അർപ്പിച്ചു.

ലാനയുടെ മുതിർന്ന എട്ട് അംഗങ്ങളെ ആദരിക്കുന്ന ചടങ്ങും നടന്നു. ലാനയുടെ ആദരവ് ഏറ്റുവാങ്ങിയ മുതിർന്ന അംഗങ്ങൾ ഇവരാണ്: എൽസി യോഹന്നാൻ ശങ്കരത്തിൽ, നീന പനയ്ക്കൽ, സരോജ വർഗ്ഗീസ്, ഡോ. തോമസ് പാലയ്ക്കൽ, ജോൺ വേറ്റം (ജോൺ മാത്യു), പീറ്റർ നീണ്ടൂർ, സിഎംസി, അബ്ദുൾ പുന്നയൂർക്കുളം.

ലാനയിൽ 'ചെറിയാൻ കെ. ചെറിയാന്റെ കവിതകൾ' രചന: മനോഹർ തോമസ്, 'സ്ത്രീ, സ്വത്വം, സ്വാതന്ത്ര്യം' രചന: രതീ ദേവി, 'Kaila's Yates - Devine Expedition of A Life



Time' രചന: ഡോ. സുകുമാർ കാനഡ, 'The First Book of An Exotic' രചന: സാംസി കൊടുമൺ, 'The Girl Who Loved Thunderstorm' രചന: ലിൻഡ അലക്സാണ്ടർ എന്നിവരുടെ പുസ്തക പ്രകാശനച്ചടങ്ങ് നടന്നു.






മനോഹർ തോമസ് മുഖ്യാതിഥിക്ക് ലാനയുടെ ആദരവ് സമർപ്പിച്ചു.

കൺവൻഷൻ വൈസ് ചെയർമാനും മുൻ ലാന സെക്രട്ടറിയുമായ ജെ. മാത്യൂസ് നന്ദി പ്രകാശനം നടത്തി. അതിനുശേഷം ദിവ്യ വാര്യരുടെ മോഹിനിയാട്ടവും ഭരതകല തീയറ്റേഴ്സ്, കെഎൽഎസ് ഡാളസിലെ പ്രതിഭകൾ അവതരിപ്പിച്ച 'സ്ഥലത്തെ പ്രധാന കല്യാണം' എന്ന ലഘുനാടകത്തോടെ മൂന്നു ദിവസത്തെ ഈ വർഷത്തെ ലാന സാഹിത്യോത്സവത്തിന് തിരശ്ശീലയിട്ടു.

അടുത്ത ലാന സാഹിത്യോത്സവത്തിനുള്ള പ്രഖ്യാപനത്തോടെ ലാന സാഹിത്യോത്സവങ്ങൾക്ക് അവസാനമില്ലെന്ന് ഉറപ്പിച്ച് നവംബർ 1 – 3, 2025 –നെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു ലാന അംഗങ്ങൾ.



# SEEKING BRIDEGROOM

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

*Christian Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God

# SEEKING BRIDE

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

## SEEKING BRIDEGROOM CONTD.....

fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## പി.ജെ. വർഗീസ്

**നാലുകോടി:** പരിയാത്ത് പി.ജെ. വർഗീസ് (ജോസ്-76) അന്തരിച്ചു. ഭാര്യ നാലുകോടി പോളച്ചിറ എൽസമ്മ വർഗീസ്. മക്കൾ: പ്രിയ ബേസിൽ (കാനഡ), പ്രവീൺ വർഗീസ് (യുഎസ്). മരുമക്കൾ: ബേസിൽ തോമസൺ മരിയാപുരം (കാനഡ), ക്രിസ്റ്റി പ്രവീൺ കളത്തിപറമ്പിൽ (യുഎസ്).

**ചെമ്മലമറ്റം:** വെള്ളൂക്കുന്നേൽ പരേതനായ ജോസഫ് ജെ. വെള്ളുക്കുന്നേലിന്റെ ഭാര്യ മേരി ജോസഫ് (അമ്മിണി-87) അന്തരിച്ചു.

## എം.കെ. കുര്യാക്കോസ്

**തിരുവല്ല:** കുറ്റൂർ ആക്കൽ മലയിൽ (എച്ച്എഎൽ ബാംഗ്ലൂർ) റിട്ട. എയർക്രാഫ്റ്റ് മെയിന്റനൻസ് എൻജിനീയർ എം.കെ. കുര്യാക്കോസ് (തങ്കച്ചൻ-88) അന്തരിച്ചു. ഭാര്യ വെൺപാല മാലിക്കൽ അച്ചാമ്മ കുര്യാക്കോസ്. മക്കൾ: സൂസൻ ഫിലിപ്പ് (മസ്കറ്റ്), സിനു ഹെബി മാലിയിൽ (യുഎസ്). മരുമക്കൾ: വള്ളംകുളം മലേശ്ശേരിൽ ഫിലിപ്പ് ഏബ്രഹാം (മസ്കറ്റ്), ചിങ്ങവനം മാലിയിൽ ഹെബി (യുഎസ്).

**തൊടുപുഴ:** ആരാധനാമഠം കോതമംഗലം പ്രോവിൻസ് അംഗം സിസ്റ്റർ ആനി (ചിന്നമ്മ-84) അന്തരിച്ചു.

**കുറുപ്പന്തറ:** ആക്കാംപറമ്പിൽ എം.സി. മാത്യു (85) അന്തരിച്ചു.

**വാകത്താനം:** പുത്തൻചന്ത കൊച്ചേരി പൊങ്ങമ്പുഴ പി.എ. കുര്യൻ (ജോർജുകുട്ടി-80) അന്തരിച്ചു.

**തിടനാട്:** ചെന്നയ്ക്കാട്ടുകുന്നേൽ ഏലിക്കുട്ടി ദേവസ്യ (98) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** മൈലക്കാട്ടായ മാലത്ത് അന്നമ്മ ചാക്കോ (തങ്കമ്മ-90) അന്തരിച്ചു.

**മാങ്ങാനം:** പുതുപ്പറമ്പിൽ കാലായിൽ മറിയാമ്മ ചാക്കോ (80) അന്തരിച്ചു.

**പാലാ:** കൊച്ചുതെക്കേതിൽ പരേതനായ കെ.ജെ. പോത്തന്റെ ഭാര്യ പൊന്നമ്മ പോത്തൻ (90) അന്തരിച്ചു.

## അഞ്ചുകണ്ടത്തിൽ തോമസ്

**കിടങ്ങൂർ:** അഞ്ചുകണ്ടത്തിൽ തോമസ് (കുട്ടപ്പൻ-89) അന്തരിച്ചു. ഭാര്യ തെള്ളകം ഇടയാടിയിൽ അന്നമ്മ തോമസ്. മക്കൾ: ജോസ്, ജെസ്സി, ജെയ്മോൻ, സിബി (ഇറ്റലി), ജെൻസി (യുഎസ്). മരുമക്കൾ: വത്സമ്മ കരിയാറ്റപ്പുഴ (പേരൂർ), ലൂക്ക താഴത്ത് (നീണ്ടൂർ), ജെസ്സി ആശാരിപ്പറമ്പിൽ (കുറുപ്പന്തറ), ജയ എരുമത്തറ (അമ്മഞ്ചേരി), റോബി മഠത്തിൽപറമ്പ് എസ്എച്ച് മൗണ്ട് (യുഎസ്).

**കങ്ങഴ:** പത്തനാട് മുരിക്കനാനിക്കൽ (പെരിങ്ങാനത്ത്) പരേതനായ പി.കെ. തോമസിന്റെ ഭാര്യ ആനിക്കുട്ടി തോമസ് (90) അന്തരിച്ചു.

**മാലം:** കേരള വാട്ടർ അതോറിറ്റി റിട്ട. ഡ്രാഫ്റ്റ്സ്മാൻ കീർത്തിഭവൻ ആനന്ദാലയം പി. കൃഷ്ണൻകുട്ടി (63) അന്തരിച്ചു.

## എം. വർക്കി

**കോതമംഗലം:** വാരപ്പെട്ടി കക്കാട്ടൂർ മണിയാട്ടുകുടിയിൽ എം. വർക്കി (90) അന്തരിച്ചു. ഭാര്യ വാരപ്പെട്ടി സംഗമം കവല നടുക്കുടി മറിയാമ്മ. മക്കൾ: ലീലാമ്മ, ചിന്നമ്മ, ഹണിമോൾ, ജോയി, തോമസ്, ഷിനിമോൾ (യുഎസ്). മരുമക്കൾ: ജോസ് അതിരമ്പുഴയിൽ, വർക്കിച്ചൻ ചെട്ടിയാംകുടിയിൽ, റേച്ചൽ കെ. വർഗീസ്, ജെസി, എൽദോസ് പോക്കയിൽ, ജോസ് ചെരക്കുന്നത്ത് പറേപ്പാട്ട് (യുഎസ്).


**കുര്യനാട്:** അരുവിത്തുറ സെ. ജോർജ് കോളജ് റിട്ട. പ്രഫസർ മറ്റത്തിൽ കുളത്തിനാനിയിൽ എം.ജെ. ജോസഫ് (82) അന്തരിച്ചു.

**കുറുവാമൂഴി:** ആര്യമണ്ണിൽ റിട്ട. അധ്യാപകൻ എം.ടി. ആന്റണിയുടെ ഭാര്യ റിട്ട. അധ്യാപിക പി.എം. പെണ്ണമ്മ (91) അന്തരിച്ചു.

**വിളക്കുമാടം:** പുരയിടത്തിൽ പരേതനായ സെബാസ്റ്റ്യന്റെ ഭാര്യ റോസമ്മ സെബാസ്റ്റ്യൻ (91) അന്തരിച്ചു.

**ചേലച്ചുവട്:** മ്രാലയിൽ അന്നമ്മ ജോസഫ് (72) അന്തരിച്ചു.

## പി.ഐ. വർഗീസ് അന്തരിച്ചു



**പയ്യപ്പാടി:** പൊടിമറ്റത്തിൽ പി.ഐ. വർഗീസ് (അച്ചൻകുഞ്ഞ്-94) അന്തരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ പാമ്പാടി ഉപ്പൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ശോശാമ്മ ചെറിയാൻ, ഏലിയാമ്മ ബാബു, ശോശാമ്മ മത്തായി, ഡോ. ഐപ്പ് വർഗീസ്, അനില, ഷാജി (കുവൈറ്റ്). മരുമക്കൾ: ജി. ചെറിയാൻ ബെഥേൽ മേമന (പുനലൂർ), ജോർജ് കെ. ബാബു കട്ടക്കുഴി (ചെങ്ങളം), സികെ. മത്തായി ചാലുങ്കൽ കങ്ങഴ, പ്രഫ.ഡോ. ഷൈല ഐപ്പ് വർഗീസ് കുറിയന്നൂർ മീനടം (പ്രിൻസിപ്പൽ സെ. തോമസ് നേഴ്സിങ് കോളജ് ചെത്തിപ്പുഴ), ഷാജി പാറപ്പുറത്ത് കുളനട (കുവൈറ്റ്).

(വാർത്ത: ജെയ്സൺ ഫിലിപ്പ് ആലപ്പാട്ട്)

## വി.സി. ഏബ്രഹാം

**ചങ്ങനാശേരി:** മുൻ ഗവ. കോൺട്രാക്ടർ ചീരഞ്ചിറ വെട്ടിക്കാട്ടുമറ്റം വി.സി. ഏബ്രഹാം (കുഞ്ഞച്ചൻ-81) അന്തരിച്ചു. ഭാര്യ അടൂർ ആനന്ദപ്പള്ളി കല്ലുവിളയിൽ മറിയാമ്മ. മക്കൾ: ശേബ (അയർലൻഡ്), ലേബ (യുഎസ്). മരുമക്കൾ: ബിന്നി മാത്യൂസ് ശങ്കരമംഗലം ചേറ്റുകണ്ടത്തിൽ ഇരവിപേരൂർ (അയർലൻഡ്), ഇവാനിയോസ് ജോർജ് പെരിങ്ങാമല പിറവം (യുഎസ്).

**ഞീഴൂർ:** മാക്കിയിൽ (ഊളവള്ളിക്കൽ) റിട്ട. പ്രധാനാധ്യാപകൻ പരേതനായ കെ.സി. വർക്കിയുടെ ഭാര്യ ബ്രിജിത്ത് വർക്കി (89) അന്തരിച്ചു.

**തൊടുപുഴ:** മുൻ എംഎൽഎ താഴത്തുവീട്ടിൽ പരേതനായ എ.സി. ചാക്കോയുടെ മകൻ അഡ്വ. ജോസ് ജേക്കബ് (73) അന്തരിച്ചു.

**കോട്ടയ്ക്കൽ:** വിപിഎസ്‌വി ആയുർവേദ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. സി.വി. ജയദേവൻ (61) ബെംഗ്ളൂരുവിൽ അന്തരിച്ചു.

**അതിരമ്പുഴ:** റിട്ട. പ്രധാനാധ്യാപകൻ കടവിൽ പരേതനായ കെ.കെ. ജോസഫിന്റെ മകൻ രാജു ജോസഫ് (59) അന്തരിച്ചു.

## പി.വി. പോൾ

**വൈറ്റില:** ബഹ്റൈൻ പബ്ലിക് വർക്സ് മിനിസ്ട്രി റിട്ട. ചീഫ് ക്വാണ്ടിറ്റി സർവേയർ പാടത്ത് പി.വി. പോൾ (86) അന്തരിച്ചു. ഭാര്യ ചോറ്റാനിക്കര ഓണശേരിൽ ചിന്നമ്മ. മക്കൾ: സാജൻ പോൾ (ബഹ്റൈൻ), സഞ്ജോയ് പോൾ (അയോവ യൂണി. യുഎസ്), സജിത ബിനു (യുഎസ് നേവി ബഹ്റൈൻ). മരുമക്കൾ: കൊട്ടാരക്കര പുതിയഴിക്കത്ത് ബിന്ധിയ സാജൻ (ബഹ്റൈൻ), കോട്ടയം കന്നുകുഴിയിൽ എൽസ (അയോവ യൂണി. യുഎസ്), മാവേലിക്കര പുളിക്കതെക്കേതിൽ ബിനു ജോർജ് (ബഹ്റൈൻ).

**തൃശൂർ:** വിമല കോളജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവി റിട്ട. പ്രഫ. ലീലാമേനോൻ (82) അന്തരിച്ചു.

**എരുമേലി:** ലിറ്റിൽ ഫ്ളവർ പബ്ലിക് സ്കൂൾ മുൻ പ്രിൻസിപ്പൽ മണിപ്പുഴ തൂങ്കുഴി ടി.കെ. ജോർജ് (വർക്കിച്ചൻ-82) അന്തരിച്ചു.


**കോട്ടയം:** ചിന്നിക്കര പരേതനായ സി.ജെ. സേവ്യറിന്റെ ഭാര്യ ഈത്തമ്മ സേവ്യർ (ബ്രജീത്ത-86) അന്തരിച്ചു.

**കങ്ങഴ-ഇടയപ്പാറ:** ക്രൈസ്റ്റ് വില്ലയിൽ ആലീസ് ജോർജ് (65) അന്തരിച്ചു.

**നെടുകുന്നം:** എൽഐസി കോട്ടയം ഡിവിഷൻ ഓഫീസ് ഉദ്യോഗസ്ഥൻ നിലംപൊടിഞ്ഞ ആനിക്കൽ സി.കെ. രാജപ്പൻ (59) അന്തരിച്ചു.

**പൈക:** വടക്കേട്ട് അന്നമ്മ മാത്യു (86) അന്തരിച്ചു.

## ജോസഫ് കൊല്ലപ്പള്ളിൽ



**ന്യൂയോർക്ക്:** കോട്ടയം അതിരമ്പുഴ കൊല്ലപ്പള്ളിൽ കുടുംബാംഗമായ ജോസഫ് കൊല്ലപ്പള്ളിൽ (90) ന്യൂയോർക്കിൽ അന്തരിച്ചു. പേരൂർ പെരിങ്ങലത്ത് കുടുംബാംഗമായ പെണ്ണമ്മ ജോസഫാണ് ഭാര്യ. മക്കൾ: തെരേസ തുരുത്തിയിൽ, ഡോ. മേരി കൊല്ലപ്പള്ളിൽ, ജോർജ് കൊല്ലപ്പള്ളിൽ. മരുമക്കൾ: സിബി തുരുത്തിയിൽ, ഡാരെൻ ബരേണി, ലോറ കൊല്ലപ്പള്ളിൽ.

**കടനാട്:** കാൻസർ ചികിത്സാരംഗത്തെ വിദഗ്ധനായിരുന്ന പരേതനായ ഡോ. ജി. പുരുഷോത്തമന്റെ ഭാര്യ ഒട്ടുവഴിക്കൽ ജഗദമ്മ പുരുഷോത്തമൻ (74) അന്തരിച്ചു.

**കൊടുങ്ങല്ലൂർ:** കൊടുങ്ങല്ലൂർ കോവിലകത്തെ വലിയ തമ്പുരാട്ടി അമ്മ തമ്പുരാൻ പുത്തൻകോവിലകം കിഴക്കേ ബംഗ്ലാവ് ഗംഗ തമ്പുരാട്ടി (92) അന്തരിച്ചു.

**മല്ലപ്പള്ളി:** ആനിക്കാട് മാരിക്കൽ നമ്പുരക്കൽ നെടുമണ്ണിൽ ഏലിയാമ്മ ജോസഫ് (കുഞ്ഞുമോൾ-78) അന്തരിച്ചു.

## ദേവസ്യ സേവ്യർ

**തീക്കോയി:** കോനുക്കുന്നേൽ ദേവസ്യ സേവ്യർ (കുഞ്ഞൂഞ്ഞ്-101) അന്തരിച്ചു. ഭാര്യ കുന്നോന്നി തോട്ടപ്പള്ളിൽ ഏലിക്കുട്ടി. മക്കൾ: കെ.എസ്. കുര്യൻ, കെ.എസ്. മേരി, ഡെയ്സി ജോസഫ്, സൂസി സണ്ണി (യുഎസ്), സിസിലി രാജൻ, സെലിൻ സന്തോഷ്, സോമി സേവ്യർ, പരേതരായ കെ.എസ്. സെബാസ്റ്റ്യൻ, എത്സമ്മ ജോസഫ്. മരുമക്കൾ: മേരി അമ്പാട്ട് (ചക്കാമ്പുഴ), അന്നമ്മ തുളുമ്പൻമാക്കൽ (മൂഴൂർ), വി.ടി. ജോർജ് വെട്ടുകാട്ടിൽ (തിടനാട്), പരേതനായ കെ.വി. ജോസഫ് കറുകപ്പള്ളിൽ, ജോസ് കണ്ണാശേരി (ഏറ്റുമാനൂർ), സണ്ണി കപ്യാരുമലയിൽ തഴുവംകുന്ന് (യുഎസ്), രാജൻ മാത്യു കൊളമ്പേൽ (കോതമംഗലം), സന്തോഷ് മേക്കാട്ട് വകയാർ, ഷൈൻ പുത്തൻപുരയ്ക്കൽ പിഴക്.

**നട്ടാശേരി:** റിട്ട. ഹെഡ്കോൺസ്റ്റബിൾ ചെറുവിരലിൽ സി.കെ. കരുണാകരൻ (മണി-82) അന്തരിച്ചു.

**അമയന്നൂർ:** തെക്കേക്കര തൈപ്പറമ്പിലായ കാരക്കലോലിക്കൽ ലിസിയമ്മ (58) അന്തരിച്ചു.

## സാബു വർഗീസ്

**ഡാളസ്:** റാന്നി ചേത്തയ്ക്കൽ കല്ലിൽ സാബു വർഗീസ് (61) യുഎസിൽ അന്തരിച്ചു. ഭാര്യ പാലാ തെക്കേപ്പറമ്പിൽ മേഴ്സി. മക്കൾ: കിരൺ, കെവിൻ. മരുമകൾ: ജെനീന ജെയിംസ് (എല്ലാവരും യുഎസ്).


**ഒളശ്ശ:** പാലയ്ക്കൽ പരേതനായ ചാണ്ടി ലൂക്കോസിന്റെ ഭാര്യ ക്ലാരമ്മ ചാണ്ടി (കുഞ്ഞമ്മ-81) അന്തരിച്ചു.

**പൂഴിത്തോട്:** കൈതക്കുളത്ത് കെ.എം. ദേവസ്യ (കുട്ടിയച്ചൻ-79) അന്തരിച്ചു.

## സി.ജെ. ഐസക്

**വണ്ടിപ്പെരിയാർ:** മുരിക്കടി എംഎഎച്ച്എസ് റിട്ട. അധ്യാപകൻ വാളാർഡി ചെത്തിമറ്റം സി.ജെ. ഐസക് (78) അന്തരിച്ചു. ഭാര്യ കോശാങ്കൽ വി. മേരി (റിട്ട. അധ്യാപിക). മക്കൾ: ആശ (മിലിട്ടറി നേഴ്സ് പഞ്ചാബ്), അനു (ബെംഗ്ലൂർ), അഭിലാഷ്, ആൽബിൻ. മരുമക്കൾ: സിബി വെട്ടിയാങ്കൽ (യുഎസ്), എഴുകുംവയൽ കുളമാക്കൽ മനോജ്, മഠത്തിൽ റിൻസി, ചൂരപൊയ്കയിൽ റിൻസി.

## വി.ഡി. പൗലോസ്



**മേലഡൂർ:** വടക്കിനേടത്ത് വി.ഡി. പൗലോസ് (88) അന്തരിച്ചു. കുറ്റിക്കാട് നെറ്റിക്കാടൻ പരേതയായ ഏലിയ ആണ് ഭാര്യ. മക്കൾ: സിസ്റ്റർ എൽസ് മരിയ (ഹോളിക്രോസ് കോൺവന്റ് കളമശേരി), സിസ്റ്റർ റീത്ത പോൾ എൽഎസ്സി (ജർമനി), ലിജ ബാബു, ലിജി ഡിക്രൂസ് (യുഎസ്). മരുമക്കൾ: ബാബു ചക്കാലമറ്റം (പാളയംപറമ്പ്), തോമസ് ഡിക്രൂസ് (യുഎസ്).

**കുറിച്ചി:** വേലംകടവിൽ ശോശാമ്മ ജോസഫ് (77) അന്തരിച്ചു.

**പെരുവന്താനം:** വള്ളിപ്പറമ്പിൽ (പാറേൽ) ഏലിക്കുട്ടി മാണി (ലില്ലി-76) അന്തരിച്ചു.

**കുമരകം:** ചെത്തിക്കുന്നേൽ (ചാലുങ്കൽ) പോത്തൻ ഫിലിപ്പ് (85) അന്തരിച്ചു.

**തെന്നത്തൂർ:** നെടുങ്കല്ലേൽ അഡ്വ. എൻ.എ വർഗീസ് (94) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** കുളത്തുങ്കൽ കെ.എ. കുര്യാക്കോസ് (അച്ചൻകുഞ്ഞ്-73) അന്തരിച്ചു.

**ചെങ്ങന്നൂർ:** മലങ്കര മാർത്തോമ്മാ സുറിയാനിസഭാ മുതിർന്ന വൈദികൻ ചെങ്ങന്നൂർ തിട്ടമേൽ തേരകത്ത് റവ. ടി.ടി. ജോസഫ് (95) അന്തരിച്ചു.

## പാസ്റ്റർ ബേബി കടമ്പനാട്

**കടമ്പനാട്:** അടൂർ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ മുതിർന്ന ശുശ്രൂഷകൻ കടമ്പനാട് ലിറ്റിൽ ഹോമിൽ പാസ്റ്റർ ബേബി കടമ്പനാട് (70) അന്തരിച്ചു. ഭാര്യ കോന്നി വെഞ്ചാൽ പൊന്നമ്മ വർഗീസ് (യുഎസ്). മക്കൾ: ഫിന്നി, ഫെബി വർഗീസ് (യുഎസ്). മരുമക്കൾ: കണ്ണൂർ നടുതൊട്ടിയിൽ ജോസ്മി തോമസ്, റാന്നി പള്ളത്ത് ഡിക്സൺ ജോർജ് (യുഎസ്).

**ചങ്ങനാശേരി:** മണമേൽ പരേതനായ കുഞ്ഞച്ചന്റെ ഭാര്യ ഏലിക്കുട്ടി ഏബ്രഹാം (101) അന്തരിച്ചു.

**വാകത്താനം:** ചിറക്കുഴിയിൽ പടിഞ്ഞാറേമുലയിൽ ഷേർലി ബേബി (62) അന്തരിച്ചു.

**ചങ്ങനാശേരി:** ഇൻഡസ്ട്രിയൽ നഗർ മുക്കട ജോബ് തോമസ് (66) അന്തരിച്ചു.

**തിരുവനന്തപുരം:** രാഷ്ട്രപതിമാരായിരുന്ന ഗ്യാനി സെയിൽസിങ്, കെ.ആർ. നാരായണൻ, എപിജെ അബ്ദുൾ കലാം എന്നിവരുടേത് ഉൾപ്പെടെ 110 പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത സാഹിത്യകാരനും നിരൂപകനുമായ എം.പി. സദാശിവൻ നായർ (87)അന്തരിച്ചു.

**തിരുവല്ല:** പത്തനംതിട്ട ഡിസിസി സെക്രട്ടറിയും തിരുവല്ല ബാർ അസോസിയേഷൻ പ്രസിഡന്റുമായ ചാത്തങ്കരി നീരാഞ്ജനത്തിൽ അഡ്വ. സതീഷ് ചാത്തങ്കരി (50) അന്തരിച്ചു.

**അതിരമ്പുഴ:** വരകുകാലായിൽ ഏലിയാമ്മ ജോസഫ് (ആലീസ്-72) അന്തരിച്ചു.

## വി.സി. ജോസഫ്

**പാലാ:** വട്ടക്കുന്നേൽ വി.സി. ജോസഫ് (96) അന്തരിച്ചു. ഭാര്യ പരേതയായ മറിയക്കുട്ടി. മക്കൾ: ബെന്നി, റീത്ത (ഇരുവരും യുഎസ്), ജസ്റ്റിൻ, ഫാ. ഇമ്മാനുവൽ (ഡോൺബോസ്കോ, ഇരിഞ്ഞാലക്കുട), മാർട്ടിൻ (മീററ്റ്), ബ്ലെയ്സി (ചെന്നൈ), റാൻസി, ക്രിസ്റ്റീന, കൊച്ചുറാണി (മുംബൈ). മരുമക്കൾ: മിന്നു കാഞ്ഞിരത്തുംകുന്നേൽ, ആനി പള്ളിമംഗലം, ബേബി മുണ്ടയ്ക്കൽ, പോൾ സെബാസ്റ്റ്യൻ ചിറ്റപ്പറമ്പിൽ, ജോയി തോനായന, റൂസ്വെൽറ്റ് മാറാട്ടിൽ, മാത്യു ജോൺ, മെൽവിൻ മുല്ലശേരി.

**പാലാരിവട്ടം:** ഹെലൻ പ്രോഡക്ട്സ്, ഹെലൻ അലുമിനിയം കോംപ്ലക്സ് സ്ഥാപനങ്ങളുടെ സ്ഥാപകൻ കല്ലുപുരയ്ക്കൽ കെ.പി. വർക്കി (കുഞ്ഞൂഞ്ഞ്-88) അന്തരിച്ചു.

**കോട്ടയം:** എസ്എച്ച് മൗണ്ട് കടുതോടിൽ പരേതനായ കെ.പി. ജോൺ (റിട്ട. സൂപ്രണ്ട് എൻജിനീയർ പിഡബ്ല്യുഡി) ഭാര്യ പെണ്ണമ്മ ജോൺ (100) അന്തരിച്ചു.

**ഉഴവൂർ:** മുടന്തനാനിക്കൽ ഏലിയാമ്മ മാത്യു (77) അന്തരിച്ചു.

## ELDERLY COUPLE LOOKING FOR LIVE-IN CAREGIVER AT ELMHURST(CHICAGO)

Elderly couple (79 and 80 year old) looking for live-in caregiver, at Elmhurst (Chicago). Duties include assisting with daily activities, light cooking, housework, and overall company.

**Competitive pay, please contact**

**Ginash George 630-975-2525**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**




## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം


*Inserted by: Firm Believer, New York*

# ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ്: 26 ലക്ഷം പേർക്ക് പരിരക്ഷ

തിരുവനന്തപുരം: ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം 70 വയസ്സു കഴിഞ്ഞവർക്കുള്ള അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ കേരളത്തിൽ 26 ലക്ഷം പേർക്കു ലഭിക്കും. ജനസംഖ്യാ വിശദാംശങ്ങൾ പരിശോധിച്ചാണു കേന്ദ്രം എണ്ണം നിശ്ചയിച്ചത്. ഇത്രയും പേരുടെ ചികിത്സച്ചെലവിൽ 60 ശതമാനം കേന്ദ്രവും 40 ശതമാനം കേരളവും വഹിക്കും. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കു നൽകിയ കത്തിലാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം കണക്കും ചെലവും വ്യക്തമാക്കിയത്. എന്നാൽ പദ്ധതി നടപ്പാക്കേണ്ട രീതിയെക്കുറിച്ചു കേന്ദ്രം ഇതുവരെ സംസ്ഥാനത്തോടു വിശദീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ വൈകാതെ തീരുമാനമാകുമെന്ന് അറിയിച്ചിട്ടുണ്ട്. ആയുഷ്മാൻ ഭാരത് പദ്ധതിയെ കേരളത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) ലയിപ്പിച്ചാണു നടപ്പാക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കാണ് ഇതുവഴി സൗജന്യ ചികിത്സ നൽകുന്നത്. ഇനി 70 വയസ്സു കഴിഞ്ഞ എല്ലാവരെയും കാസ്പിൽ ഉൾപ്പെടുത്തും. 70 കഴിഞ്ഞ 26 ലക്ഷം പേർ 20 ലക്ഷം കുടുംബങ്ങളിലെ അംഗങ്ങളാണ്. ഇവരിൽ ഒൻപത് ലക്ഷം പേർ ഉൾപ്പെടുന്ന കുടുംബങ്ങൾക്കു നിലവിൽ കാസ്പ് വഴി അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സൗജന്യം ഉണ്ട്. കുടുംബങ്ങൾക്കുള്ള ഈ സൗജന്യം തുടരുന്നതിനൊപ്പം 70 കഴിഞ്ഞവർക്ക് ഇനി അധികമായി അഞ്ച് ലക്ഷം രൂപയുടെ കവറേജ് കൂടി ലഭിക്കും. സാമ്പത്തിക, സാമൂഹിക സ്ഥിതി നോക്കാതെ 70 കഴിഞ്ഞ എല്ലാവരെയും പദ്ധതിയുടെ ഭാഗമാക്കും. എന്നാൽ കേന്ദ്രം കണക്കാക്കിയിരിക്കുന്ന വാർഷിക ചെലവ് ഉയർത്തണമെന്ന നിലപാടിലാണു കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ. ഇപ്പോൾ 1050 രൂപയാണ് ഒരു കുടുംബത്തിന്റെ വാർഷിക പ്രീമിയമായി കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ കണക്കനുസരിച്ചു വർഷം 4000 രൂപവരെ പ്രീമിയമായി വേണ്ടിവരും. ഈ തുകയുടെ 60 ശതമാനം കേന്ദ്രം അനുവദിക്കണമെന്നാണു സംസ്ഥാനങ്ങളുടെ ആവശ്യം.

# അഞ്ചുവർഷത്തിനുശേഷം നോത്ര്ദാമിലെ മണികൾ മുഴങ്ങി

പാരിസ്: അഞ്ചുവർഷം മുമ്പുണ്ടായ തീപിടിത്തത്തിൽ നശിച്ച നോത്ര്ദാം കത്തീഡ്രലിലെ പള്ളിമണികൾ വീണ്ടും മുഴങ്ങി. രാവിലെ പത്തരയോടെയാണ് വടക്കേ മണിഗോപുരത്തിൽ പുതുതായി സ്ഥാപിച്ച എട്ടു മണികൾ ഓരോന്നായി മുഴങ്ങിത്തുടങ്ങിയത്. അടുത്ത മാസം 7, 8 തീയതികളിൽ പള്ളിയുടെ കൂദാശാകർമം നടക്കും. കഴിഞ്ഞ അഞ്ചു വർഷമായി നടക്കുന്ന ദേവാലയ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്. 2019 ഏപ്രിൽ 19-നായിരുന്നു പള്ളിയിൽ തീപിടിത്തമുണ്ടായത്. പുരാതന പ്രൗഢിയിൽ പുനരുദ്ധരിക്കപ്പെട്ട പള്ളിപോലെ ഫ്രഞ്ച് സഭയും നവീകരിക്കപ്പെടാനുള്ള അവസരമാണിതെന്ന് ഫ്രഞ്ച് ബിഷപ്സ് കോൺഫറൻസിന് അയച്ച കത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിച്ചു. ദൈവാരാധനയ്ക്കായി പള്ളി പുതുക്കിപ്പണിയാൻ സാധിച്ചത് ദൈവത്തിൽ നിന്നുള്ള ശക്തവും പ്രവചനതുല്യവുമായ ഒരടയാളമാണ്. വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടും ചരിത്രത്തിൽ അഭിമാനിച്ചും ദേശീയ ചരിത്രത്തിലെ അനന്യമായ സ്ഥാനം അംഗീകരിച്ചും ഫ്രാൻസിലെ സഭ രക്ഷയുടെ സന്ദേശം സന്തോഷപൂർവം പ്രഘോഷിക്കുന്നത് തുടരട്ടെയെന്നും ഫ്രാൻസിസ് മാർപാപ്പ ആശംസിച്ചു.



# ട്രമ്പിസം



രാജു മൈലപ്ര

**അ**ങ്ങനെ ട്രംപ് വിജയിച്ചു. സന്തോഷംകൊണ്ട് ഇരിക്കാൻ മേലാ-എനിക്കല്ല, എന്റെ പ്രിയതമ പുഷ്പാജിക്ക്.

എന്തുകൊണ്ടോ അവൾക്ക് കമലാ മാഡത്തിനെ അത്ര ഇഷ്ടമല്ല. 'ആ പെണ്ണുംപിള്ള എപ്പോഴും ഇളിച്ചുകൊണ്ടാ നടക്കുന്നത്'-ഒരുമാതിരി വളിച്ച ചിരി. അതവൾക്ക് സഹിക്കാൻ കഴിയുന്നില്ല.

കമലാ ഹാരിസ് ചിലപ്പോൾ എന്നെ നോക്കിയാണ് ചിരിക്കുന്നത് എന്നവൾക്കു തോന്നും.

"എന്തോന്നാ ഇത്രകണ്ട് ന്യൂസ് കാണാൻ-എഴുന്നേറ്റു പോകരുതോ? ആ എരണംകെട്ടവളുടെ ഒരു ചിരി കാണാൻ കുത്തിയിരിക്കുന്നു."

ഏതെങ്കിലും അല്പസ്വല്പം ചന്തമുള്ള ഒരു തരുണീമണി എന്നെനോക്കി ഒന്നു പുഞ്ചിരിച്ചാൽ, ഒരു സംശയദൃഷ്ടിയോടെ അവൾ എന്നെയൊന്നു നോക്കും. എന്നിട്ടൊരു കമന്റും.

"എനിക്കൊന്നും അറിയത്തില്ല എന്നാ അങ്ങേരുടെ വിചാരം. ഞാനത്ര പൊട്ടിയൊന്നുമല്ല." അതിന് അകമ്പടിയായി അമക്കിയൊരു മൂളലും.

അമേരിക്കയിൽ, മലയാളികളുടെ ഗൃഹഭരണത്തിന്റെ അവസാന വാക്ക് സ്ത്രീകൾക്കാണെങ്കിൽത്തന്നെയും നാടു ഭരിക്കുന്നത് പുരുഷന്മാരായിരിക്കണം എന്ന ചിന്താഗതിയുള്ള ധാരാളം വനിതകളുണ്ട്. അതുകൊണ്ടാണ് ദേവാലയങ്ങളിലും മറ്റു സംഘടനകളിലും മലയാളി പുംഗവന്മാർ കിടന്നു വിലസുന്നത്.

പറഞ്ഞുവന്നത് ട്രംപ്-കമലാ മത്സരത്തിനേപ്പറ്റിയാണല്ലോ! തെരഞ്ഞെടുപ്പ് ദിവസം വോട്ടെണ്ണൽ തുടങ്ങുന്നതിനു മുൻപ്തന്നെ ട്രംപ് വിജയിച്ചു എന്നുള്ള സന്തോഷവാർത്ത നാട്ടിലുള്ള ബന്ധുമിത്രാദികളെയൊക്കെ വിളിച്ചറിയിച്ച് എന്റെ ഭാര്യ ആഹ്ലാദപ്രകടനം നടത്തി.

ദോഷം പറയരുതല്ലോ! എനിക്കും ഒരു ചെറിയ ട്രംപ് ചായ്‌വ് ഉണ്ടായിരുന്നു. രണ്ട് സ്ഥാനാർത്ഥികളും മെച്ചമൊന്നുമല്ല, എങ്കിലും 'തമ്മിൽ ഭേദം തൊമ്മൻ' എന്നൊരു ലൈൻ!

പത്തുദിവസം മുൻപുതന്നെ ഞങ്ങൾ തപാൽ വഴി വോട്ട് രേഖപ്പെടുത്തി.

'ആരു ജയിച്ചാലും നമുക്കെന്നാ?' എന്നൊരു നിസ്സംഗതയായിരുന്നു എനിക്ക്. എങ്കിലും പതിവ് തെറ്റിക്കാതെ പാതിരാത്രി വരെ ഉറക്കമിളച്ചിരുന്ന് ഞാൻ വാർത്ത കണ്ടു.

ഇടയ്ക്ക് ചാനലൊന്നു മാറ്റിയപ്പോൾ പാലക്കാട്ട് പൂരമടി. അവിടെ ഉപതെരഞ്ഞെടുപ്പ് നടക്കുകയാണ്. ആരു ജയിച്ചാലും തോറ്റാലും ഭരണത്തിലൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. പോലീസും പാർട്ടിക്കാരും ചേരിതിരിഞ്ഞ് ചീത്തപറച്ചിലും ഉന്തും തള്ളും. അവിടെ ആരോ കള്ളപ്പണം കൊണ്ടുവന്നെന്നും അതു വീതിച്ചു നല്കിയെന്നും പോലീസു വന്നപ്പോൾ കണ്ടംവഴി ഓടിയെന്നും മറ്റുമാണ് കഥ.

അമേരിക്കയിൽ ലോകരാഷ്ട്രത്തലവന്റെ തെരഞ്ഞെടുപ്പ് നടക്കുകയാണ്. സായിപ്പ്, മദാമ്മയ്ക്കൊരു 'ഗുഡ് നൈറ്റ്' കിസും നല്കിയിട്ട് കൂർക്കംവലിച്ച് കിടന്ന് ഉറങ്ങുകയാണ്. ആരു ജയിച്ചാലും തോറ്റാലും പിറ്റേന്നു രാവിലെ എഴുന്നേറ്റ് ജോലിക്കു പോയില്ലെങ്കിൽ പണി പാളിയതു തന്നെ!

"ഇവിടെ പാലു കാച്ചൽ-അവിടെ പുരയ്ക്ക് തീ കത്തുന്നു."

വാർത്തയിൽ ലയിച്ചിരുന്ന ഞാൻ ഇടയ്ക്കൊന്നു മയങ്ങിപ്പോയി. രാവിലെ കണ്ണു തുറന്നു നോക്കിയപ്പോൾ, ദാ കിടക്കുന്നു നമുക്കൊരു പുതിയ പ്രസിഡണ്ട്. വർദ്ധിത വീര്യത്തോടെ, സാക്ഷാൽ ഡോണൾഡ് ട്രംപ് വീണ്ടും അധികാരത്തിൽ.

ഇനി ലോകത്തിന്റെ ഗതി ഒന്നു മാറിമറിയും. ഇന്ത്യ സെയ്ഫാണ്. നമ്മുടെ മോദിജിയും ട്രംപ്ജിയും തമ്മിൽ ചക്കരയും തേങ്ങായും പോലെയാണ്. ഒരു 'എടാ-പോടാ' ബന്ധമാണ് അവർ തമ്മിൽ.

ഇസ്രയേൽ എന്തു വേണ്ടാതീനം കാണിച്ചാലും ട്രംപിന്റെ പരിപൂർണ്ണ പിന്തുണ അവർക്കുണ്ട്. അവരെ ആര് വിരട്ടിയാലും ബൈഡൻ അപ്പച്ചനെപ്പോലെ വെറുതേ 'ഞഞ്ഞാ, പിഞ്ഞാ' പറഞ്ഞോണ്ടിരിക്കില്ല.

ചുവന്ന ബട്ടണും പച്ച ബട്ടണുമെല്ലാം വെളുത്ത ട്രംപിന്റെ കറുത്ത ബ്രീഫ്കെയ്സിലുണ്ട്. ആരെങ്കിലും എന്തെങ്കിലും പോക്കണംകേടു പറഞ്ഞ് അമേരിക്കയെ ചൊറിയാൻ വന്നാൽ, ഇടംവലം നോക്കാതെ ഏതെങ്കിലും ബട്ടനമർത്തും.

വിവരവും വെള്ളിയാഴ്ചയൊന്നുമില്ലാത്ത കക്ഷിയാണ്. വരുംവരാഴികയൊന്നും പുള്ളിക്കൊരു പ്രശ്നമല്ല.


ഏതായാലും എല്ലാവരും ഒന്ന് കരുതിയിരിക്കുന്നത് നല്ലതാണ്.

അങ്ങനെ അമേരിക്കയുടെ 47-ാമത് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മിസ്റ്റർ ഡോണൾഡ് ട്രംപിന് അഭിനന്ദനങ്ങൾ! ആശംസകൾ!!!

ഗോഡ് ബ്ലസ് അമേരിക്ക!

# റബർ

ഞാനൊരു പാവം ആണ്-പാലായികാരനാണ്
പാൽ എടുക്കലാണ് ജോലി റബർ പാൽ എടുക്കലാണ്
സൂര്യൻ ഉദിക്കും മുമ്പേ റാന്തൽവിളക്കും ഏന്തി
കത്തി എടുത്തുകൊണ്ട്, റബർതോട്ടത്തിലേക്ക് ഒരു പോക്ക്
പക്ഷികൾ ചിലക്കുന്നു പട്ടികൾ കുരക്കുന്നു
കൂട്ടമണി കേൾക്കാം കുന്നിലെ പള്ളിയിൽ നിന്ന്
പാമ്പും കുറുക്കനും തോട്ടത്തിൽ ഉണ്ട്
കൂട്ടത്തിൽ കാട്ടുപന്നി കൂട്ടരും കാണാം.
വെട്ടിയ പാൽ എടുത്തു പാട്ടയിൽ ആക്കിയിട്ടു
ഷീറ്റടിക്കുവാൻ ഒരു പോക്ക്, റബർ ഷീറ്റടിക്കുവാൻ
നേരം പുലർച്ച ആയി സൂര്യൻ ഉദിച്ചുപൊങ്ങി
വേലക്കാർ വേലക്കായി പോയി തുടങ്ങി
നന്ദിനിമോളുടെ കരച്ചിൽ കേട്ടു അമ്മാ
കാടിവെള്ളം പാത്രവുമായി തൊഴുത്തിന്റെ അരുകിൽ
വകയിൽ ഒരു അമ്മാച്ചൻ മലബാറിൽ ജീവിതം
വന്നുകഴിഞ്ഞാൽ പുള്ളി ഷാപ്പിലെ കള്ളുതീർക്കും
പള്ളിപെരുന്നാളു അടുത്തുവരുന്നു, റബറിന്റെ വില കൂടുന്നും ഇല്ല
സർക്കാരു പറഞ്ഞത് ഒന്നും ചെയ്യുന്നും ഇല്ല
ഇങ്ങനെ നീങ്ങിയാൽ എങ്ങനെ ജീവിക്കും
ദൈവമേ നീ എന്നെ കൈവിടല്ലേ ഒരിക്കലും.



ജെയിംസ് ചെട്ടിയാത്ത്

# പിഎം വിദ്യാലക്ഷ്മി പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം

ന്യൂഡൽഹി: രാജ്യത്തെ 22 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുമെന്നു പ്രതീക്ഷിക്കുന്ന പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നല്കി. രാജ്യത്തെ 860 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന, സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വിദ്യാർത്ഥികളെ ലക്ഷ്യം വെച്ചുള്ളതാണ് പദ്ധതി.

വിദ്യാർത്ഥികൾക്ക് ഈടില്ലാത്തതും ഗ്യാരന്റി ആവശ്യമില്ലാത്തതുമായ വിദ്യാഭ്യാസ ലോണുകൾ പദ്ധതി വഴി ലഭിക്കും. ബാങ്കുകളെ പിന്തുണയ്ക്കുന്നതിനായി 7.5 ലക്ഷം വരെയുള്ള വായ്പത്തുകകൾക്ക് 75 ശതമാനം ക്രെഡിറ്റ് ഗാരന്റി കേന്ദ്രസർക്കാർ നല്കും. സുതാര്യവും എളുപ്പവുമായ രീതിയിൽ പിഎം വിദ്യാലക്ഷ്മി പോർട്ടൽ വഴി ഓൺലൈനായി വിദ്യാർത്ഥികൾക്ക് ലോണിന് അപേക്ഷിക്കാം. പദ്ധതിക്കായി 2024-25 മുതൽ 2030-31 വരെ 3,600 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് പഠനത്തിന് ലോൺ ആവശ്യമാണെങ്കിൽ പദ്ധതിക്കായി അപേക്ഷിക്കാം. സർക്കാർ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം തേടിയെത്തുന്ന വിദ്യാർത്ഥികൾക്കും തൊഴിലധിഷ്ഠിത, സാങ്കേതിക കോഴ്സുകൾ തെരഞ്ഞെടുക്കുന്നവർക്കും മുൻഗണന ലഭിക്കും. 4.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിക്കുന്ന പലിശരഹിത വായ്പതന്നെ തുടരും. എല്ലാ വർഷവും ഉന്നത വിദ്യാഭ്യാസ വകുപ്പ് രാജ്യത്തെ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക പുറത്തിറക്കാറുണ്ട്. ഇവയിൽ ആദ്യ നൂറുറാങ്കുള്ള സ്ഥാപനങ്ങളിൽ വായ്പ ലഭ്യമാകും. ഇതു കൂടാതെ സംസ്ഥാനതലത്തിൽ 101 മുതൽ 200 വരെ റാങ്കിലെത്തുന്ന സ്ഥാപനങ്ങളിലും കേന്ദ്ര സർക്കാരിനു കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് പിഎം വിദ്യാലക്ഷ്മി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കും.

# ഹേമ കമ്മിറ്റി: രജിസ്റ്റർ ചെയ്തത് 26 പ്രഥമവിവര റിപ്പോർട്ടുകൾ

കൊച്ചി: മലയാളസിനിമയിൽ സ്ത്രീകൾ നേരിടുന്ന വിവേചനവും ചൂഷണവും അന്വേഷിക്കാനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങളും അന്വേഷണപുരോഗതി റിപ്പോർട്ടും സർക്കാർ ഹൈക്കോടതിയുടെ പ്രത്യേക ബെഞ്ച് മുമ്പാകെ സമർപ്പിച്ചു. 26 എഫ്ഐആർ ഇതുവരെ രജിസ്റ്റർ ചെയ്തതായി അഡ്വക്കറ്റ് ജനറൽ കെ. ഗോപാലകൃഷ്ണക്കുറുപ്പ് അറിയിച്ചു. ഇതിൽ 18 പേർ മൊഴി രേഖപ്പെടുത്തുന്നതടക്കമുള്ള തുടർനടപടിയുടെ കാര്യത്തിൽ നിലപാട് അറിയിക്കാൻ സമയം തേടി. അഞ്ചുപേർ തുടർ നടപടികൾക്കു താത്പര്യമില്ലെന്ന് അറിയിച്ചു. മൂന്നുപേർ ഹേമ കമ്മിറ്റിയിൽ നൽകിയതായി പറയുന്ന മൊഴിയെക്കുറിച്ച് അറിയില്ലെന്നാണു പറഞ്ഞത്.

# ജിമ്മി ജോർജ് സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റ് 2025

**പി.പി. ചെറിയാൻ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ ചലഞ്ചേഴ്സ് സംഘടിപ്പിക്കുന്ന 35-ാമത് ജിമ്മി ജോർജ് ടൂർണമെന്റ് ഗംഭീരമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കൊണ്ടുള്ള ആദ്യയോഗം മിസോറി സിറ്റിയിലുള്ള അപ്നാ ബസാർ ഹാളിൽവെച്ച് ചേർന്നു.



ടൂർണമെന്റ് നടത്തിപ്പിന് നേതൃത്വം നൽകുന്നതിനായി ജോജി ജോസഫിനെ ജനറൽ കൺവീനറായും വിനോദ് ജോസഫിനെ ജനറൽ കോ-ഓർഡിനേറ്ററായും തെരഞ്ഞെടുത്തു. ടീം മാനേജർ ആയി ടോണി മങ്ങളിയേയും ടീം കോച്ച് ആയി ജോസ് കുന്നത്തിനെയും ക്യാപ്റ്റനായി അലോഷി മാത്യുവിനെയും തെരഞ്ഞെടുത്തു.

നോർത്തമേരിക്കൻ മലയാളികൾക്കിടയിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ കായിക മഹോത്സവമായ ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റിൽ അമേരിക്കയിൽനിന്നും കാനഡയിൽനിന്നുമായി പന്ത്രണ്ടോളം ടീമുകളാണ് മത്സരിക്കുന്നത്.

കൂടാതെ 45 വയസ്സിന് മുകളിലുള്ളവർക്കായും 18 വയസ്സിന് താഴെ പ്രായമുള്ളവർക്കായും പ്രത്യേക മത്സരവും ഉണ്ടായിരിക്കും. ഹൂസ്റ്റണോട് അടുത്ത് കിടക്കുന്ന ആൽവിൻ സിറ്റിയിലുള്ള ആറ് വോളിബോൾ കോർട്ടുകളുള്ള Upside sports plex-ൽവെച്ച് 2025 മെയ്മാസം 24, 25 തീയതികളിലാണ് മത്സരങ്ങൾ നടത്തപ്പെടുക.

ഒരുക്കങ്ങൾക്കായി, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പുരുഷൻമാരും സ്ത്രീകളും യുവാക്കളും അടങ്ങുന്ന 15-ഓളം കമ്മിറ്റികളും രൂപീകരിച്ചു.

മെമ്മോറിയൽ ഡേ വീക്കെന്റിൽ നടക്കുന്ന ഈ മത്സരങ്ങൾ കാണുന്നതിനും ആസ്വദിക്കുന്നതിനുമായി ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നതായി ഹൂസ്റ്റൺ ചലഞ്ചേഴ്സ് ക്ലബ് സെക്രട്ടറി തോമസ് ജോർജ് പറഞ്ഞു.

# വിർജീനിയയിൽ സുഹാസ് സുബ്രഹ്മണ്യത്തിന് ചരിത്രവിജയം

**പി.പി. ചെറിയാൻ**

വിർജീനിയ: വിർജീനിയയിലെ 10-ാമത് കോൺഗ്രസ് ജില്ലാ മത്സരത്തിൽ വിജയിച്ച് ഈസ്റ്റ് കോസ്റ്റിൽ നിന്ന് കോൺഗ്രസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ അമേരിക്കക്കാരനായി ഡെമോക്രാറ്റ് സുഹാസ് സുബ്രഹ്മണ്യം ചരിത്രം സൃഷ്ടിച്ചു. റിപ്പബ്ലിക്കൻ മൈക്ക് ക്ലാൻസിക്കെതിരായിരുന്നു സുഹാസിന്റെ ചരിത്രവിജയം. 206,870 വോട്ടുകൾ (52.1%) നേടിയപ്പോൾ ക്ലാൻസിക്ക് 190,099 വോട്ടുകൾ (47.9%) ലഭിച്ചു.



സുബ്രഹ്മണ്യത്തിന്റെ വിജയം കോൺഗ്രസിലെ ഇന്ത്യൻ അമേരിക്കക്കാരുടെ വർദ്ധിച്ചുവരുന്ന പ്രാതിനിധ്യം വർദ്ധിപ്പിച്ചു. സുബ്രഹ്മണ്യം 'സമോസ കോക്കസിലെ' ആറാമത്തെ അംഗമായി. മുമ്പ് പ്രസിഡണ്ട് ഒബാമയുടെ കീഴിൽ ടെക് പോളിസി അഡ്വൈസറായി സേവനമനുഷ്ഠിച്ച സുബ്രഹ്മണ്യം വിർജീനിയ ഹൗസിലേക്കും സെനറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ അമേരിക്കക്കാരനുമായിരുന്നു. "കോൺഗ്രസിൽ ഏറ്റവും കഠിനമായ പോരാട്ടങ്ങൾ ഏറ്റുവാങ്ങാനും ഫലങ്ങൾ നല്കാനും വിർജീനിയയിലെ പത്താം ഡിസ്ട്രിക്ടിലെ ജനങ്ങൾ എന്നിൽ വിശ്വാസമർപ്പിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. ഈ ജില്ല എന്റെ വീടാണ്. ഞാൻ ഇവിടെ വിവാഹം കഴിച്ചു, എന്റെ ഭാര്യ മിറാൻഡയും ഞാനും ഞങ്ങളുടെ പെൺമക്കളെ ഇവിടെ വളർത്തുന്നു. ഞങ്ങളുടെ സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഞങ്ങളുടെ കുടുംബത്തിന് വ്യക്തിപരമായതാണ്. വാഷിങ്ടണിലെ ഈ ജില്ലയിൽ തുടർന്നും സേവിക്കുന്നത് ഒരു ബഹുമതിയാണ്." തന്റെ വിജയത്തെക്കുറിച്ച് അദ്ദേഹം പോസ്റ്റ് ചെയ്തു. അദ്ദേഹം വിജയിച്ച പത്താം ഡിസ്ട്രിക്ടിൽ ഫൗക്വിയർ, റപ്പഹാനോക്ക് കൗണ്ടികൾ, മനസാസ്, മനസാസ് പാർക്ക് എന്നീ നഗരങ്ങൾക്കൊപ്പം പകുതിയിലധികം വോട്ടർമാരുള്ള ലൗഡൗൺ കൗണ്ടിയും ഉൾപ്പെടുന്നു.

# സമകാലീന മലയാള ചെറുകഥകളും എഴുത്തുകാരും

**ഉമ സജി**

ന്യൂയോർക്ക്: ലാന സാഹിത്യോത്സവത്തിന്റെ രണ്ടാം ദിവസത്തിൽ സാംസി കൊടുമൺ, അനിലാൽ എന്നിവരുടെ നേതൃത്വത്തിൽ കഥാവലോകനം. സമകാലീന മലയാള ചെറുകഥ- ആഖ്യാനം/പ്രമേയം/അവതരണം എന്ന വിഷയത്തെക്കുറിച്ച് ഇ. സന്തോഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. ജിജോ ജോസ് ചെമ്മാന്ത്ര: പ്രവാസഭൂവിലെ കഥാബീജങ്ങൾ, നീന പനയ്ക്കൽ ചെറുകഥാരചനയിലെ ആത്മസംഘർഷങ്ങൾ എന്നീ വിഷയങ്ങളെകുറിച്ച് സംസാരിച്ചു. തുടർന്ന് പാനൽ അംഗങ്ങൾ സജീവമായി ചർച്ചയിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പങ്കുവെച്ചു.








തുടർന്ന് 'അമേരിക്കൻ മലയാളകഥകൾ അവലോകനം' എന്ന വിഭാഗം സാമുവൽ യോഹന്നാന്റെ നേതൃത്വത്തിൽ നടന്നു. വളരെ വ്യത്യസ്തത പുലർത്തിയ ഒരു പരിപാടി ആയിരുന്നു കഥാവലോകനം. 11 അമേരിക്കൻ എഴുത്തുകാരുടെ കഥകൾ മുഖ്യാതിഥി ഇ. സന്തോഷ് കുമാറും മറ്റ് 11 അമേരിക്കൻ എഴുത്തുകാരും വായിച്ച് അഭിപ്രായങ്ങൾ പറഞ്ഞു.

ചെറുകഥകൾ പലപ്പോഴും നോവലുകളുടെ ചെറുപതിപ്പുകൾ ആയി മാറാറുണ്ടെന്നും ചെറുകഥകൾ ഒരു ഫ്രെയിമിനുള്ളിൽ വളരെ സൂക്ഷിച്ച്, വായനയുടെ ഒഴുക്ക് നഷ്ടപ്പെടുത്താതെ ഓരോ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും ബന്ധിപ്പിച്ച് എഴുതുമ്പോഴാണ് അത് പൂർണ്ണതയിലെത്തുന്നതെന്നും സന്തോഷ് കുമാർ പറഞ്ഞു. കഥകളെല്ലാം മൈക്രോകഥകൾ ആവണം എന്ന് നിർബന്ധമില്ല, കഥകൾക്ക് നീളം കൂടിപ്പോയി എന്നത് കഥകളുടെ പ്രാധാന്യം നഷ്ടപ്പെടുത്തുന്നില്ല എന്നും സന്തോഷ് കുമാർ പറഞ്ഞു. ചെറുകഥകൾ എഴുതുക അത്ര എളുപ്പമല്ലെന്നും വളരെ സൂക്ഷ്മമായി സമീപിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

ഇ. സന്തോഷ് കുമാർ 11 കഥകളെയും വിശദമായി വളരെ സൂക്ഷ്മമായി വിലയിരുത്തുകയും കൂടുതൽ നല്ല കഥകൾ എഴുതാൻ കഴിയുന്ന മുഖ്യധാരയിലേക്ക് എത്തിപ്പെടാൻ കഴിവുള്ള മികച്ച എഴുത്തുകാരാണെന്നും അതിന് കഴിയട്ടെ എന്നും ആശംസിക്കുകയും ചെയ്തു. റീനി മാമ്പലം, രാജേഷ് തെക്കെന്മാർ, റഹീമാബി മൊയ്തീൻ, റഫീക് തറയിൽ, ഡോ. സുകുമാർ കാനഡ, ജേക്കബ് തോമസ്, ഉമ സജി, ബിജോ ജോസ് ചെമ്മാന്ത്ര, ഷാജു ജോൺ, മനോഹർ തോമസ്, മീനു എലിസബത്ത് എന്നിവരുടെ കഥകളാണ് അവലോകനത്തിൽ ഉൾപ്പെടുത്തിയത്.

# സ്ഥിരം വിസി നിയമനത്തിന് വിജ്ഞാപനമായി

തിരുവനന്തപുരം: സാങ്കേതിക സർവകലാശാലയിൽ (കെ◌െ◌െടിയു) താൽക്കാലിക വിസി നിയമനം നടക്കാത്ത സാഹചര്യത്തിൽ സ്ഥിരം വിസി നിയമനത്തിനു വിജ്ഞാപനവുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ്.

പത്ത് വർഷത്തെ പ്രഫസർഷിപ്പോ അക്കാദമിക മേഖലയിലെ ഭരണപരമായ തസ്തികയിൽ 10 വർഷത്തെ മുൻപരിചയമോ വേണം. 61 വയസിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം.

സെലക്ഷൻ കമ്മിറ്റി മാർക്കിന്റെ അടിസ്ഥാനത്തിൽ പാനൽ തയ്യാറാക്കി ചാൻസലർക്ക് കൈമാറും. ഇതിൽ നിന്നു വേണം ചാൻസലർ വിസിയെ തെരഞ്ഞെടുക്കാൻ. ഡിജിറ്റൽ യൂണിവേഴ്സിറ്റി വിസിയായിരുന്ന ഡോ. സജി ഗോപിനാഥിന്റെ കാലാവധി കഴിഞ്ഞതോടെയാണ് അദ്ദേഹം അധികച്ചുമതല വഹിച്ചിരുന്ന സാങ്കേതിക സർവകലാശാലയ്ക്കും വിസി ഇല്ലാതായത്.

താല്ക്കാലിക വിസി നിയമനത്തിന് രണ്ട് പേരുടെ പാനൽ സർക്കാർ തയ്യാറാക്കിയെങ്കിലും ഗവർണർ നിയമനത്തിനു തയ്യാറായിരുന്നില്ല.

നിയമനത്തിനു സംസ്ഥാന സർക്കാർ നേരത്തെ അഞ്ചംഗ സെർച്ച് കമ്മിറ്റിക്കു രൂപം നല്കിയിരുന്നു. വിഷയത്തിൽ നിയമോപദേശം വേണമെന്ന നിലപാടിലാണ് ഗവർണർ.

## ഐഎഎസ് വിവാദം

(3-ാം പേജിൽനിന്നും)

എ. ജയതിലകിനെ കടുത്ത ഭാഷയിൽ വിമർശിച്ച പ്രശാന്ത്, രണ്ടാം ദിനവും വിമർശനം തുടർന്നതാണ് സർക്കാരിനെ ചൊടിപ്പിച്ചത്.

മുൻ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയ്ക്കെതിരെ സമൂഹമാധ്യമത്തിൽ മോശമായ പരാമർശം നടത്തിയതും അഡീഷണൽ സെക്രട്ടറിയെ ഭീഷണിപ്പെടുത്തിയെന്ന മുൻ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗത്തിന്റെ വെളിപ്പെടുത്തലും കൂടിയതോടെയാണ് പ്രശാന്തിനെതിരെ നടപടി ശിപാർശ ചെയ്തത്. തുടർന്നാണ് ചീഫ് സെക്രട്ടറി സ്വമേധയാ റിപ്പോർട്ട് നൽകിയത്.

മത അടിസ്ഥാനത്തിൽ വാട്സ് ആപ്പ് ഗ്രൂപ്പ് രൂപീകരിച്ച വ്യവസായ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണന്റെ നടപടി സിവിൽ സർവീസിന് തന്നെ അവമതിപ്പ് ഉണ്ടാക്കിയെന്നാണു ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നത്. ഇതു സംബന്ധിച്ച് ഗോപാലകൃഷ്ണൻ നേരിട്ടെത്തി നൽകിയ വിശദീകരണം തൃപ്തികരമല്ല.

ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പോലീസിന്റെ കണ്ടെത്തലുകൾക്കുശേഷവും ചീഫ് സെക്രട്ടറിക്കു വിശദീകരണം നൽകാനെത്തിയ ഗോപാലകൃഷ്ണൻ വീണ്ടും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതായും ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു. തന്റെ ഫോൺ ഹാക്ക് ചെയ്താണ് മത അടിസ്ഥാനത്തിലുള്ള വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചതെന്നായിരുന്നു ഗോപാലകൃഷ്ണന്റെ പരാതി. അന്വേഷണത്തിൽ ഗോപാലകൃഷ്ണന്റ ഫോൺ ഹാക്ക് ചെയ്യപ്പെട്ടില്ലെന്നു കണ്ടെത്തി.

സർക്കാരിന് അവമതിപ്പ് ഉണ്ടാക്കിയ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രിക്കാണു കഴിയുക. സസ്പെൻഡ് ചെയ്യുക, താക്കീത് ചെയ്യുക, വിളിച്ചു വരുത്തി ശാസിക്കുക, സ്ഥാനക്കയറ്റവും ഗ്രേഡും തടഞ്ഞു വെക്കുക തുടങ്ങിയ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ മുഖ്യമന്ത്രിക്കു കഴിയും.

## തിരികെ ലഭിക്കും

(22-ാം പേജിൽനിന്നും)

അതുപോലെയാണ് നിർവ്യാജ സ്നേഹനത്തിന് ഉത്തമ മാതൃകയല്ലേ മൺമറഞ്ഞ ഉമ്മൻ ചാണ്ടിസാർ. തന്നെക്കുറിച്ച് എന്തെല്ലാം ആരോപണങ്ങളാണ് കേൾക്കേണ്ടിവന്നത്? നീതിമാനായ അദ്ദേഹം അതിലൊന്നിനും പ്രതികരിച്ചില്ല. എല്ലാം ക്ഷമയോടെ സഹിച്ചു ജീവിതം തുടർന്നു. അതാണ് ഉത്തമ മാതൃക. അതുകൊണ്ടാണല്ലോ അദ്ദേഹം ധൈര്യപൂർവം പ്രഖ്യാപിച്ചത് നിർവ്യാജ സ്നേഹം നല്കിയാൽ സമുദ്രംപോലെ സ്നേഹം ലഭിക്കുമെന്ന്. അതിനാൽ നമുക്കും തമ്മിൽ തമ്മിൽ സ്നേഹിക്കാം. ശത്രുക്കളെ സ്നേഹിക്കാം. നമ്മെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാം. നന്മയാൽ തിന്മയെ ജയിക്കാം. യേശുക്രിസ്തു നല്കിയ തങ്കപ്രമാണം നമ്മുടെ ജീവിതത്തിലും പ്രായോഗികമാക്കാം. "മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കുവേണ്ടി ചെയ്യുവിൻ. ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നെ."

## ബൈബിൾ വ്യാഖ്യാന ഓൺലൈൻ

(23-ാം പേജിൽനിന്നും)

**ബൈബിൾ ഇന്റർപ്രട്ടേഷൻ എഐ പ്രദാനം ചെയ്യുന്ന പ്രധാന പ്രയോജനങ്ങൾ.** 1. വേഗത്തിൽ ലഭ്യമായ ഉത്തരങ്ങൾ: എഐയുടെ സഹായത്തോടെ ജീവിത ചോദ്യങ്ങൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ മറുപടി നല്കുന്നു. 2. കത്തോലിക്കാ ഉപദേശങ്ങൾ സ്വീകരിച്ച് പഠനം. കത്തോലിക്കാ ആശയങ്ങളെ പൂർണ്ണമായി പിന്തുടർന്ന്, വിശുദ്ധ ഗ്രന്ഥത്തെ കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കാൻ ഈ ഓൺലൈൻ സഹായിക്കുന്നു. 3. ഇന്ററാക്ടീവ് പഠനം: പാഠങ്ങൾ വ്യക്തിഗത പ്രയോഗത്തിലൂടെ കൈകാര്യം ചെയ്യുകയും കൂടുതൽ പ്രായോഗികമാക്കുകയും ചെയ്യുന്നു. 4. സമയലാഭം: പ്രഭാഷകർ, ഉപദേശകർ, മതാദ്ധ്യാപകർ, വൈദികർ എന്നിവർക്ക് സമയലാഭത്തോടെ എളുപ്പത്തിൽ തങ്ങളുടെ സേവനത്തിന് ഒരുങ്ങാൻ കഴിയും.

ബൈബിൾ ഇന്റർപ്രട്ടേഷൻ എഐ സാധ്യമാക്കുന്നത് ഫാ. അബ്രാഹം മുത്തോലത്ത് ഫൗണ്ടേഷനാണ്. ജീവകാരുണ്യ-അജപാലന ശുശ്രൂഷകൾക്ക് പിന്തുണ നല്കുന്നതിന് ഹൂസ്റ്റൺ ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രാഹം മുത്തോലത്ത് സ്ഥാപിച്ചതാണ് ഈ ഫൗണ്ടേഷൻ. ഫാ. അബ്രാഹം മുത്തോലത്ത്, അദ്ദേഹത്തിന്റെ സഹോദരൻ എം.സി. ജേക്കബ്, ഫാ. ജോഷി വലിയവീട്ടിൽ, ഇടവക ട്രസ്റ്റിമാർ, മറ്റ് കമ്മിറ്റിക്കാർ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലാണ് bibleinterpretation.ai ഉദ്ഘാടനം ചെയ്തത്.

## പാക്കിസ്ഥാനെതിരെ ആഞ്ഞടിച്ച് ഇന്ത്യ

ന്യൂയോർക്ക്: ഐക്യരാഷ്ട്ര സഭയിൽ സമാധാനപാലന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ, പാക്കിസ്ഥാന്റെ നുണപ്രചാരണത്തിനെതിരെ ആഞ്ഞടിച്ച് ഇന്ത്യ. ചർച്ചയിൽ പാക്കിസ്ഥാൻ ജമ്മു കശ്മീരിനെ പരാമർശിച്ചതാണ് ഇന്ത്യയെ ചൊടിപ്പിച്ചത്.

സഭയെ അജൻഡയിൽ നിന്ന് വ്യതിചലിപ്പിക്കാനുള്ള പാക്കിസ്ഥാന്റെ ശ്രമമാണിതെന്ന് രാജ്യസഭാംഗവും ബിജെപി ദേശീയ വക്താവുമായ സുധാംശു ത്രിവേദി പറഞ്ഞു. യുഎൻ പൊതുസഭയിൽ നടന്ന സംവാദത്തിനിടെയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

ജമ്മുകശ്മീർ എന്ന കേന്ദ്രഭരണപ്രദേശം ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന് ത്രുവേദി ഉറപ്പിച്ചു പറഞ്ഞു.

## പുറത്താക്കുന്നു

(3-ാം പേജിൽനിന്നും)

എന്നാൽ, ഏറ്റവുമൊടുവിൽ കഴിഞ്ഞമാസം രണ്ടാംവാരം നടന്ന ചർച്ചകളിലും ഹമാസ് ഹ്രസ്വകാല വെടിനിർത്തൽ പദ്ധതി തള്ളിയതോടെ കടുത്ത നടപടി സ്വീകരിക്കാൻ അമേരിക്ക തീരുമാനിക്കുകയായിരുന്നു. ബന്ദിമോചന നിർദേശം തുടർച്ചയായി തള്ളുന്ന നിലപാടും അമേരിക്കൻ-ഇസ്രേലി പൗരൻ ഹെർഷ ഗൊൾഡ്ബെർഗ് പോളി നടക്കം അഞ്ചു ബന്ദികളെ കഴിഞ്ഞ ഓഗസ്റ്റ് അവസാനം കൊലപ്പെടുത്തിയ നടപടിയും കടുത്ത നടപടിക്ക് അമേരിക്കയെ പ്രേരിപ്പിച്ചു.

അതേസമയം, ഹമാസ് നേതാക്കളെ എപ്പോൾ പുറത്താക്കുമെന്നും എവിടേക്കാണു പോകാൻ നിർദേശിക്കുകയെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങൾ തയാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അറിയിച്ചു. ഖത്തർ പുറത്താക്കുന്നപക്ഷം തുർക്കി, ഇറാൻ, ഒമാൻ, അൾജീരിയ തുടങ്ങിയ ഏതെങ്കിലുമൊരു രാജ്യത്തേക്കായിരിക്കും ഹമാസ് നേതാക്കൾ പോകുകയെന്ന റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്. സിറിയൻ ആഭ്യന്തരയുദ്ധത്തിനു പിന്നാലെ 2012 മുതൽ ഭീകരപ്രസ്ഥാനമായ ഹമാസിന്റെ രാഷ്ട്രീയകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസ് പ്രവർത്തിക്കുന്നത് ഖത്തർ തലസ്ഥാനമായ ദോഹയിലാണ്.

ദോഹയിൽ ഹമാസ് നേതാക്കൾ ആഡംബരജീവിതം നയിക്കുകയാണെന്നും ഓരോ മാസവും ഗാസയിലെ പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനായി ഖത്തർ നൽകുന്ന വൻ തുക ജനങ്ങൾക്കായി ഉപയോഗിക്കാതെ ഹമാസ് നേതാക്കൾ ദുരുപയോഗിക്കുകയാണെന്നുമുള്ള റിപ്പോർട്ടുകൾ നേരത്തെ പുറത്തുവന്നിരുന്നു.

അതേസമയം, രാജ്യത്തുനിന്ന് പുറത്താക്കാൻ ഖത്തർ ഭരണകൂടം തീരുമാനിച്ചതായുള്ള വാർത്തകൾ അടിസ്ഥാനരഹിതവും സമ്മർദതന്ത്രവുമാണെന്ന് മുതിർന്ന ഹമാസ് നേതാവ് പറഞ്ഞു.

## സീപ്ലെയ്ൻ

(3-ാം പേജിൽനിന്നും)

കനേഡിയൻ പൗരന്മാരായ ക്യാപ്റ്റൻ ഡാനിയൽ മോണ്ട്ഗോമറി, ക്യാപ്റ്റൻ റോഡ്ജർ ബ്രിൻഡ്ജർ എന്നിവരാണു കൊച്ചിയിലെത്തിയ വിമാനത്തിന്റെ പൈലറ്റുമാർ. യോഗേഷ് ഗാർഗ്, സന്ദീപ് ദാസ്, സയ്യിദ് കമ്രാൻ ഹുസൈൻ, മോഹൻ സിങ് എന്നിവരാണു ക്രൂ അംഗങ്ങൾ. സ്വിറ്റ്സർലൻഡിൽനിന്നുള്ള സ്വകാര്യ കമ്പനിയും സ്പൈസ്ജെറ്റും ചേർന്നാണു 'ഡിഹാവിലാൻഡ്' കാനഡയുടെ സർവീസ് കാര്യങ്ങൾ നിയന്ത്രിക്കുന്നത്. ആന്ധ്രപ്രദേശ്, കർണാടക സംസ്ഥാനങ്ങളിലെ പരീക്ഷണ സർവീസിനു ശേഷമാണു വിമാനം കേരളത്തിലെത്തിയത്.

വേലിയേറ്റസമയത്തെയും വേലിയിറക്ക സമയത്തെയും വെള്ളത്തിന്റെ ഒഴുക്ക്, മറീനയുടെ ആഴം, മറ്റു തടസങ്ങൾ തുടങ്ങിയവ പരിശോധിച്ചു. സുരക്ഷ ഉറപ്പുവരുത്തിയ ശേഷമാണ് വിമാനം ലാൻഡ് ചെയ്തത്. വിമാനത്തിന്റെ നിയന്ത്രണം വിദേശ ക്രൂവായിരിക്കും. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അടക്കം എല്ലാ അനുമതിയും പരീക്ഷണപ്പറക്കലിനു ലഭിച്ചിരുന്നു. പദ്ധതി കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ വിപ്ലവം സൃഷ്ടിക്കുമെന്നും ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും ഏവിയേഷൻ സെക്രട്ടറി ബിജു പ്രഭാകർ പറഞ്ഞു. കൊച്ചി കായലിൽ പറന്നിറങ്ങിയ വൈമാനികർക്ക് കേരള സർക്കാർ സ്വീകരണം നൽകിയിരുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS


3425 CLEVELAND ST, SKOKIE, ILLINOIS 60076


630 728 7956 FAX : 773 304 1917

Subscription fee non-refundable


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

# Grace CONVENTION CENTER
Punnamoodu, Mavelikara



**DESTINATION Wedding Package in KERALA**

**Rate : $ 25,000 /- (Dollars Only)**

(This package Includes 500 pax - guest)

| SERVICES | EVENTS |
| --- | --- |
| PHOTOGRAPHY | WEDDING PLANNING, |
| STAGE DECORATION | ENGAGEMENT |
| CATERING SERVICE: (Kerala sadhya, Christian Meals, Dum Biriyani, North Indian Food) | FUNERAL SERVICE, |
| FUSION, TALLMAN SECURITY, | BETROTHAL, BAPTISM, |
| PREMIUM CARS, ENTERTAINMENT | BIRTHDAY PARTIES, |
| CHURCH CHOIR, ANCHORING | HOUSE WARMING |
| LED WALL, LIVE STREAMING | BUSINESS CONFERENCE |
| | GET TOGETHER Etc; |

**Celebrate your Dreams With Us...**


IMPERIAL BALLROOM


MAJESTIC BALLROOM



TOLL FREE **1800-572-5667**

FOLLOW US NOW

+91 9188751000 +91 9633949676,+91 8547805929

info@graceconventioncenter.com

www.graceconventioncenter.com

For Location And Feedback
Kindly scan the QR

GRACE CONVENTION CENTER
Celebrate your Dreams with Us


Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**